/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2026 സെപ്റ്റംബർ 1
പുസ്തകം 13 ലക്കം 2



## കാഴ്ചകൾക്കപ്പുറം അനുഭവങ്ങളുടെ കേരളം

മുഖ്യമന്ത്രിയുടെ 100 ദിന സന്ദേശം

അഭിമുഖം
ടൂറിസം മന്ത്രി

കെ എസ് ആർ ടി സി
ബജറ്റ് ടൂറിസം


അറിവിന്റെ
ആധികാരികത
ഇപ്പോൾ
കൂടുതൽ
മിഴിവോടെ
സമകാലിക
ജനപഥം
സമകാലിക ജനപഥം
TOOFAN
ലഹരിക്കെതിരെ
കൊടുങ്കാറ്റായി
കേരളം
സമകാലിക ജനപഥം
ആഴിയും
ആകാശവും
തൊട്ട്
വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ
വരിക്കാരാകാൻ
ജില്ലാ ഇൻഫർമേഷൻ
ഓഫീസുകളിൽ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക്
മണിയോർഡർ അയക്കാം
ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം 1
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2026 സെപ്റ്റംബർ 1 • പുസ്തകം 13 • ലക്കം 2

**എഡിറ്റർ** സബിൻ സമീദ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** പി ശ്യാംകുമാർ **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
**എഡിറ്റർ-ഇൻ-ചാർജ്** എസ് ബീനാമോൾ
**അസിസ്റ്റന്റ് എഡിറ്റർ** വിവേക് വി എസ് **ട്രാൻസ്ലേറ്റർ** ക്രിസ്റ്റി അന്ന തോമസ് **സർക്കുലേഷൻ ഓഫീസർ** എൽ ഹേമന്ത് കുമാർ
**കവർ & ലേ ഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ »

## മാറുന്ന യാത്രാകൗതുകങ്ങളിൽ വളർച്ചയുടെ പുതുവഴി തേടി



പുതിയകാല സാങ്കേതികതയ്ക്കൊപ്പം മാറികൊണ്ടിരിക്കുന്ന ആഗോള വിനോദസഞ്ചാര മാതൃകകൾക്കൊപ്പമോ അതിലേറെ മുന്നിലോ ആണ് കേരളത്തിന്റെ ടൂറിസംമേഖല. പ്രകൃതിയും പൈതൃകവും സംസ്കാരവും മനുഷ്യജീവിതവും സാങ്കേതികവിദ്യയും സമന്വയിക്കുന്ന പുതിയകാല സഞ്ചാരസാധ്യതകളെ ദീർഘവീക്ഷണത്തോടെ മുന്നോട്ടുവയ്ക്കുകയാണ് കേരളം. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മാത്രം ടൂറിസത്തിന്റെ വളർച്ചയെ അളക്കുന്ന പരമ്പരാഗത സമീപനങ്ങളെ മറികടന്ന്, തൊഴിലും നിക്ഷേപവും പ്രാദേശിക വികസനവും സംരംഭകത്വവും അനുഭവസമ്പദ്ഘടനയും ഉൾപ്പെടുന്ന വിശാല മേഖലയായി ടൂറിസത്തെ കാണുകയാണ് കേരള സർക്കാർ.

ഇത്തവണത്തെ സംസ്ഥാന ബജറ്റിൽ ടൂറിസം മേഖലയുടെ വളർച്ചക്കായി ഒട്ടേറെ പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ടൂറിസം രംഗത്തെ വികസനസാധ്യതകൾക്കായി 325.36 കോടിയാണ് വകയിരുത്തിയിട്ടുള്ളത്. ടൂറിസത്തിന് വ്യവസായ പദവി നൽകാനുള്ള സർക്കാർ തീരുമാനത്തെ പരമ്പരാഗത സമീപനങ്ങളിൽ നിന്നുള്ള മാറ്റത്തിന്റെ നാഴികക്കല്ലായി കണക്കാക്കാം. 2026-27 സംസ്ഥാന ബജറ്റിൽ ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ഒട്ടേറെ പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പൈതൃക-സാംസ്കാരിക ടൂറിസം, അടിസ്ഥാനസൗകര്യ വികസനം, ഡെസ്റ്റിനേഷൻ ചലഞ്ച്, ടൂറിസം ഹബ്ബുകൾ, പിൽഗ്രിമേജ് ടൂറിസം, വിവിധ ടൂറിസം സർക്യൂട്ടുകൾ, സ്ത്രീകളുടെയും യുവാക്കളുടെയും പുതിയ സംരംഭ സാധ്യതകൾ തുടങ്ങി ഒട്ടേറെ പദ്ധതികൾക്ക് ഊന്നൽ നൽകിയതും ഈ പുതിയ സമീപനത്തിന്റെ ഭാഗമാണ്.

കേരളത്തിന്റെ വൈവിധ്യം തന്നെയാണ് അതിന്റെ ഏറ്റവും വലിയ ടൂറിസം സാധ്യത. കടലും കായലും മലനിരകളും വനങ്ങളും മാത്രമല്ല, നൂറ്റാണ്ടുകളുടെ ചരിത്രവും പൈതൃകവും വിശ്വാസങ്ങളും കലകളും ഭക്ഷണവും ഗ്രാമീണ ജീവിതവും പ്രാദേശിക അറിവുകളും ചേർന്നതാണ് കേരളത്തിന്റെ ടൂറിസം സമ്പത്ത്. പൈതൃകം, തീർഥാടനം, വെൽനെസ്, ഗ്രാമീണം, സാഹസികം, എന്നീ മേഖലകളിലേക്കുള്ള ടൂറിസം വ്യാപനം യാത്രകളെ പുതിയ അനുഭവമാക്കി മാറ്റാനുള്ള സാധ്യതയാണ് മുന്നോട്ടുവയ്ക്കുന്നത്.

ഉത്തരവാദിത്തടൂറിസത്തിൽ ഊന്നിയ പരിസ്ഥിതിസംരക്ഷണ സമീപനമാണ് കേരളത്തിന്റേത്. പ്രകൃതിയെ സംരക്ഷിച്ചും പ്രാദേശിക സമൂഹത്തെ പങ്കാളികളാക്കിയും പ്രാദേശിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തിയും മുന്നേറുന്ന തരത്തിലാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. രാജ്യത്ത് തന്നെ മികച്ച മാതൃകയായി മാറിയ കേരളത്തിന്റെ ഉത്തരവാദിത്തടൂറിസം പ്രവർത്തനങ്ങൾ സുസ്ഥിരടൂറിസം എന്ന ആശയത്തെയും ശക്തമാക്കുന്നു.

ഈ മാസം 27 ന് ലോകം ടൂറിസം ദിനം ആഘോഷിക്കുകയാണ്. 'നിർമ്മിതബുദ്ധിയും ഡിജിറ്റൽ സാങ്കേതികതയും ടൂറിസം രംഗത്തെ പുനർനിർമ്മിക്കുമ്പോൾ' എന്ന ആശയമാണ് ഐക്യരാഷ്ട്ര സംഘടന മുന്നോട്ട് വച്ചിട്ടുള്ളത്. നിർമ്മിതബുദ്ധി യാത്രാ ആസൂത്രണത്തെയും വിപണനത്തെയും അനുഭവങ്ങളെയും മാറ്റിമറിക്കുമ്പോൾ സ്മാർട്ട് ഡെസ്റ്റിനേഷനുകൾ എന്ന ആശയം യാഥാർഥ്യമാകുന്നു. ഉത്തരവാദിത്തവും സുസ്ഥിരതയും ഉൾക്കൊള്ളലും സാങ്കേതികവിദ്യയും അനുഭവവും ഒരുമിക്കുന്നിടത്താണ് പുതിയ ടൂറിസം സാധ്യതകൾ. മനുഷ്യരെയും പ്രകൃതിയെയും സംസ്കാരത്തെയും സമ്പദ്ഘടനയെയും ഒരേ യാത്രയിൽ കൂട്ടിച്ചേർക്കുന്ന വികസനത്തിന്റെ പ്രധാന മുഖമായി കേരള ടൂറിസം മാറുകയാണ്.

ഈ ലക്കം സമകാലിക ജനപഥം കേരള ടൂറിസത്തിന്റെ ഈ മാറുന്ന മുഖങ്ങളിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ 100 ദിന സന്ദേശം, സപ്ലൈകോയുടെ ചരിത്രവിൽപനാനേട്ടം, വനം രക്തസാക്ഷികൾക്കുള്ള ആദരം തുടങ്ങിയവ ഈ ലക്കം ജനപഥത്തിൽ വായിക്കാം.

**സബിൻ സമീദ് ഐ എ എസ്**
എഡിറ്റർ

2026 SEPTEMBER 1 VOLUME 13 ISSUE 2 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ് - 1, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/




5 സഹാനുഭൂതി, സദ്ഭരണം;
ലക്ഷ്യം പുതുയുഗ കേരളം
വി ഡി സതീശൻ

8 കാഴ്ചയ്ക്കപ്പുറം അനുഭവങ്ങളുടെ
പുതുലോകമൊരുക്കി കേരളം
പി സി വിഷ്ണുനാഥ് /
ബീനാമോൾ എസ്

13 കളറാകും ടൂറിസം;
വരുന്നു വേറിട്ട പദ്ധതികൾ

15 ഉത്തരവാദിത്ത ടൂറിസവും
സ്ത്രീശാക്തീകരണവും
രൂപേഷ് കുമാർ കെ

18 ഹോംസ്റ്റേ തുടങ്ങാം;
ടൂറിസം സംരംഭകരാവാം

20 പ്രകൃതിക്കൊപ്പം
ഹരിതസഞ്ചാരം
സന്തോഷ് കുമാർ സി

23 അൽഗോരിതങ്ങളിൽ
മാറുന്ന ടൂറിസം സമവാക്യങ്ങൾ
ഡോ. പ്രേംശങ്കർ സി

25 ആനവണ്ടിയിലെ
വിനോദയാത്രകൾ
നിസാർ മുഹമ്മദ്

28 വ്യവസായച്ചിറകിലേറി
ടൂറിസം

32 അണക്കെട്ടുകളിലെ
വിസ്മയക്കാഴ്ചകൾ
കെ. ഗോപാലകൃഷ്ണൻ ഐ എ എസ്

35 സുരക്ഷിതമായ സാഹസികത
ബിനു കുര്യാക്കോസ്

38 വിനോദസഞ്ചാരത്തിന്റെ
പൈതൃക ഭൂമിക
ഷൈൻ കെ എസ്

42 മാറുന്ന തൊഴിൽ സാധ്യതകളും
അവസരങ്ങളും
ഡോ. ബി. രാജേന്ദ്രൻ

45 പ്രൊഫഷണൽ ടൂർ ഗൈഡ്
സഞ്ചാരത്തിന്റെ അക്കാദമിക മുഖം
അജയ് കുമാർ കെ എസ്
ശ്രീദേവി നാരായണൻ

48 ഓണവിപണിയിൽ
റെക്കോർഡിട്ട് സപ്ലൈകോ
അനൂപ് ജേക്കബ്

50 വനഭൂമികയിലെ
രക്തതാരകങ്ങൾ
രാജു കെ ഫ്രാൻസിസ് ഐ എഫ് എസ്


കവർ ഫോട്ടോ: അനീഷ് രവീന്ദ്രൻ



മികച്ച പദ്ധതികളുമായി 100 ദിനം പിന്നിട്ട് വി ഡി സതീശൻ സർക്കാർ. മുഖ്യമന്ത്രിയുടെ 100ദിന സന്ദേശം




# സഹാനുഭൂതി, സദ്ഭരണം; ലക്ഷ്യം പുതുയുഗ കേരളം

സർക്കാർ 100 ദിവസം പിന്നിടുകയാണ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി പാലിക്കാനുള്ളതാണെന്ന ഉത്തമ ബോധ്യം സർക്കാരിനുണ്ട്. അതിന്റെ ഭാഗമായാണ് ആദ്യ മന്ത്രിസഭായോഗത്തിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര തീരുമാനിച്ചതും ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ, ആയമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതും പി.എസ്.സി റാങ്ക് പട്ടികയുടെ കാലാവധി നീട്ടിയതും. വൻകിട വികസനപദ്ധതികളും സ്വപ്നപദ്ധതികളും നടപ്പിലാക്കുന്നതി



നൊപ്പം സമൂഹത്തിന്റെ നാനാതുറകളിലുള്ളവരെയും ചേർത്തുപിടിച്ച് മുന്നോട്ട് പോകുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

സാമൂഹിക ക്ഷേമത്തിനും സമഗ്ര വികസനത്തിനും മുൻഗണന നൽകിക്കൊണ്ടാണ് 'ഇന്ദിരാഗ്യാരണ്ടികൾ' പ്രഖ്യാപിച്ചത്. സ്ത്രീകൾക്കുള്ള സൗജന്യയാത്ര, വയോജന വകുപ്പ് എന്നിവ ഇതിനോടകം നടപ്പിലാക്കുകയും ചെയ്തു. സൗജന്യയാത്ര സ്ത്രീകളോടുള്ള സർക്കാരിന്റെ ആദരവാണ്. മുതിർന്ന പൗരന്മാരോടുള്ള സർക്കാരിന്റെ കരുതലിന്റെ ഭാഗമാണ് വയോജന വകുപ്പ്. ഇത്തരമൊരു പരിഗണന രാജ്യത്ത് ആദ്യമാണ്. ഇതിന് പുറമെയാണ് 100 ദിന കർമ്മപദ്ധതി പ്രഖ്യാപിച്ചത്. കൃഷി, വ്യവസായം, സഹകരണം എന്നിങ്ങനെ 11 മേഖലകളിലായി 43 വകുപ്പുകൾ ചേർന്ന് 597 പദ്ധതികളാണ് 100 ദിവസം കൊണ്ട് നടപ്പിലാക്കുന്നത്. സർക്കാരിന് കൃത്യമായ വീക്ഷണവും ലക്ഷ്യവുമുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമങ്ങളുണ്ട്.

സർക്കാരിന് 100 ദിവസം തികയുമ്പോൾ സംസ്ഥാനം ഓണാഘോഷത്തിന്റെ ലഹരിയിലായിരുന്നു. വിപണിയിൽ കൃത്യമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. സപ്ലൈകോ, കൺസ്യൂമർഫെഡ് ഔട്ട്‌ലെറ്റുകളിൽ 13 സബ്സിഡി സാധനങ്ങളും വില കൂട്ടാതെ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തി. ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവരപ്പരിപ്പ് തുടങ്ങി 10 പ്രമുഖ അവശ്യ സാധനങ്ങൾ കഴിഞ്ഞ ഓണക്കാലത്തെ സബ്സിഡി നിരക്കിനേക്കാൾ കുറഞ്ഞ വിലയിലാണ് വിതരണം ചെയ്യുന്നത്. വെളിച്ചെണ്ണയും വില കുറച്ച് നൽകി. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സബ്സിഡി സാധനങ്ങൾ ഒരുമിച്ച് വാങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. പരാതിക്കിടയില്ലാത്ത വിധം സപ്ലൈകോയിൽ ആവശ്യത്തിന് സ്റ്റോക്ക് ഉറപ്പാക്കി.

## അധികനികുതിയില്ലാതെ ആദ്യ ബജറ്റ്

ചരിത്രത്തിലൊരിക്കലുമില്ലാത്ത ധനപ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോഴും ഒരു രൂപയുടെ പോലും അധികനികുതി ചുമത്താതെയാണ് ആദ്യ ബജറ്റ് അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ പ്രതിസന്ധി നിറഞ്ഞ ധനസ്ഥിതിയിലും ക്ഷേമ പെൻഷൻ വിതരണം ഉൾപ്പെടെയുള്ള സാമൂഹിക ക്ഷേമ പരിപാടികൾ തടസപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഒരു മാസം പോലും ക്ഷേമ പെൻഷൻ മുടങ്ങരുതെന്നതാണ് സർക്കാരിന്റെ നിലപാട്. ഓണം പ്രമാണിച്ച് ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണം നേരത്തെയാക്കി. അധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ ഉത്സവബത്തയും മറ്റ് ആനുകൂല്യങ്ങളും തടസമില്ലാതെ വിതരണം ചെയ്തു. കെ.ടി.ഡി.സി, കെ.എസ്.ആർ.ടി.സി, സഹകരണ മേഖല എന്നിവയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസ്, ഉത്സവബത്ത, സാലറി അഡ്വാൻസ് എന്നിവ ഉറപ്പാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികൾക്കും ചരിത്രത്തിലാദ്യമായി 2,000 രൂപ ഓണം ഉത്സവബത്ത അനുവദിക്കുകയും ഹരിതകർമ്മ സേനാംഗങ്ങളുടെ ഉത്സവബത്ത 1,500 രൂപയായി ഉയർത്തുകയും ചെയ്തു. കുടിശികയായ പ്രവാസി ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനായി 32 കോടി അനുവദിച്ചു.

> **വൻ വികസന പദ്ധതികളും സ്വപ്ന പദ്ധതികളും നടപ്പിലാക്കുന്നതിനൊപ്പം സമൂഹത്തിന്റെ നാനാതുറകളിലുമുള്ളവരെയും ചേർത്തുപിടിച്ച് മുന്നോട്ട് പോകുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം**

സ്കോളർഷിപ്പ് മുടങ്ങി പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ പഠനം തടസപ്പെട്ട അവസ്ഥയ്ക്ക് സർക്കാർ പരിഹാരം കണ്ടു. കുടിശിക തീർക്കാൻ 310 കോടി രൂപ അനുവദിച്ചു. കാരുണ്യ, ആരോഗ്യകിരണം പദ്ധതികളിലെ അടിയന്തര ബാധ്യതകൾ തീർക്കാൻ 200 കോടി രൂപയും, സപ്ലൈകോ വഴി നെല്ല് സംഭരിച്ചതിന്റെ പി.ആർ.എസ് കുടിശിക തീർക്കാൻ 150 കോടി രൂപയും അനുവദിച്ചു. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ 3.68 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1,200

രൂപ വീതം നൽകാൻ 44.24 കോടി രൂപയും അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1,200 രൂപ വീതം നൽകാൻ 85.06 ലക്ഷം രൂപയും കൈമാറി. സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രതിമാസ വേതനം വർധിപ്പിച്ച് അക്കൗണ്ടുകളിലേക്ക് നേരിട്ടെത്തിക്കാൻ 44 കോടി രൂപ അനുവദിച്ചു. പ്രതിദിന വേതനം 650 - 675 രൂപയിൽ നിന്ന് 1,000 രൂപയായി വർധിപ്പിച്ചു. ലോട്ടറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ബോണസിൽ 1,000 രൂപയുടെ വർധന വരുത്തി. എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള 'സ്നേഹസാന്ത്വനം' പദ്ധതിക്കായി 14.40 കോടി രൂപ അനുവദിച്ചു. പട്ടികവർഗ വിഭാഗക്കാർക്ക് ഓണ സമ്മാനമായി 1000 രൂപ വീതം നൽകാൻ 5.28 കോടി രൂപ നീക്കിവെച്ചു. 'ആശ്വാസകിരണം' പദ്ധതി വഴി നൽകുന്ന ധനസഹായം 600 രൂപയിൽ നിന്ന് 1,000 രൂപയായി ഉയർത്തി. മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിന്റെ ഭാഗമായി കുടുംബമൊന്നിന് 2 ലക്ഷം രൂപ വീതം അധിക സഹായം പ്രഖ്യാപിച്ചു. സ്പോർട്സ് കൗൺസിൽ കരാർ ജീവനക്കാരുടെ ശമ്പള കുടിശിക തീർക്കാൻ 1.50 കോടി രൂപയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവബത്തയ്ക്കും ഓണക്കിറ്റിനുമായി 20.87 ലക്ഷം രൂപയും നൽകി. പ്രവാസി മലയാളികളുടെ സുരക്ഷയ്ക്കായി 5 ലക്ഷം മുതൽ 1 കോടി രൂപ വരെ ചികിത്സാപരിരക്ഷ നൽകുന്ന 'നോർക്ക കെയർ പ്ലസ്' പദ്ധതിയുടെ രണ്ടാം ഘട്ടവും ആവിഷ്കരിച്ചു.

## ലഹരിയുടെ വേരറുക്കാൻ ഓപ്പറേഷൻ തൂഫാൻ

സിന്തറ്റിക് ലഹരിയുടെ ഹബ്ബായി മാറിയ കേരളത്തെ ലഹരിമുക്തമാക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് ആഭ്യന്തരവകുപ്പ് 'ഓപ്പറേഷൻ തൂഫാൻ' ആരംഭിച്ചത്. ലഹരി മാഫിയയുമായി ബന്ധപ്പെട്ട പതിനായിരത്തിലധികം പേരെ ഇതിനകം അറസ്റ്റ് ചെയ്തു. ലഹരിക്കെതിരെ കായിക മേഖലയിലേക്ക് കുട്ടികളെ വഴിതിരിച്ച് വിടുകയെന്നത് ഫലപ്രദമായ മാർഗമാണ്. ഇതുകൂടി കണക്കിലെടുത്ത് കായികരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ 'ഓപ്പറേഷൻ കളരി' എന്ന പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് 'ഓപ്പറേഷൻ തണ്ടർ' ഫലപ്രദമായി നടപ്പാക്കുന്നു. ലഹരി മാഫിയയുടെ അടിവേര് അറുക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

കേരളത്തെ അന്താരാഷ്ട്ര തലത്തിലുള്ള തുറമുഖ നഗരമാക്കി മാറ്റാനുള്ള സ്വപ്നപദ്ധതിയാണ് 'മിഷൻ സമുദ്ര'. തീരദേശത്തെ ആഗോള മാനുഫാക്ചറിങ് ഹബ്ബാക്കി മാറ്റുന്ന 400 കോടിയുടെ പദ്ധതിയാണിത്. ചരക്ക് നീക്കം പൂർണ്ണതോതിൽ ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ മിഷൻ സമുദ്രയ്ക്ക് കരുത്തേകും. വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് സമ്പൂർണ്ണ എക്സിം പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ വിദേശ വിപണികളിലേക്ക് നേരിട്ട് ചരക്കുകൾ അയയ്ക്കാനും യാത്രാസമയവും ചെലവും കുറയ്ക്കാനും വഴിതുറന്നു.

ഇൻകെൽ മുഖേന വിഴിഞ്ഞത്ത് 100 ഏക്കറിൽ ലോജിസ്റ്റിക്സ് ഇക്കോസിസ്റ്റവും, പാലക്കാട് ലോജിസ്റ്റിക്സ് ഹബ്ബും, അങ്കമാലിയിൽ 28 കോടി ചെലവിൽ ഐ.ടി പാർക്കും, റിയൽ എസ്റ്റേറ്റ് വികസനത്തിനായി 5,500 കോടിയുടെ വളർച്ചാ ഫണ്ടും ആവിഷ്കരിച്ചിട്ടുണ്ട്. കിൻഫ്ര, ഇൻകെൽ മുഖേന വ്യവസായ-ഐ.




ടി വികസന പ്രവർത്തനങ്ങൾക്കായി വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും സമീപ പ്രദേശങ്ങളിൽ പുതുയുഗവ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഫിഷറീസ് എക്സ്പോർട്ടും ലോജിസ്റ്റിക്സ് പാർക്കുകളും സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. വിവര സാങ്കേതിക വകുപ്പിനെ 'ഐ ടി, എഐ & ഫ്യൂച്ചർ ടെക്നോളജീസ്' എന്ന് പുനർനാമകരണം ചെയ്യുകയും കേരള സ്റ്റേറ്റ് ഐ.ടി മിഷനെ ഡിജിറ്റൽ ടെക്നോളജി മിഷനായി മാറ്റുകയും ചെയ്യും.

## നിക്ഷേപം ആകർഷിക്കാൻ പദ്ധതികൾ

നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് 'ഇൻവെസ്റ്റ് കേരള സെൽ, എ.ഐ ഡാറ്റാ സെന്ററുകൾ, പുതിയ വിദേശ നിക്ഷേപ നയങ്ങൾ, സെമികണ്ടക്ടർ മേഖലയ്ക്കായി 'SEMICON Kerala' എന്നിവയ്ക്ക് രൂപം നൽകും. ആദ്യ ഘട്ടത്തിൽ 2,145 കോടിയുടെ നിക്ഷേപങ്ങളും 31,000-ത്തിലധികം തൊഴിലവസരങ്ങളുമാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്നത്. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കെ.എഫ്.സിയുടെ പൂർണ പിന്തുണയോടെ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ വായ്പാ പരിധി 5 കോടി രൂപയായി ഉയർത്തി.

സമഗ്രവികസനവും സാമൂഹികക്ഷേമവും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുക എന്നതാണ് സർക്കാരിന്റെ സമീപനം. ഒരു പ്രളയത്തെ നമ്മൾ അതിജീവിച്ചതേയുള്ളൂ. പ്രളയ പ്രതിരോധത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തും. കേരള ഫ്ലഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ് നടപ്പാക്കാൻ റൂർക്കി ഐ.ഐ.ടിയുമായുള്ള ആദ്യഘട്ട ചർച്ച കഴിഞ്ഞു.

പ്രതിസന്ധികൾക്കിടയിലും ജനജീവിതത്തിന് ആശ്വാസം നൽകുകയും പുതിയ നിക്ഷേപങ്ങളും അതിലൂടെ തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. യുവതയാണ് രാജ്യത്തിന്റെ ശക്തി. അവരെ സ്വന്തം മണ്ണിൽ വേരുറപ്പിച്ച് നിർത്തുന്നതിനുള്ള കർമ്മപദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിക്കുന്നത്. 100 ദിവസം ഒരു ചെറിയ കാലയളവാണ്. പക്ഷെ, സഹാനുഭൂതിയും സദ്ഭരണവും എന്ന ലക്ഷ്യത്തിലേക്ക് അഭിമാനപൂർവം കടക്കാൻ കഴിഞ്ഞുവെന്ന് തികഞ്ഞ ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. ■



# കാഴ്ചക്കപ്പുറം അനുഭവങ്ങളുടെ പുതുലോകമൊരുക്കി കേരളം

ലോകമെമ്പാടും ടൂറിസം സങ്കൽപങ്ങൾ മാറികൊണ്ടിരിക്കുകയാണ്. കാഴ്ചക്കപ്പുറത്തെ അനുഭവങ്ങളിലേക്കാണ് ലോകം സഞ്ചാരികളെ നയിക്കുന്നത്. ടൂറിസത്തെ വെറുമൊരു സേവനമേഖലയായി കാണാതെ നിക്ഷേപത്തിന്റെയും തൊഴിലിന്റെയും സംരംഭകത്വത്തിന്റെയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെയും പ്രധാന ചാലകശക്തിയായി പരിഗണിക്കുന്ന സമീപനവും ആഗോളതലത്തിൽ ശക്തമാണ്.

നിർമ്മിതബുദ്ധിയും ഡിജിറ്റൽ സാങ്കേതികവിദ്യയും എല്ലാ രംഗങ്ങളെയും പുനർനിർമ്മിക്കുന്ന പുതിയ കാലത്ത് ആഗോള ടൂറിസം രംഗവും ഇത്തരം മാറ്റങ്ങളെ ഉൾക്കൊള്ളാനും സാധ്യതകൾ ഉപയോഗപ്പെടുത്താനുമുള്ള ശ്രമത്തിലാണ്. ഇതിന്റെ ഭാഗമായാണ് ഈ വർഷത്തെ അന്താരാഷ്ട്ര ടൂറിസം ദിന സന്ദേശമായി എ.ഐ.യും ഡിജിറ്റൽ സാങ്കേതികവിദ്യയും ടൂറിസത്തെ പുനർരൂപകൽപന ചെയ്യുമ്പോൾ (Digital Agenda and Artificial Intelligence to Redesign Tourism) എന്ന വിഷയം ഐക്യരാഷ്ട്രസഭ തിരഞ്ഞെടുത്തിട്ടുള്ളത്.

ഈ പശ്ചാത്തലത്തിലാണ് പുതിയ നയങ്ങളും പദ്ധതികളും പ്രഖ്യാപനങ്ങളുമായി ടൂറിസം മേഖലയുടെ അടുത്ത ഘട്ടത്തെ അടയാളപ്പെടുത്താൻ കേരളവും തയ്യാറെടുക്കുന്നത്.

പ്രകൃതിദൃശ്യങ്ങളെയും പരമ്പരാഗത ടൂറിസം കേന്ദ്രങ്ങളെയും മാത്രം ആശ്രയിച്ചിരുന്ന കാലത്തിൽനിന്ന് കൂടുതൽ വൈവിധ്യമാർന്ന അനുഭവങ്ങളും പുതിയ വിപണികളും സാങ്കേതികവിദ്യയും പ്രാദേശിക പങ്കാളിത്തവും ഉൾച്ചേർന്ന പുതിയകാല ടൂറിസം സാധ്യതകളിലേക്ക് നമ്മളും ചുവടുവച്ചു കഴിഞ്ഞു. ഈ വർഷത്തെ ബജറ്റിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള പരാമർശനങ്ങളും നിർദേശങ്ങളും വകയിരുത്തലുകളും അതിന് ഉദാഹണമാണ്.

ടൂറിസത്തിന് വ്യവസായ പദവി, പുതിയ ടൂറിസം സർക്യൂട്ടുകൾ, ഹെറിറ്റേജ് -കൾച്ചറൽ ടൂറിസം, വെൽനെസ് മെഡിക്കൽ ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം, വർഷം മുഴവൻ സഞ്ചാരസാധ്യതകൾ എന്നിവയിലൂടെ ടൂറിസത്തിന്റെ സാധ്യതകൾ കൂടുതൽ വിപുലപ്പെടുത്തുകയാണ് സർക്കാർ.

പുതിയ നയങ്ങൾ, പദ്ധതികൾ, കാഴ്ചപ്പാടുകൾ, ടൂറിസം മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ, കേരളം ലക്ഷ്യമിടുന്ന പുതിയ സാധ്യതകൾ, പ്രതീക്ഷകൾ എന്നിവ ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് സമകാലിക ജനപഥം വായനക്കാരുമായി പങ്ക് വെയ്ക്കുന്നു.





**കേരളടൂറിസം ഇന്ന് വലിയൊരു മാറ്റത്തിന്റെ ഘട്ടത്തിലാണ്. ഈ പുതിയ ഘട്ടത്തെ അങ്ങ് എങ്ങനെ കാണുന്നു**

കേരള ടൂറിസം ഇന്ന് 'See Keralam'എന്നതിൽ നിന്ന് 'Experience Keralam എന്നതിലേക്ക് മാറുകയാണ്. ഇതുവരെ "കേരളത്തിൽ എന്തൊക്കെയുണ്ട്?" എന്ന ചോദ്യത്തിനാണ് നമ്മൾ ഉത്തരം നൽകിയതെങ്കിൽ, ഇനി "കേരളത്തിൽ എന്തൊക്കെ അനുഭവിക്കാം?" എന്ന ചോദ്യത്തിന് ഉത്തരം നൽകണം. പ്രകൃതി മാത്രമല്ല, കേരളത്തിന്റെ സംസ്കാരം, ഭക്ഷണം, കലകൾ, ചരിത്രം, ആയുർവേദം, ആത്മീയത, ഗ്രാമജീവിതം, സാഹസിക അനുഭവങ്ങൾ, പാരമ്പര്യ തൊഴിൽ, ഉത്സവങ്ങൾ എന്നിവയെല്ലാം ടൂറിസം അനുഭവങ്ങളാക്കണം. ടൂറിസത്തെ കേവലം സഞ്ചാരികളുടെ എണ്ണത്തിൽ അളക്കുന്ന സമീപനത്തിൽ നിന്ന് മാറി, കൂടുതൽ തൊഴിലും നിക്ഷേപവും പ്രാദേശിക വരുമാനവും സംരംഭങ്ങളും സൃഷ്ടിക്കുന്ന ഒരു സമ്പദ് വ്യവസ്ഥയായി കാണണം. കൂടുതൽ സഞ്ചാരികൾ എന്ന തിലുപരി കൂടുതൽ ദിവസം താമസിക്കുന്ന, കൂടുതൽ ചെലവഴിക്കുന്ന, വീണ്ടും വരാൻ ആഗ്രഹിക്കുന്ന സഞ്ചാരികളെയാണ് നാം ലക്ഷ്യമിടുന്നത്.

**ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രധാന മാറ്റങ്ങൾ എന്തൊക്കെയായിരിക്കും?**

ടൂറിസത്തെ വ്യവസായമായി കാണുന്നത് ഒരു പ്രഖ്യാപനം മാത്രമല്ല. ടൂറിസത്തെ സമീപിക്കുന്നതിലെ നയപരമായ മാറ്റമാണ്. ടൂറിസത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന ഒരാളെ സംബന്ധിച്ച് ഇനി മുതൽ അത് ഒരു സാധാരണ സേവനമേഖലയിലെ നിക്ഷേപമായിരിക്കില്ല, വലിയ തൊഴിൽസാധ്യതയും സാമ്പത്തിക ചലനശേഷിയും
സൃഷ്ടിക്കുന്ന വ്യവസായനിക്ഷേപമാണെന്ന ബോധ്യം സൃഷ്ടിക്കലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കാനും പുതിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, അനുഭവാധിഷ്ഠിത ടൂറിസം സംരംഭങ്ങൾ, വിനോദ-വിനോദസഞ്ചാരഅടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ വികസിപ്പിക്കാനും ഇത് സഹായകരമാകും. വലിയ നിക്ഷേപങ്ങൾ മാത്രമല്ല. ഒരു ഗ്രാമത്തിൽ ഒരു കുടുംബം നടത്തുന്ന ഹോംസ്റ്റേയും, ഒരു സ്ത്രീ നടത്തുന്ന ഭക്ഷണ ശാലയും, ഒരു യുവാവ് ആരംഭിക്കുന്ന ടൂർ സംഘാടകത്വ സംരംഭവും ടൂറിസം വ്യവസായത്തിന്റെ ഭാഗമാവും. വിവിധ അനുമതികൾക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് കിട്ടുമെന്നത് സംരംഭകർക്ക് ഏറെ ആശ്വാസകരമാകും.

**കണക്ടിവിറ്റി, ഹോസ്പിറ്റാലിറ്റി മേഖലകളിൽ സർക്കാർ പുതിയ ഇടപെടലുകൾ ആലോചിക്കുന്നുണ്ടോ?**

ടൂറിസത്തിന്റെ അടുത്ത ഘട്ടത്തിൽ കണക്ടിവിറ്റി നിർണ്ണായകമാണ്. കേരളത്തിലെത്താനും വിവിധ ഡെസ്റ്റിനേഷനുകളിലേക്ക് സഞ്ചരിക്കാനും സമയം നഷ്ടപ്പെടാത്ത സീംലെസ് കണക്ടിവിറ്റി വേണം. ടൂറിസം വകുപ്പിന്റെ



കടലുണ്ടി പക്ഷിസങ്കേതം, കോഴിക്കോട്

പദ്ധതികളെ ഗതാഗത വികസനത്തിൽ നിന്ന് വേർതിരിച്ച് കാണാൻ കഴിയില്ല. വിമാനത്താവളം, റെയിൽ, റോഡ്, ജലഗതാഗതം എന്നിവയെ പരസ്പരം ബന്ധിപ്പിച്ചുള്ള ഇന്റഗ്രേറ്റഡ് ടൂറിസം കണക്ടിവിറ്റിയാണ് നമുക്ക് ആവശ്യം. ഹോസ്പിറ്റാലിറ്റിയിലും അതേ മാറ്റം വേണം. ലോകനിലവാരത്തിലുള്ള വലിയ ഹോട്ടലുകൾക്കൊപ്പം ഹോംസ്റ്റേ, സർവീസ്ഡ് വില്ല, ബൂട്ടിക്ക് അക്കമഡേഷൻ, കാരവൻ, ഫാംസ്റ്റേ തുടങ്ങിയ വൈവിധ്യമാർന്ന താമസ സൗകര്യങ്ങൾക്കും പ്രാധാന്യം നൽകും.

## ആഭ്യന്തര ടൂറിസത്തിലെ വളർച്ച എങ്ങനെ കൂടുതൽ പ്രയോജനപ്പെടുത്താം

ആഭ്യന്തര ടൂറിസം കേരളത്തിന് വലിയൊരു അവസരമാണ് തുറന്നിട്ടന്നത്. കേരളത്തിലെ ഹോട്ടൽ, റസ്റ്റോറന്റ്, ഗതാഗതം, ഷോപ്പിങ്, കലാകാരന്മാർ, കർഷകർ, ചെറുകിട സംരംഭകർ തുടങ്ങി സമ്പദ്‌വ്യവസ്ഥയുടെ പല മേഖലകളിലേക്കും ഇതിലൂടെ പണം എത്തുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ആഭ്യന്തര സഞ്ചാരികളെ ഇനി വീക്കെൻഡ് ട്രാവലർ, ഫാമിലി ട്രാവലർ, സ്റ്റുഡന്റ് ട്രാവലർ, സീനിയർ ട്രാവലർ, സ്പിരിച്വൽ ട്രാവലർ, വെൽനെസ് ട്രാവലർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി മനസ്സിലാക്കി അനുഭവങ്ങൾ രൂപപ്പെടുത്തണം. അതോടൊപ്പം കേരളത്തിലെ ഒരു പ്രദേശത്ത് എത്തുന്ന സഞ്ചാരി സമീപപ്രദേശങ്ങളിലേക്കും പോകുന്നരീതിയിൽ ഡെസ്റ്റിനേഷൻ ക്ലസ്റ്ററുകളും തീമാറ്റിക് സർക്യൂട്ടുകളും വികസിപ്പിക്കണം. അങ്ങനെ സഞ്ചാരികളുടെ എണ്ണം മാത്രമല്ല, അവരുടെ സ്റ്റേ, സ്പെൻഡ് ആൻഡ് സ്പ്രെഡ് (താമസകാലവും ചെലവും സഞ്ചരിക്കുന്നതിന്റെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും) വർധിപ്പിക്കുകയാണ് ലക്ഷ്യം.

## കടൽ-കായൽ-മലനാട് എന്ന പരമ്പരാഗത ചിത്രത്തിനപ്പുറം പുതിയ ഡെസ്റ്റിനേഷനുകളും അനുഭവങ്ങളും എങ്ങനെ വികസിപ്പിക്കും?

കേരളത്തിലെ ഓരോ പ്രദേശത്തിനും ഒരു ടൂറിസം സ്റ്റോറിയുണ്ട്. ആ കഥ കണ്ടെത്തി അനുഭവമാക്കി മാറ്റുകയാണ് വേണ്ടത്. കൃഷി, പ്രാദേശിക ഭക്ഷണം, പരമ്പരാഗത കല, മത്സ്യബന്ധനം, ഗ്രാമജീവിതം, ഹെറിറ്റേജ്, കാലാവസ്ഥ തുടങ്ങി ഓരോ പ്രദേശത്തിന്റെയും തനിമ പ്രത്യേക ടൂറിസം അനുഭവമാക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിന് ഡെസ്റ്റിനേഷൻ ചലഞ്ച് പോലുള്ള പദ്ധതികൾ നടപ്പിലാക്കും.

## പൈതൃക ടൂറിസത്തിനും തീർഥാടന സർക്യൂട്ടുകൾക്കും എന്തെല്ലാം സാധ്യതകളാണ് കാണുന്നത്?

കേരളത്തിന്റെ ചരിത്രം മ്യൂസിയത്തിൽ മാത്രം കാണേണ്ട ഒന്നല്ല; അനുഭവിക്കേണ്ടതാണ്. മുസിരിസ് മുതൽ തുറമുഖങ്ങൾ വരെ, കൊട്ടാരങ്ങൾ മുതൽ പഴയ പട്ടണങ്ങൾ വരെ, ആരാധനാലയങ്ങൾ മുതൽ പാരമ്പര്യകലാരൂപങ്ങൾ വരെ വലിയൊരു ഹെറിറ്റേജ് ലാൻഡ്സ്കേപ്പ് നമുക്കുണ്ട്. അതു പോലെ തന്നെയാണ് തീർഥാടന ടൂറിസത്തിന്റെ കാര്യവും. ആരാധനാലയ സന്ദർശനത്തിനപ്പുറം അതുമായി ബന്ധപ്പെട്ട ചരിത്രം, സംസ്കാരം, ഭക്ഷണം, പ്രകൃതി, പ്രാദേശികജീവിതം എന്നിവ ഉൾപ്പെടുത്തിയ സർക്യൂട്ടുകൾ വികസിപ്പിക്കേണ്ടതുണ്ട്.. ഇത്തവണത്തെ സംസ്ഥാന ബജറ്റിൽ ഹെറിറ്റേജ്, കൾച്ചറൽ ടൂറിസത്തിനും ടൂറിസം സർക്യൂട്ടുകൾക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

## വെൽനെസ് ആൻഡ് ഹെൽത്ത് ടൂറിസത്തിൽ കേരളത്തിന്റെ പുതിയ സാധ്യതകൾ എന്തൊക്കെയാണ്?

വെൽനെസ് ടൂറിസത്തിൽ മറ്റൊരു സംസ്ഥാനത്തിനും എളുപ്പത്തിൽ പകർത്താനാകാത്ത ഒരു സ്വാഭാവികകരുത്ത് കേരളത്തിനുണ്ട്. ആയുർവേദം, യോഗ, പ്രകൃതി, ഭക്ഷണം, ശാന്തമായ ജീവിതാന്തരീക്ഷം എന്നിവ കേരളത്തിന്റെ വലിയ വെൽനെസ് ശക്തികളാണ്. കേരളം ഇതിനകം തന്നെ വെൽനെസ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്. ഇനി ഈ മേഖലയെ കൂടുതൽ പ്രൊഫഷണലും ഗുണമേന്മയുള്ളതും ആഗോളതലത്തിൽ ലഭ്യമാകുന്ന തരത്തിലും ആക്കുകയാണ് വേണ്ടത്. അതോടൊപ്പം മെഡിക്കൽ ടൂറിസത്തിനും വലിയ സാധ്യതയുണ്ട്. മെഡിക്കൽ ടൂറിസത്തിനൊപ്പം കുടുംബത്തിനും താമസിക്കാനും വിശ്രമിക്കാനും കഴിയുന്ന മെഡിക്കൽ ഫാമിലി ടൂറിസത്തിന്റെ സാധ്യതകളും നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും.

## ഉത്തരവാദിത്ത ടൂറിസത്തെ കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ ആശയങ്ങളാണ് മുന്നിലുള്ളത്?

ഉത്തരവാദിത്ത ടൂറിസം ഒരു പദ്ധതി മാത്രമല്ല; കേരളത്തിന്റെ ടൂറിസം കാഴ്ചപ്പാടാണ്. ടൂറിസത്തിന്റെ നേട്ടം പ്രാദേശിക സമൂഹത്തിലേക്ക് എത്തണം എന്നതാണ് അതിന്റെ അടിസ്ഥാനം. ഒരു ടൂറിസ്റ്റ് ഒരു ഗ്രാമത്തിൽ എത്തുമ്പോൾ അവിടുത്തെ കർഷകനും കലാകാരനും സ്ത്രീ സംരംഭകയും പ്രാദേശിക കുടുംബങ്ങൾക്കും അതിന്റെ ഗുണം ലഭിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. കേരളത്തിന്റെ റെസ്പോൺസിബിൾ ടൂറിസം മിഷൻ ഇതിനകം തന്നെ തദ്ദേശീയ പങ്കാളിത്തം, ഉപജീവനം, സ്ത്രീ ശാക്തീകരണം, എന്നിവയുമായി ടൂറിസത്തെ ബന്ധിപ്പിക്കുന്ന മാതൃക സൃഷ്ടിച്ചിട്ടുണ്ട്. പ്രദേശിക സമ്പദ്‌വ്യവസ്ഥ, സംസ്കാരം, പരിസ്ഥിതി എന്നിവ സംരക്ഷിക്കുന്നതും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉറപ്പാക്കും.

## ഉത്തരവാദിത്ത ടൂറിസത്തിനൊപ്പം സസ്റ്റെയിനബിൾ ടൂറിസത്തിനും വേണ്ടത്ര പ്രാധാന്യമുണ്ടോ?

ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. തീർച്ചയായും പ്രാധാന്യമുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ആസൂത്രണ ഘട്ടത്തിൽ കാരിയിങ് കപ്പാസിറ്റി (ഉൾക്കൊള്ളാവുന്ന ശേഷി), മാലിന്യ സംസ്കരണം, ജലവിഭവപരിപാലനം, ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥാപ്രതിരോധ ശേഷി തുടങ്ങിയ കാര്യങ്ങൾ കൂടുതൽ ഗൗരവത്തോടെ പരിഗണിക്കും. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തന്നെ പാരിസ്ഥിതികമായ ഉത്തരവാദിത്തങ്ങൾ കേരളം മുന്നോട്ട് വച്ചിട്ടുണ്ട്.

## പരിസ്ഥിതി സംരക്ഷണത്തിൽ പ്രത്യേകിച്ച് മലനാട്, തീരപ്രദേശം, കായൽ മേഖലകൾ എന്നിവയുടെ സംരക്ഷണത്തിന് സർക്കാരിന്റെ പുതിയ നയം എന്താണ്?

നമുക്ക് വേണ്ടത് 'പരിസ്ഥിതിയോ ടൂറിസമോ' (എൻവയോൺമെന്റ് വേഴ്സസ് ടൂറിസം) എന്ന സമീപനമല്ല മറിച്ച് എൻവയോൺമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം (ഉത്തരവാദിത്ത ടൂറിസത്തിലൂടെ പരിസ്ഥിതി സംരക്ഷണം) എന്ന സമീപനമാണ്. പ്രകൃതിയെ നശിപ്പിച്ച് ടൂറിസം വികസിപ്പിച്ചാൽ അതിന് ദീർഘകാല നിലനിൽപ്പുണ്ടാകില്ല.. അതുകൊണ്ട് പരിസ്ഥിതി ദുർബല വിനോദസഞ്ചാര കേന്ദ്രങ്ങളിൽ (ഫ്രാജൈൽ ഡെസ്റ്റിനേഷനുകളിൽ) കാരിയിങ് കപ്പാസിറ്റി പഠനങ്ങൾ, പരിസ്ഥിതി സൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ, മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികൾ, ഹരിത പെരുമാറ്റച്ചട്ടങ്ങൾ, ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകും. രൂപകൽപനാനയത്തിലെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാനുള്ള നിർദേശങ്ങളും ടൂറിസം വികസനത്തിൽ ഉൾപ്പെടുത്തണമെന്നാണ് സർക്കാരിന്റെ നിലപാട്.

## വർഷം മുഴുവൻ സഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തിലേക്ക് എങ്ങനെ നീങ്ങും?

ഓരോ സീസണിനും ചേരുന്ന തരത്തിൽ ഓരോ പ്രദേശത്തിനും വ്യത്യസ്ത അനുഭവങ്ങൾ സൃഷ്ടിക്കണം. ഫെസ്റ്റിവലുകൾ, മഴക്കാല- വെൽനെസ്- തീർഥാടന -പൈതൃക, സാഹസിക- ഗ്രാമീണ- സാസ്മാരക ടൂറിസം സാധ്യതകൾ, ഭക്ഷണം, വർക്കേഷൻ എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് അത് സാധ്യമാക്കാം. Kerala is always in season (കേരളത്തിൽ എന്നും സീസൺ)എന്ന ആശയം യാഥാർഥ്യമാക്കുകയാണ് ലക്ഷ്യം. അതിലൂടെ വർഷം മുഴുവൻ സഞ്ചാരികളെ ആകർഷിക്കാൻ നമുക്ക് സാധിക്കും.

## സ്ത്രീകൾക്കിടയിലെ യാത്രാപ്രവണത വർധിക്കുകയാണ്. 'സ്ത്രീസൗഹൃദ വിനോദസഞ്ചാര കേന്ദ്രം' എന്ന നിലയിൽ കേരളം എവിടെയാണ്?

ഒരു സ്ത്രീക്ക് ഒറ്റയ്ക്ക് സുരക്ഷിതമായി ഏത് സമയത്തും ആത്മവിശ്വാസത്തോടെ യാത്ര ചെയ്യാനും താമസിക്കാനും കഴിയുന്ന സ്ഥലമാണ് യഥാർഥത്തിൽ നല്ല ടൂറിസം ഡെസ്റ്റിനേഷൻ. സ്ത്രീസൗഹൃദ ടൂറിസം സ്ത്രീകൾക്കായുള്ള ഒരു ഉൽപന്നം മാത്രമല്ല; ഒരു വിനോദ സഞ്ചാര കേന്ദ്രത്തിന്റെ സുരക്ഷയുടെയും അന്തസ്സിന്റെയും കൂടി മാനദണ്ഡമാണ്. റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി സ്ത്രീകളുടെ പങ്കാളിത്തവും സ്ത്രീ സൗഹൃദ ഡെസ്റ്റിനേഷനുകളും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ സഞ്ചാരികളായും സംരംഭകരായും കൊണ്ടുവരികയാണ് സർക്കാർ ലക്ഷ്യമിട്ടന്നത്

> **ടൂറിസത്തിന്റെ ഭാവി വലിയ ഹോട്ടൽ ശൃംഖലകളിൽ മാത്രമല്ല, യുവാക്കളുടെ ആശയങ്ങളിലും ഇന്നൊവേഷനിലുമാണ് നിലനിൽക്കുന്നത്**

## യുവാക്കളെ ടൂറിസം സംരംഭകരാക്കാൻ എന്തൊക്കെ പദ്ധതികളാണ് മുന്നോട്ട് വെക്കുന്നത്

ടൂറിസത്തിന്റെ ഭാവി വലിയ ഹോട്ടൽ ശൃംഖലകളിൽ മാത്രമല്ല, യുവാക്കളുടെ ആശയങ്ങളിലും ഇന്നൊവേഷനിലുമാണ് നിലനിൽക്കുന്നത്. ടൂറിസം, സാങ്കേതികത, ഡിസൈൻ, സംസ്കാരം, സംരംഭകത്വം എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഇക്കോസിസ്റ്റം വളർത്തണം.

ടൂറിസം മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് വിപണി സാധ്യതകൾ, മാർഗനിർദേശവും വിദഗ്ധ പിന്തുണയും, സംരംഭക ഇൻകുബേഷൻ സൗകര്യങ്ങൾ, നൈപുണ്യ വികസനഅവസരങ്ങൾ, വിനോദസഞ്ചാരകേന്ദ്രാധിഷ്ഠിത സാധ്യതകൾ എന്നിവ ലഭ്യമാക്കുന്ന അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം.

ഇതോടെ സ്വന്തം നാട്ടിലെ ടൂറിസം സാധ്യത കണ്ടെത്തി അത് സംരംഭമാക്കാൻ യുവാക്കൾക്ക് കഴിയുന്ന നിലയിലേക്ക് കാര്യങ്ങൾ മാറും.

## നിർമ്മിതബുദ്ധിയും ഡിജിറ്റൽ സാങ്കേതികവിദ്യയും ടൂറിസത്തെ പുനർരൂപകൽപ്പന ചെയ്യുമ്പോൾ നമ്മൾ അത് എങ്ങനെ പ്രയോജനപ്പെടുത്തും?

നിർമ്മിത ബുദ്ധിയെ സാങ്കേതികവിദ്യ എന്ന നിലയിൽ മാത്രം കാണാതെ ടൂറിസത്തിലെ യഥാർഥപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉപകരണമായി ഉപയോഗിക്കണം. വിവിധ ഭാഷകളിലുള്ള വിവരവിനിമയം, വ്യക്തിഗത യാത്രാപദ്ധതികൾ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ്, സഞ്ചാരികളുടെ ആവശ്യകത പ്രവചിക്കൽ, ഡാറ്റ അനാലിസിസ് എന്നിവയിൽ നിർമ്മിത ബുദ്ധിക്ക് വലിയ സാധ്യതയുണ്ട്.

വേൾഡ് ടൂറിസം ഡേയുടെ ഔദ്യോഗിക പ്രമേയമായ "ഡിജിറ്റൽ അജൻഡ ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടു റീഡിസൈൻ ടൂറിസം" എന്നതിൽ എനിക്ക് എ ഐ എന്ന വാക്കിനേക്കാൾ പ്രധാനമായി തോന്നുന്നത് റീഡിസൈൻ എന്ന വാക്കാണ്. സാങ്കേതികവിദ്യ ഉപയോഗിച്ച് പഴയ ടൂറിസത്തെ വേഗത്തിലാക്കുക മാത്രമല്ല, ടൂറിസം സംവിധാനത്തെ

## അഞ്ച് വർഷം, അഞ്ച് കാര്യങ്ങൾ?

**എവരി ലോക്കൽ ബോഡി, എ ടൂറിസം ഡെസ്റ്റിനേഷൻ**

കേരളത്തിലെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണ്ടെത്തി അതിനെ ടൂറിസം സമ്പദ്‌വ്യവസ്ഥയുമായി ബന്ധിപ്പിക്കണം.

**കേരളം ആസ് എ ഇയർ-റൗണ്ട് എക്സ്പീരിയൻസ് ഡെസ്റ്റിനേഷൻ**

ഏതെങ്കിലും ഒരു സീസണെയും ഒരു ഡെസ്റ്റിനേഷനെയും മാത്രം ആശ്രയിക്കാത്ത ടൂറിസം സംസ്കാരം രൂപപ്പെടണം.

**കേരളം ആസ് എ ഗ്ലോബൽ വെൽനെസ്, മെഡിക്കൽ ആൻഡ് വർക്കേഷൻ ഡെസ്റ്റിനേഷൻ**

ആയുർവേദവും വെൽനെസും മെഡിക്കൽ ടൂറിസവും വർക്കേഷനും പുതിയ ആഗോള വിപണികളുമായി ബന്ധിപ്പിക്കണം.

**റെസ്പോൺസിബിൾ ടൂറിസം 2.0.**

ടൂറിസത്തിന്റെ നേട്ടം പ്രാദേശിക സമൂഹത്തിനും സ്ത്രീകൾക്കും യുവാക്കൾക്കും ലഭിക്കുകയും പ്രകൃതി സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന മാതൃക കൂടുതൽ ശക്തിപ്പെടുത്തണം.

**ഡിജിറ്റൽ കേരളം ടൂറിസം.**

എ.ഐ.യും ഡാറ്റയും ടെക്നോളജിയും ഉപയോഗിച്ച് ഡെസ്റ്റിനേഷൻ പ്ലാനിങ് മുതൽ വിസിറ്റർ എക്സ്പീരിയൻസ് വരെ ടൂറിസത്തിന്റെ മുഴുവൻ ഇക്കോസിസ്റ്റവും നവീകരിക്കണം.

ഇവ അഞ്ചും വേറെ വേറെ കാണേണ്ട പദ്ധതികളല്ല. ഒരേ ലക്ഷ്യത്തിലേക്കുള്ള അഞ്ച് വഴികളാണ്. കൂടുതൽ വരുമാനം, കൂടുതൽ തൊഴിൽ, കൂടുതൽ സംരംഭങ്ങൾ, കൂടുതൽ പ്രാദേശിക പങ്കാളിത്തം, കൂടുതൽ ഉത്തരവാദിത്തമുള്ള ടൂറിസം എന്നതാണ് ആത്യന്തിക ലക്ഷ്യം



താമരശ്ശേരി ചുരം

തന്നെ പുതിയ രീതിയിൽ രൂപകൽപന ചെയ്യുകയാണ് വേണ്ടത്.

### വർക്കേഷൻ, ഡിജിറ്റൽ നോമാഡ് ടൂറിസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ആഗോള വർക്കേഷൻ ഡെസ്റ്റിനേഷൻ എന്ന സാധ്യത എങ്ങനെ കാണുന്നു?

കേരളത്തിന് അതിനാവശ്യമായ നിരവധി സ്വാഭാവിക ഗുണങ്ങളുണ്ട് പ്രകൃതി, കാലാവസ്ഥ, കണക്ടിവിറ്റി, ഇന്റർനെറ്റ് കണക്ടിവിറ്റി, ഹോസ്പിറ്റാലിറ്റി, വെൽനെസ്, ഭക്ഷണം, സംസ്കാരം അങ്ങനെ ഒട്ടേറെ സാധ്യതകൾ നമുക്കുണ്ട്. ഡിജിറ്റൽ നോമാഡ് ഒരു സാധാരണ ടൂറിസ്റ്റ് അല്ല. ലാപ്ടോപ്പും ഇന്റർനെറ്റും ഉപയോഗിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുന്ന് ജോലി ചെയ്യുന്നവരാണ് അവർ. ആഴ്ചകളോ മാസങ്ങളോ വരെ ഒരേ സ്ഥലത്ത് താമസിക്കാം. നോമാഡുകൾക്കായി മികച്ച ഇന്റർനെറ്റ്, തൊഴിൽ സൗഹൃദ താമസസൗകര്യങ്ങൾ, കോ-വർക്കിങ് ഇടങ്ങൾ, ദീർഘകാല താമസ പാക്കേജുകൾ, പ്രദേശികാനുഭവങ്ങൾ, വെൽനെസ് ഫെസിലിറ്റീസ് എന്നിവ ഒരുമിച്ച് നൽകുന്ന ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കണം. വർക്കേഷൻ രീതിയിലുള്ള താമസവും ദീർഘകാല താമസ സൗകര്യങ്ങളും ചില ഡെസ്റ്റിനേഷനുകളിൽ ഇതിനോടകം തന്നെ ലഭ്യമാണ്. അവയെ ക്രിയാത്മകമായി പ്രോത്സാഹിപ്പിക്കും. "കം ടു കേരളം ഫോർ എ ഹോളിഡേ" എന്നതിൽ നിന്ന് മാറി "കം ടു കേരളം ആൻഡ് ലിവ് ഫോർ എ വൈൽ" എന്ന ആശയത്തിലേക്കുള്ള മാറ്റം കൂടിയാണത്.

### കൊച്ചിയിൽ നടന്ന ഇൻഡോ അറബ് കണക്ട് 2026 മുന്നോട്ടുവയ്ക്കുന്ന സാധ്യതകൾ എന്തൊക്കെയാണ്?

കേരളവും അറബ് ലോകവും തമ്മിലുള്ള ബന്ധം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. അതുകൊണ്ട് ഇൻഡോ-അറബ് കണക്ട് 2026 നെ ഒരു ടൂറിസം പരിപാടിയായല്ല കേരളവും യു എ ഇയും, പശ്ചിമേഷ്യൻ വിപണികളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനുള്ള വേദിയായാണ് ഞാൻ കാണുന്നത്. കേരളം മറ്റൊരു വീട് ('കേരളം ആസ് എ സെക്കൻഡ് ഹോം') എന്ന ആശയമാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. ഗൾഫിലുള്ള കുടുംബങ്ങൾ അവധിക്കാലത്ത് വീണ്ടും വീണ്ടും കേരളത്തിലേക്ക് വരുകയും കൂടുതൽ കാലം താമസിക്കുകയും ചെയ്യുന്ന ഒരു ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റണം. അതോടൊപ്പം അറബ് സൗഹൃദ ടൂറിസം, അറബ് കേരള ഭക്ഷണാനുഭവങ്ങൾ, ആയുർവേദ ആൻഡ് വെൽനെസ്, മെഡിക്കൽ ഫാമിലി ടൂറിസം, ഹെറിറ്റേജ് ആൻഡ് മാരിടൈം കണക്ഷൻസ് എന്നിവയിലും വലിയ സാധ്യതകളുണ്ട്. കേരളത്തിലേക്ക് ഗൾഫ് മേഖലയിൽ നിന്ന് വലിയ തോതിലുള്ള നിക്ഷേപം ഉറപ്പാക്കാനുള്ള അനന്ത സാധ്യതകളാണ് അറബ് കണക്ടിലൂടെ സർക്കാർ തുറന്നുവയ്ക്കുന്നത്.

### കേരള ടൂറിസം ഒറ്റവാക്കിൽ ?

"അനുഭവം."

കേരളത്തെ ആർക്കും കാണാം. പക്ഷേ കേരളത്തെ ശരിക്കും മനസ്സിലാക്കണമെങ്കിൽ അത് അനുഭവിക്കണം. കായലിന്റെ സൗന്ദര്യത്തിനപ്പുറം അവിടുത്തെ ജീവിതവും ഒരു കലാരൂപത്തിനപ്പുറം അതിന്റെ സംസ്കാരവും ഭക്ഷണത്തിനപ്പുറം അതിന്റെ കഥയും അറിയണം. അങ്ങനെ 'See Keralam'ത്തിൽ നിന്ന് 'Experience Keralam'ത്തിലേക്കുള്ള മാറ്റമാണ് എന്റെ മനസ്സിലെ കേരള ടൂറിസം. ■



ബജറ്റിലും നൂറ് ദിന കർമ്മ പദ്ധതികളുടെ ഭാഗമായും ഒട്ടേറെ വേറിട്ട പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതോടെ ആഗോള വിനോദ സഞ്ചാരഭൂപടത്തിൽ അനിഷേധ്യ സാന്നിധ്യമായി കേരളം മാറും

# കളറാകും ടൂറിസം; വരുന്നു വേറിട്ട പദ്ധതികൾ

പാതിരാമണൽ, ആലപ്പുഴ

ടൂറിസം രംഗത്ത് വമ്പൻ മാറ്റങ്ങൾക്കൊരുങ്ങുകയാണ് കേരളം. മാറുന്ന ആഗോളസമവാക്യങ്ങൾക്കനുസൃതമായി ഒട്ടേറെ പുതിയ പദ്ധതികളാണ് ബജറ്റിലും നൂറുദിന കർമ്മപദ്ധതികളിലുമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ ശ്രദ്ധേയമാണ് അന്താരാഷ്ട്ര മാരിടൈം മ്യൂസിയം, മുസിരിസ് പൈതൃക പദ്ധതി ഗ്രീൻ മാർഷൽസ്, ബ്രാൻഡ് വയനാട് മുതലായവ. ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതിനും ശുചിത്വം ഉറപ്പു വരുത്തുന്നതിനും സുരക്ഷിതവുമാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ഗ്രീൻ മാർഷൽസ്. ആദ്യഘട്ടത്തിൽ ഫോർട്ട് കൊച്ചി, മൂന്നാർ, കോവളം, ആലപ്പുഴ എന്നിവിടങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുക,സന്ദർശകർക്ക് ആവശ്യമായ മാർഗനിർദേശവും സഹായവും നൽകുക,സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് പിന്തുണ നൽകുക,മാലിന്യ നിർമ്മാർജനവും പ്ലാസ്റ്റിക് ഉപയോഗനിയന്ത്രണവും നിരീക്ഷിക്കുക, ടൂറിസം കേന്ദ്രങ്ങളിലെ പൊതുസൗകര്യങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുക എന്നിവയാണ് ഗ്രീൻ മാർഷൽസിന്റെ പ്രധാന ചുമതലകൾ. ഗ്രീൻ മാർഷൽസായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിനോദസഞ്ചാര വകുപ്പ് പ്രത്യേക പരിശീലനം നൽകും. സർക്കാർ നേരിട്ടോ പി പി പി മാതൃകയിലോ ഏകീകൃത രൂപകൽപനയും ബ്രാൻഡിങ്ങും ഉൾപ്പടെ ആധുനിക ടോയ്‌ലെറ്റുകൾ സ്ഥാപിക്കുകയും ചെയ്യും.

## ടൂറിസം സംരംഭകത്വ പ്രോത്സാഹന പദ്ധതി

ടൂറിസം മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കേരള ടൂറിസം നിക്ഷേപ പ്രോത്സാഹന പാക്കേജ്/ ഇൻസെന്റീവ് നയം പ്രഖ്യാപിക്കും

## ബ്രാൻഡ് വയനാട്

ടൂറിസം, കൃഷി, ആദിവാസി പൈതൃകം, ഉത്തരവാദിത്ത ടൂറിസം എന്നിവ സംയോജിപ്പിച്ച് വയനാടിനെ കേരളത്തിന്റെ പ്രധാന സുസ്ഥിര മലയോര വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിന് ബ്രാൻഡ് വയനാട് പദ്ധതി ആരംഭിക്കും. ഇതിന്റെ ഭാഗമായി ടൂറിസം സർക്യൂട്ടുകളുടെയും പദ്ധതികളുടെയും വികസനം, ടൂറിസം പ്രവർത്തനങ്ങളുടെ വ്യാപനം, തോട്ടം അധിഷ്ഠിത വിനോദസഞ്ചാര വികസനം, ആദിവാസി ജിവിതരീതികൾ അനുഭവിക്കാനുള്ള അവസരം, പുതിയ ടൂറിസം സർക്യൂട്ടുകളുടെ രൂപീകരണം എന്നിവ ഉൾപ്പെടുത്തി 'Why Not Wayanad?' എന്ന ക്യാമ്പയിൻ ആരംഭിക്കും.

## മുസിരിസ് ആഗോള പൈതൃക ടൂറിസം പദ്ധതി

മുസിരിസ് ടൂറിസം പദ്ധതി പ്രദേശങ്ങളിലെ പുരാതന സ്മാരകങ്ങൾ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദ ടൂറിസം വികസിപ്പിക്കുന്നതിനായി മുസിരിസ് പദ്ധതി കൂടുതൽ വിപുലമാക്കി ഹെറിറ്റേജ് ടൂറിസത്തിന്റെ ഇന്ത്യയിലെ ഏറ്റവും പ്രധാന



കേന്ദ്രമാക്കി മാറ്റും. ലൈവ് മ്യൂസിയം, പൈതൃക മ്യൂസിയങ്ങൾ, പരമ്പരാഗത ജലപാതകളിലൂടെയുള്ള ബോട്ടുയാത്ര എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. മാള സിനഗോഗിന്റെ തകർന്ന മേൽക്കൂരയുടെ പുനർനിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും വീണ്ടും തുറന്ന് നൽകും. വിനോദസഞ്ചാരികൾക്ക് സന്ദർശനസൗകര്യം വർധിപ്പിക്കുന്നതിനായി വാട്ടർ ടാക്സികൾ നവീകരിച്ച് പ്രവർത്തനം ആരംഭിക്കും. മുസിരിസ് പൈതൃക കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വാട്ടർ ടൂറിസം സർക്യൂട്ടുകൾ രൂപീകരിച്ച് പറവൂർ കേന്ദ്രീകരിച്ച് ജലാധിഷ്ഠിത ടൂറിസം സർവീസുകൾ ആരംഭിക്കും.

## ലൈഫ് എക്സ്പീരിയൻസ് ട്രയൽസ്

കേരളത്തിലെ ഗ്രാമീണ ജീവിതം, തനത് ഭക്ഷ്യസംസ്കാരം, കരകൗശല പാരമ്പര്യം, കാർഷിക പ്രവർത്തനങ്ങൾ, പ്രകൃതി അധിഷ്ഠിത/ജലാധിഷ്ഠിത അനുഭവങ്ങൾ, തദ്ദേശീയ കലാ-സാംസ്കാരിക പൈതൃകം എന്നിവ സന്ദർശകർക്ക് നേരിട്ട് അനുഭവിക്കാനുള്ള അവസരം ഒരുക്കുന്ന രീതിയിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി മുഖാന്തിരം പുതിയ ടൂറിസം സഞ്ചാരപഥം നടപ്പാക്കും.

## മറ്റ് ബജറ്റ് പ്രഖ്യാപനങ്ങൾ

- വിനോദസഞ്ചാര മേഖലയ്ക്ക് 325.36 കോടി രൂപ വകയിരുത്തി.
- ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കും.
- തോട്ടം മേഖലയിൽ കൂടുതൽ സ്ഥലം ടൂറിസത്തിനായി ഉപയോഗിക്കാവുന്ന വിധത്തിൽ ആവശ്യമായ നിയമഭേദഗതി കൊണ്ടുവരും.
- ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിലെ ടൂറിസം അമിനിറ്റി സെന്ററുകളും ഹൗസ്ബോട്ട് ടെർമിനലുകളും പരിഷ്കരിച്ച് ഉപയോഗപ്പെടുത്തും.
- ആലപ്പുഴയിൽ ഹൗസ്ബോട്ടുകളുടെ . മാലിന്യം സംസ്കരിക്കുന്നതിനായി മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കും.
- അർത്തുങ്കൽ ബസലിക്ക, അമ്പലപ്പുഴ ക്ഷേത്രം, കാക്കഴം പള്ളി, മണ്ണാറശ്ശാല, കൃഷ്ണപുരം കൊട്ടാരം, മാതാ അമൃതാനന്ദമയി മഠം, ഓച്ചിറ ക്ഷേത്രം തുടങ്ങിയ തീർഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി തീർഥാടന ടൂറിസം സർക്യൂട്ട് പദ്ധതി
- പാതിരാമണൽ ദ്വീപ് ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിന് മാസ്റ്റർപ്ലാൻ. മുഹമ്മ ജെട്ടിയിൽ നിന്നും ദ്വീപിലേക്ക് സഞ്ചാരികൾക്കുവേണ്ടി റോപ്‌വേ സൗകര്യം ഏർപ്പെടുത്തും.
- കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ രീതിയിൽ വികസിപ്പിക്കും.
- ജൈവവൈവിധ്യം കണ്ടൽക്കാട്, ഫാം, കാർഷിക, ഗ്രാമീണ ജീവിതാനുഭവ വിനോദസഞ്ചാര മേഖലകൾക്ക് കൂടുതൽ പ്രാധാന്യം
- കേരളത്തിന്റെ തനത് പാരമ്പര്യവും ഭക്ഷ്യസംസ്കാരവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ചുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം ഹബ്ബുകളും സാംസ്കാരിക ടൂറിസം ഹബ്ബുകളും സ്ഥാപിക്കും.
- അഷ്ടമുടി ടൂറിസം പ്രോത്സാഹിപ്പിക്കും.
- സ്ത്രീകൾ നയിക്കുന്ന ടൂറിസം സംരംഭങ്ങൾ, ഹോംസ്റ്റേകൾ, ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ എന്നിവ സംസ്ഥാനത്തുടനീളം വിപുലീകരിക്കും.
- നിർമ്മിത ബുദ്ധി അധിഷ്ഠിത ഡിജിറ്റൽ ടൂറിസം പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള സ്മാർട്ട് ടൂറിസം ആപ്ലിക്കേഷനുകൾ വികസിപ്പിക്കും.■



**കാസർഗോഡിലെ സുരംഗകൾ: കേരളത്തിന്റെ പുരാതന തുരങ്കക്കിണറുകൾ**

രൂപേഷ് കുമാർ കെ
സിഇഒ, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി



സ്ത്രീകളെ ടൂറിസത്തിന്റെ ഗുണഭോക്താക്കളായി മാത്രമല്ല, അതിന്റെ സ്രഷ്ടാക്കളും സംരംഭകരും നേതാക്കളുമായി മാറ്റുന്ന ഇടപെടലുകളിലൂടെ ഉത്തരവാദിത്ത ടൂറിസം കേരളത്തിൽ മികച്ച വികസന മാതൃകയായി കൂടുതൽ ശക്തിപ്പെടുകയാണ്

# ഉത്തരവാദിത്ത ടൂറിസവും സ്ത്രീശാക്തീകരണവും



സഞ്ചാരികൾക്ക് മികച്ച അനുഭവം നല്കുന്നതിനൊപ്പം, ടൂറിസത്തിന്റെ നേട്ടങ്ങൾ പ്രാദേശിക സമൂഹങ്ങളിലേക്കും അതുവഴി സാധാരണക്കാരുടെ ജീവിതത്തിലേക്കും എത്തിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ കാതൽ. ഇന്ന് ഈ മാറ്റത്തിന്റെ ഏറ്റവും ശക്തമായ മുഖങ്ങളിലൊന്നായി മാറുന്നത് സ്ത്രീകളുടെ പങ്കാളിത്തമാണ്. സംരംഭകർ, ആതിഥേയർ, ഗൈഡുകൾ, സ്റ്റോറി ടെല്ലർമാർ, കർഷകർ, കലാകാരികൾ, പാചക വിദഗ്ധർ തുടങ്ങി ടൂറിസം മൂല്യശൃംഖലയുടെ വിവിധ തലങ്ങളിൽ സ്ത്രീകൾ ഇന്ന് സജീവ സാന്നിധ്യമാണ്.

സ്ത്രീശാക്തീകരണത്തെ ടൂറിസം വികസനത്തിന്റെ പ്രധാന ഘടകമായി ഉയർത്തിപ്പിടിക്കുന്ന നയപരമായ സമീപനമാണ് 2026-27 സംസ്ഥാന ബജറ്റിലും പ്രകടമാകുന്നത്. ടൂറിസം മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ സംരംഭകത്വ-തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും പ്രത്യേക പരിഗണനയാണ് ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഈ നയദിശയെ പ്രാദേശികതലത്തിൽ പ്രാവർത്തികമാക്കുന്ന ഇടപെടലുകളിലൂടെ ഉത്തരവാദിത്ത ടൂറിസം സ്ത്രീകളുടെ കഴിവുകളെയും സംരംഭകത്വത്തെയും വികസനത്തിന്റെ ശക്തിയായി മാറ്റുകയാണ്.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സ്ത്രീകളുടെ നൈപുണ്യവും സംരംഭകത്വവും പ്രാദേശിക വിഭവങ്ങളുമായി ബന്ധിപ്പിച്ച് പുതിയ സാധ്യതകൾ തുറക്കുന്നു. സ്ത്രീകളെ ടൂറിസത്തിന്റെ ഗുണഭോക്താക്കളായി മാത്രമല്ല, അതിന്റെ സ്രഷ്ടാക്കളും സംരംഭകരും നേതാക്കളുമായി മാറ്റുന്ന ഈ ഇടപെടലുകളിലൂടെ ഉത്തരവാദിത്ത ടൂറിസം കേരളത്തിൽ ഒരു വികസന മാതൃകയായി കൂടുതൽ ആഴപ്പെടുകയാണ്.

## സുസ്ഥിര ജീവിത മാതൃക

സഞ്ചാരികൾക്ക് സമാനതകളില്ലാത്ത മികച്ച അനുഭവങ്ങളും, നാട്ടുകാർക്ക് മെച്ചപ്പെട്ട ജീവിതവും അഭിമാനകരമായ ചുറ്റുപാടും ഉറപ്പാക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ കാതൽ. അതായത്, വിനോദസഞ്ചാരം എന്നത് പ്രകൃതിയെ ചൂഷണം ചെയ്യുന്ന ഒരു ഉപഭോഗാനുഭവമല്ല, മറിച്ച് പ്രകൃതിയോടും പ്രാദേശിക സംസ്കാരത്തോടും ഇണങ്ങിനിന്ന് നാടിന്റെ സമ്പദ്വ്യവസ്ഥയെ കൈപിടിച്ചുയർത്തുന്ന സുസ്ഥിരമായ ഒരു ജീവിത മാതൃകയാണ്. സഞ്ചാരികളുടെ ഓരോ ചുവടുവെപ്പും ഒരു പ്രദേശത്തിന്റെ സാംസ്കാരികത്തനിമയെയും ജീവൽസ്പന്ദനങ്ങളെയും ഹനിക്കാത്ത വിധം, പരസ്പര ബഹുമാനത്തോടെയുള്ള ഇടപെടലായി മാറുന്ന അവസ്ഥയാണിത്.



**എഴുമാന്തുരുത്ത്, കടുത്തുരുത്തി, കോട്ടയം**

പരിസ്ഥിതി സംരക്ഷണം, പ്രാദേശിക ഉൽപന്നങ്ങളുടെ വിപണനം, സാംസ്കാരിക തനിമയുടെ സംരക്ഷണം, സാമ്പത്തിക വികേന്ദ്രീകരണം എന്നിവയാണ് ഈ സഞ്ചാര ദർശനത്തിന്റെ അടിസ്ഥാനശിലകൾ. ഈ ദീർഘവീക്ഷണത്തെ അക്ഷരാർഥത്തിൽ പ്രാവർത്തികമാക്കുകയാണ് ഇന്ത്യയിലെ തന്നെ ഇത്തരത്തിൽ ഏറ്റവും വലിയ മാതൃകയായ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി.

## സ്ത്രീ സൗഹൃദ ടൂറിസം

വിനോദസഞ്ചാര മേഖലയിൽ ലിംഗസമത്വവും തുല്യനീതിയും ഉറപ്പാക്കുന്നതിൽ ഇന്ത്യയ്ക്ക് തന്നെ അഭിമാനകരമായ മാതൃകയാവുകയാണ് കേരളം. യു.എൻ. വിമനുമായി ചേർന്ന് 'സ്ത്രീ സൗഹൃദ ടൂറിസം' പദ്ധതി വിജയകരമായി നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം ഇതിനകം മാറിയിരിക്കുന്നു. ഈ പദ്ധതിയിലൂടെ, സ്ത്രീകൾക്ക് സുരക്ഷിതവും സ്വാഗതാർഹവുമായ, ഭയരഹിതമായ ഒരു ടൂറിസം ആവാസവ്യവസ്ഥയാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലും സംരംഭങ്ങളിലും സ്ത്രീകളുടെ പങ്ക് കേവലം പങ്കാളിത്തത്തിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, നയപരമായ തീരുമാനങ്ങളെടുക്കുന്ന നേതൃനിരയിലേക്ക് അവരെ ഉയർത്തുന്ന 'ജെൻഡർ ഇൻക്ലൂസീവ് ടൂറിസം' എന്ന ആശയമാണ് ഇതിലൂടെ പ്രാവർത്തികമാക്കുന്നത്. ടൂറിസം മേഖലയുടെ സർവതോന്മുഖമായ വളർച്ചയിൽ സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷിതത്വവും അർഹമായ രീതിയിൽ ഉറപ്പുവരുത്തിക്കൊണ്ട് രാജ്യത്തിന് വഴികാട്ടുന്ന നിരവധി നവപദ്ധതികളാണ് ഇതിലൂടെ യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നത്.

സൊസൈറ്റിയുടെ കീഴിൽ ഇന്ന് 18,000-ത്തോളം വനിതായൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇന്ത്യയിൽ തന്നെ ഇത്രയധികം വനിതാപങ്കാളിത്തമുള്ള മറ്റൊരു ടൂറിസം പദ്ധതി കാണുക ദുഷ്കരമാണ്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ70 ശതമാനവും സ്ത്രീകളുടെ ഉടമസ്ഥതയിലോ സ്ത്രീകൾ നടത്തുന്നതോ ആണ് എന്നത് കേരളം കൈവരിച്ച സ്ത്രീശാക്തീകരണ മുന്നേറ്റത്തിന്റെ തിളക്കമാർന്ന തെളിവാണ്.

## ഗ്രാമീണ ടൂറിസവും സാമ്പത്തിക ശാക്തീകരണവും

കേരളത്തിലെ ഗ്രാമീണ ടൂറിസം പാക്കേജുകൾ വിനോദസഞ്ചാരികളെ ഗ്രാമജീവിതത്തിന്റെ ആത്മാവിലേക്കും പ്രാദേശിക സംസ്കാരത്തിന്റെ വൈവിധ്യത്തിലേക്കും കൂട്ടിക്കൊണ്ടുപോകുന്ന അവിസ്മരണീയമായ അനുഭവങ്ങളാണ്. കർഷകജീവിതം, പരമ്പരാഗത ഭക്ഷണം, നാടൻകലകൾ, കൈത്തൊഴിലുകൾ, കായൽജീവിതം, പ്രാദേശിക ഉത്സവങ്ങൾ എന്നിവയുമായി നേരിട്ട് ഇടപഴകാനുള്ള അവസരം നല്കുന്നതിലൂടെ ഇത്തരം പാക്കേജുകൾ വിനോദസഞ്ചാരത്തെ ഒരു ഉപഭോഗാനുഭവത്തിൽ നിന്ന് സമൂഹവുമായി ഇഴചേരുന്ന വലിയൊരു ജീവിതാനുഭവമാക്കി മാറ്റുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ തത്വങ്ങൾ പിന്തുടരുന്ന ഈ മാതൃകയിൽ, ടൂറിസത്തിൽ നിന്നുള്ള വരുമാനം പ്രാദേശിക സമൂഹത്തിലേക്ക് തന്നെ നേരിട്ട് തിരിച്ചെത്തുകയും കർഷകരെയും കലാകാരന്മാരെയും കുടുംബങ്ങളെയും നേരിട്ട് ഗുണഭോക്താക്കളാക്കുകയും ചെയ്യുന്നു.

ഗ്രാമീണ ടൂറിസം മാതൃകയുടെ ഏറ്റവും ശക്തമായ സാമൂഹിക നേട്ടങ്ങളിലൊന്നാണ് വനിതകളുടെ സമ്പൂർണ്ണ സാമ്പത്തിക ശാക്തീകരണം. സ്വന്തം കഴിവും വിഭവങ്ങളും വരുമാനമാക്കി മാറ്റുന്നതിലൂടെ സ്ത്രീകൾ കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷ ശക്തിപ്പെടുത്തുന്നതിനൊപ്പം പ്രാദേശിക സമ്പദ്വ്യവസ്ഥയിലും സാമൂഹിക തീരുമാനങ്ങളിലുമുള്ള തങ്ങളുടെ പങ്കാളിത്തം വൻതോതിൽ വർധിപ്പിക്കുന്നു.



ഫോട്ടോ : മനോജ് വാസുദേവൻ

## പരിശീലന പരിപാടികളും നൈപുണ്യ വികസനവും

ടൂറിസം മേഖലയിൽ ഒരു സ്ത്രീ സംരംഭകയാവുക എന്നതിനർഥം കേവലം ഉപജീവ

# ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി

**സംരംഭകരാകാൻ ആഗ്രഹിക്കുന്ന വനിതകൾ കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി**

സംരംഭകരാകാൻ സ്വപ്നം കാണുന്ന സ്ത്രീകൾക്ക് സാമ്പത്തിക പ്രതിസന്ധി ഒരു തടസ്സമാകരുതെന്ന ലക്ഷ്യത്തോടെ, കേരള റെസ്‌പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കേരള വനിതാവികസന കോർപ്പറേഷനുമായി ചേർന്ന് വിപുലമായ വായ്പാപദ്ധതികളാണ് നടപ്പിലാക്കുന്നത്. 2026-27 സാമ്പത്തിക വർഷം കേരള റെസ്‌പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിക്കായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയുടെ 50 ശതമാനവും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കായി മാത്രമാണ് മാറ്റിവെച്ചിരിക്കുന്നത്.

**പലിശ സബ്സിഡി:** വായ്പയുടെ പലിശഭാരം കുറയ്ക്കുന്നതിനായി 4 ശതമാനം വരെ പലിശ സബ്സിഡി സൊസൈറ്റി നേരിട്ട് നൽകി വരുന്നു. വായ്പാ തുക എത്രയായാലും പരമാവധി 15 ലക്ഷം രൂപ വരെയാണ് 4 ശതമാനം വരെ പലിശ ലഭ്യമാകുന്നതിന് വേണ്ടി ഇന്ററസ്റ്റ് സബ്‌വെൻഷൻ നൽകുന്നത്. (ഉദാഹരണത്തിന് 6% പലിശ നിരക്കിൽ ഒരാൾ 50 ലക്ഷം രൂപയുടെ വായ്പ എടുത്താലും, 15 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 4% വരെ പലിശ സബ്സിഡി കെ.ആർ.ടി.എം. സൊസൈറ്റി നൽകും).

**എല്ലാവർക്കും അവസരം:** പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ, ന്യൂനപക്ഷ വിഭാഗക്കാർ, ജനറൽവിഭാഗക്കാർ എന്നിങ്ങനെ എല്ലാ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്കും ഈ ആനുകൂല്യം ലഭിക്കും

**ആർക്കെല്ലാം അപേക്ഷിക്കാം**

ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി പ്രകാരം വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി താഴെ പറയുന്ന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അപേക്ഷിക്കാവുന്നതാണ്:

• കോട്ടേജുകൾ • ഹോംസ്റ്റേകൾ • സർവീസ്ഡ് വില്ലകൾ • എ ഫ്രെയിം കോട്ടേജുകൾ • ആർ.ടി റെസ്റ്റോറന്റുകൾ • സുവനീർ/ കരകൗശല കടകൾ • ശിക്കാര/മോട്ടോർ/സ്പീഡ് ബോട്ടുകൾ • കയാക്കിങ് യൂണിറ്റുകൾ • ഇലക്ട്രിഫൈഡ് ഷീ ടാക്സി • നൂതന സാങ്കേതികവിദ്യയിലുള്ള സ്റ്റാർട്ടപ്പുകൾ • ഫുഡ് ട്രക്കുകൾ • ടൂർഓപ്പറേഷൻ/ ട്രാവൽഏജന്റ്ഓഫീസുകൾ • ഫാം ടൂറിസം യൂണിറ്റുകൾ • തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ • പേപ്പർബാഗ് യൂണിറ്റുകൾ • പരിസ്ഥിതി സൗഹൃദ ഉൽപന്ന യൂണിറ്റുകൾ • മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ • പ്രാദേശിക കാർഷികോൽപന്ന വിൽപനശാലകൾ • പാചക യൂണിറ്റുകൾ • തനത് നാടൻപാചക യൂണിറ്റുകൾ • കലാസംഘങ്ങൾക്കുള്ള ഉപകരണങ്ങൾ • ടെന്റ് ക്യാമ്പിങ് സൈറ്റുകൾ • മൺവീടുകൾ / മഡ് ഹൗസുകൾ • പഴം-പച്ചക്കറി മൂല്യവർധിത ഉൽപന്ന യൂണിറ്റുകൾ.

നത്തിനായുള്ള വരുമാനം കണ്ടെത്തുക എന്നതല്ല; മറിച്ച്, ഒരു നാടിന്റെ പൈതൃകത്തെയും സംസ്കാരത്തെയും ആഗോള സഞ്ചാരികൾക്ക് സ്നേഹത്തോടെയും ആത്മവിശ്വാസത്തോടെയും പരിചയപ്പെടുത്തുന്ന ഒരു അംബാസിഡറായി മാറുകയാണ്. ഒരു വിഭവത്തെ എങ്ങനെ ആതിഥേയത്വത്തിന്റെ തിളക്കത്തോടെ അവതരിപ്പിക്കാം എന്ന തിരിച്ചറിവാണ് പരിശീലനങ്ങളിലൂടെ ഓരോ വനിതയ്ക്കും ലഭിക്കുന്നത്.

നവകാല സഞ്ചാരികളുടെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് സ്വയം മാറാനും, സാങ്കേതികവിദ്യയുടെയും വിപണനത്തിന്റെയും നൂതനപാഠങ്ങൾ ഉൾക്കൊണ്ട് ലോകനിലവാരമുള്ള സേവനങ്ങൾ നല്കാനും വനിതകളെ പ്രാപ്തരാക്കുന്ന വിപുലമായ പരിശീലന പരിപാടികളാണ് കേരള റെസ്‌പോൺസിബിൾ ടൂറിസം മിഷൻസൊസൈറ്റി ഒരുക്കിയിരിക്കുന്നത്:

- **ഹോംസ്റ്റേ &ഫാം ടൂറിസം പരിശീലനം:** കൃഷിയെയും വിനോദസഞ്ചാരത്തെയും സുസ്ഥിരമായി സംയോജിപ്പിച്ച് സ്വന്തം വീടുകളിൽ നിന്നു തന്നെ മികച്ച വരുമാനം കണ്ടെത്താൻ വനിതകളെ പ്രാപ്തരാക്കുന്നു. അതിഥികളെ സ്വീകരിക്കുന്ന വിധം, മുറികളുടെ ശുചിത്വ പരിപാലനം എന്നിവയിൽ വിദഗ്ധ പരിശീലനം നല്കുന്നു.
- **ടൂർ ഓപ്പറേഷൻ & സ്റ്റോറി ടെല്ലിങ് പരിശീലനം:** നാടിന്റെ ചരിത്രവും പൈതൃകവും ഐതിഹ്യങ്ങളും സഞ്ചാരികൾക്ക് ഹൃദ്യമായി പകർന്നുനല്കുന്ന 'സ്റ്റോറി ടെല്ലർ'മാരായും, ഉത്തരവാദപ്പെട്ട ടൂർ ലീഡർമാരായും മാറുന്നതിനുള്ള പരിശീലനം
- **ഡിജിറ്റൽ വിപണന പ്ലാറ്റ്ഫോമുകൾ:** കാലത്തിനൊത്ത് സഞ്ചരിക്കാൻ സഹായിക്കുന്ന ഡിജിറ്റൽ മാർക്കറ്റിങ് പരിശീലനങ്ങൾ.
- **തനത് നാടൻ പാചക പരിശീലനം:** കേരളത്തിന്റെ തനതായ നാടൻ രുചികൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി പരമ്പരാഗത ഭക്ഷണങ്ങൾ പാകം ചെയ്യുന്നതിലും വിളമ്പുന്നതിലും ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നല്കുന്നു.
- **കരകൗശല നിർമ്മാണ പരിശീലനം:** മുള, ഈറ്റ, തുണി, പേപ്പർഎന്നിവ ഉപയോഗിച്ചുള്ള പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളും സുവനീറുകളും നിർമ്മിക്കുന്നതിൽ വിദഗ്ധ പരിശീലനം

**വിനോദസഞ്ചാര മേഖലയിൽ ലിംഗസമത്വവും തുല്യനീതിയും ഉറപ്പാക്കുന്നതിൽ ഇന്ത്യയ്ക്ക് തന്നെ അഭിമാനകരമായ മാതൃകയാവുകയാണ് കേരളം**

## വനിതാ ആർ.ടി ക്ലബ്ബുകൾ

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുന്നതിനും സ്ത്രീകളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുമായി 'വനിതാ ആർ.ടി ക്ലബ്ബുകൾ' രൂപീകരിക്കുന്നു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് പരസ്പരം ആശയങ്ങൾ കൈമാറാനും, കൂട്ടായ സംരംഭങ്ങൾക്ക് രൂപം നല്കാനും, പ്രാദേശിക വിപണന സാധ്യതകൾ പരമാവധി മെച്ചപ്പെടുത്താനും ഈ ക്ലബ്ബുകൾ വലിയൊരു വേദിയാകുന്നു.

വനിതാ ആർടി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് കേരള റെസ്‌പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സാമ്പത്തിക സഹായം നല്കിവരുന്നു.

## മാനവവിഭവശേഷി ഡയറക്ടറി

ടൂറിസം മേഖലയിലെ തൊഴിൽ അവസരങ്ങളെയും തൊഴിലന്വേഷകരായ സ്ത്രീകളെയും തമ്മിൽ കൃത്യമായി ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന ഡിജിറ്റൽ കണ്ണിയാണ് ' എച്ച് ആർ ഡയറക്ടറി'. ടൂർ ലീഡർമാർ, സ്റ്റോറി ടെല്ലർമാർ, ഗൈഡുകൾ, പാചക വിദഗ്ധർ, കരകൗശലത്തൊഴിലാളികൾ, ഡ്രൈവർമാർ തുടങ്ങി വിവിധ മേഖലകളിലെ വനിതകളുടെ നൈപുണ്യത്തെ ആഗോള സഞ്ചാരികൾക്കും സംരംഭകർക്കും പരിചയപ്പെടുത്തുന്ന ഒരു വിപുലമായ ഡിജിറ്റൽ വേദിയാണിത്. ■

**സ്വന്തം വീട്ടിലെ അനുയോജ്യമായ മുറികളിൽ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുകയും പ്രാദേശിക ഭക്ഷണം, സംസ്കാരം, ജീവിതരീതി, കൃഷി, പ്രകൃതി, കലകൾ, പാരമ്പര്യങ്ങൾ എന്നിവ അനുഭവിച്ചറിയാനുള്ള അവസരം നൽകുകയും ചെയ്യുന്ന ടൂറിസം സംരംഭമാണ് ഹോംസ്റ്റേ**



# ഹോംസ്റ്റേ തുടങ്ങാം; ടൂറിസം സംരംഭകരാവാം

കാഴ്ചകൾ കാണുക പ്രകൃതി ഭംഗി ആസ്വദിക്കുക എന്നതിൽ മാത്രമൊതുങ്ങുന്നതല്ല ഇന്നത്തെ കേരളടൂറിസം. ഒരു നാടിന്റെ സംസ്കാരവും ഭക്ഷണവും ജീവിതരീതിയും പ്രകൃതിയും ആതിഥ്യമര്യാദയും നേരിട്ട് അനുഭവിച്ചറിയാനാണ് പുതിയ തലമുറയിലെ സഞ്ചാരികൾ ആഗ്രഹിക്കുന്നത്. ഈ മാറ്റത്തിന്റെ ഏറ്റവും മനോഹരമായ മാതൃകകളിലൊന്നാണ് ഹോംസ്റ്റേകൾ.

വിനോദസഞ്ചാരികൾക്ക് സ്വന്തം വീട്ടിലെ അനുയോജ്യമായ മുറികളിൽ താമസസൗകര്യം ഒരുക്കിനൽകുകയും പ്രാദേശിക ഭക്ഷണം, സംസ്കാരം, ജീവിതരീതി, കൃഷി, പ്രകൃതി, കലകൾ, പാരമ്പര്യം എന്നിവ അനുഭവിച്ചറിയാനുള്ള അവസരം നൽകുകയും ചെയ്യുന്ന ടൂറിസം സംരംഭമാണ് ഹോംസ്റ്റേ.

ഹോംസ്റ്റേ ഒരു താമസസൗകര്യം മാത്രമല്ല; ഒരു കുടുംബത്തെയും ഒരു ഗ്രാമത്തെയും ആ നാടിന്റെ പ്രാദേശിക സംസ്കാരത്തെയും സഞ്ചാരാനുഭവത്തിന്റെ ഭാഗമാക്കുന്ന ഉത്തരവാദിത്ത ടൂറിസം മാതൃകയാണ്. കേരളത്തിൽ വനിതകൾ നേതൃത്വം നൽകുന്ന ടൂറിസം സംരംഭങ്ങൾ എന്നനിലയിലേക്ക് ഹോംസ്റ്റേകൾ മുന്നേറുകയാണ്.

## ഹോംസ്റ്റേ ആരംഭിക്കാൻ

ഹോംസ്റ്റേ ആരംഭിക്കുന്നത് മുറി വാടകയ്ക്ക് നൽകുന്നതുപോലെയുള്ള ഒരു സാധാരണ പ്രവർത്തനമല്ല. അതിന് നിശ്ചിത നിലവാരവും സുരക്ഷയും ശുചിത്വവും അതിഥി സൗകര്യങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ, നിലവിലുള്ള കേരള ടൂറിസം വകുപ്പിന്റെ ഹോംസ്റ്റേ മാർഗനിർദേശങ്ങളും വർഗീകരണ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്. വനിതകൾ ഉടമസ്ഥരായുള്ള ഹോംസ്റ്റേകൾക്ക് പ്രത്യേക സാമ്പത്തിക പിന്തുണ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നൽകിവരുന്നുണ്ട്.

## അപേക്ഷയും അംഗീകാരവും

ഹോംസ്റ്റേ ആരംഭിക്കുന്നതിനുമുൻപായി നിലവിലുള്ള ടൂറിസം വകുപ്പിന്റെ ഹോംസ്റ്റേ വർഗീകരണ മാനദണ്ഡങ്ങൾ പരിശോധിച്ച് ആവശ്യമായ അപേക്ഷകളും രേഖകളും സമർപ്പിക്കണം. ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട രേഖകൾ, തിരിച്ചറിയൽ രേഖകൾ, കെട്ടിടവുമായി ബന്ധപ്പെട്ട രേഖകൾ, ഫോട്ടോകൾ, ആവശ്യമായ മറ്റ് രേഖകൾ എന്നിവ അപേക്ഷയുടെ ഭാഗമായി ആവശ്യപ്പെടാം. നിയമങ്ങളും നടപടിക്രമങ്ങളും കാലാനുസൃതമായി മാറാൻ സാധ്യതയുള്ളതിനാൽ അപേക്ഷിക്കുന്ന സമയത്തെ ഔദ്യോഗിക മാർഗനിർദേശങ്ങൾ പരിശോധിക്കേണ്ടതാണ്.

## വൃത്തിയും സുരക്ഷയും

ഹോംസ്റ്റേയുടെ വിജയത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ് ശുചിത്വവും



സുരക്ഷയും. മുറികൾ വൃത്തിയുള്ളതും വായുസഞ്ചാരമുള്ളതും സൗകര്യപ്രദവുമായിരിക്കണം. കിടക്ക, ശുദ്ധമായ കിടക്ക വിരികൾ, ബാത്ത്റൂം, കുടിവെള്ളം, വൈദ്യുതി, അടിസ്ഥാന സുരക്ഷാസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണം.

## പ്രാധാന്യം നാടൻ ഭക്ഷണത്തിന്

ഹോംസ്റ്റേകളുടെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്നാണ് പ്രാദേശിക ഭക്ഷണം. പുട്ട്- കടലക്കറി, അപ്പം, കപ്പ- മീൻകറി, വിവിധ നാടൻ പച്ചക്കറി വിഭവങ്ങൾ, പലഹാരങ്ങൾ തുടങ്ങി ഓരോ പ്രദേശത്തിന്റെയും തനത് ഭക്ഷണങ്ങൾ സഞ്ചാരികൾക്ക് പുതിയ അനുഭവം നൽകുന്നു. പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം, മസാലകൾ തുടങ്ങിയവ ഉപയോഗിക്കുന്നത് കർഷകർ, മത്സ്യത്തൊഴിലാളികൾ, ചെറുകിട ഉൽപാദകർ എന്നിവർക്കും വിപണി സൃഷ്ടിക്കുന്നു.

## സഞ്ചാരം അനുഭവമാകുമ്പോൾ

സ്ഥലങ്ങൾ കണ്ടു മടങ്ങുക, ക്യാമറയിൽ ചിത്രങ്ങളാക്കി മനസ്സിൽ സൂക്ഷിക്കുക എന്നതിലുപരി ജീവിതത്തോളം മനസിൽ തങ്ങി നിൽക്കുന്ന അനുഭവമായി സഞ്ചാരം മാറുന്നതിൽ ഹോംസ്റ്റേകൾക്കുള്ള സ്വാധീനം ചെറുതല്ല.

കൃഷിയിട സന്ദർശനം, നാടൻ പാചക അനുഭവം, ഗ്രാമീണ നടത്തം, മത്സ്യബന്ധന അനുഭവം, പ്രാദേശിക കലാ-സാംസ്കാരിക പരിപാടികൾ, കരകൗശല പ്രവർത്തനങ്ങൾ, നാട്ടിലെ പരമ്പരാഗത തൊഴിൽ പരിചയം, പക്ഷിനിരീക്ഷണം, പ്രകൃതി സഞ്ചാരം തുടങ്ങിയ അനുഭവങ്ങൾ ഒരുക്കുന്നതുവഴി ഹോംസ്റ്റേ ഒരു താമസകേന്ദ്രത്തിൽ നിന്ന് അനുഭവവേദ്യ ടൂറിസം  കേന്ദ്രമായി മാറുന്നു.

## പ്രദേശിക സാമ്പത്തിക വളർച്ച

സഞ്ചാരികൾക്ക് മികച്ച അനുഭവങ്ങൾ നൽകുന്നതിനൊപ്പം നാട്ടുകാർക്ക് മെച്ചപ്പെട്ട ജീവിതം കൂടി ലഭ്യമാക്കുക എന്ന ആശയം പ്രാവർത്തികമാക്കുന്നതിൽ ഹോംസ്റ്റേകൾക്ക് നിർണ്ണായക പങ്കുണ്ട്.

ഒരു സഞ്ചാരി ഹോംസ്റ്റേയിൽ ചെലവഴിക്കുന്ന പണം നേരിട്ട് ഒരു കുടുംബത്തിന്റെ വരുമാനമാകുന്നു. ആ കുടുംബം പ്രാദേശികമായി ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ അതിന്റെ ഗുണം കർഷകരിലേക്കും മത്സ്യത്തൊഴിലാളികളിലേക്കും ചെറുകിട ഉൽപാദകരിലേക്കും എത്തുന്നു. പ്രാദേശിക ഗൈഡുകൾ, കലാകാരന്മാർ, കരകൗശല പ്രവർത്തകർ, ഡ്രൈവർമാർ, കർഷകർ തുടങ്ങിയവരുമായി ഹോംസ്റ്റേ ബന്ധപ്പെടുമ്പോൾ ടൂറിസത്തിൽ നിന്നുള്ള സാമ്പത്തിക നേട്ടം കൂടുതൽ ആളുകളിലേക്ക് വ്യാപിക്കുന്നു. ഇതാണ് പ്രാദേശിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന ഉത്തരവാദിത്ത ടൂറിസം ശൃംഖല.

## ഹോംസ്റ്റേ രംഗത്തെ സ്ത്രീ മുന്നേറ്റം

ഹോംസ്റ്റേ മേഖലയിലെ ഏറ്റവും വലിയ സാധ്യതകളിലൊന്ന് സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണമാണ്. അതിഥി സ്വീകരണം, ഭക്ഷണം തയ്യാറാക്കൽ, മുറികളുടെ പരിപാലനം, പ്രാദേശിക ഉൽപന്നങ്ങളുടെ വിൽപന, അനുഭവപാക്കേജുകളുടെ നടത്തിപ്പ്, ഡിജിറ്റൽ മാർക്കറ്റിങ് തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് സജീവമായി പങ്കാളികളാകാം.

**ഹോംസ്റ്റേ ആരംഭിക്കുന്നതിനുമുൻപ് നിലവിലുള്ള ടൂറിസം വകുപ്പിന്റെ ഹോംസ്റ്റേ വർഗീകരണ മാനദണ്ഡങ്ങൾ പരിശോധിച്ച് ആവശ്യമായ അപേക്ഷകളും രേഖകളും സമർപ്പിക്കണം**



## പരിസ്ഥിതി സൗഹൃദമാകണം ഹോംസ്റ്റേകൾ

ഉത്തരവാദിത്തമുള്ള ഹോംസ്റ്റേ പരിസ്ഥിതിയോടും ഉത്തരവാദിത്തം പുലർത്തണം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഒഴിവാക്കുക, മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിക്കുക, ജൈവമാലിന്യം കമ്പോസ്റ്റ് ചെയ്യുക, വെള്ളവും വൈദ്യുതിയും മിതമായി ഉപയോഗിക്കുക, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുക, പ്രാദേശികവും കാലാനുസൃതവുമായ ഭക്ഷണം ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഹോംസ്റ്റേയെ കൂടുതൽ സുസ്ഥിരമാക്കും.

## ഡിജിറ്റൽ യുഗത്തിലെ ഹോംസ്റ്റേ വിജയമന്ത്രം

ഇന്നത്തെ സഞ്ചാരി ഹോംസ്റ്റേ തിരഞ്ഞെടുക്കുന്നതിനുമുൻപ് ആദ്യം ചെയ്യുക ഓൺലൈനിൽ വിവരങ്ങൾ പരിശോധിക്കുക എന്നതാണ്. അതിനാൽ ഡിജിറ്റൽ സാന്നിധ്യം ഈ രംഗത്ത് അനിവാര്യമാണ്. നല്ല നിലവാരമുള്ള ചിത്രങ്ങൾ, മുറികളുടെ വിവരങ്ങൾ, സൗകര്യങ്ങൾ, ഭക്ഷണരീതി, അനുഭവങ്ങൾ, സമീപത്തെ ആകർഷണങ്ങൾ, എത്തിച്ചേരാനുള്ള മാർഗം, ബന്ധപ്പെടാനുള്ള വിവരങ്ങൾ എന്നിവ വ്യക്തമായി നൽകണം. അതിഥികളുടെ മികച്ച റിവ്യൂകൾ ഭാവിയിലെ ബുക്കിങ്ങുകൾക്ക് വലിയ സ്വാധീനം ചെലുത്തും. നല്ല സേവനമാണ് ഒരു ഹോംസ്റ്റേയുടെ ഏറ്റവും മികച്ച മാർക്കറ്റിങ്.

ഹോംസ്റ്റേ എന്നത് ഒരു മുറി വാടകയ്ക്ക് നൽകുന്ന സംരംഭം മാത്രമല്ല. അത് ഒരു കുടുംബത്തിന്റെ ഉപജീവനമാർഗം, ഒരു സ്ത്രീയുടെ സംരംഭകത്വത്തിലേക്കുള്ള ചുവടുവയ്പ്, ഒരു കർഷകന്റെ ഉൽപന്നത്തിന് പുതിയ വിപണി, ഒരു ഗ്രാമത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ച, ഒരു സംസ്കാരത്തിന്റെ സംരക്ഷണം, ഒരു സഞ്ചാരിയുടെ മറക്കാനാവാത്ത അനുഭവം എന്നിവയെ ഒരുമിച്ച് ബന്ധിപ്പിക്കുന്ന ടൂറിസം മാതൃകയാണ്. കേരളത്തിന്റെ ഉത്തരവാദിത്തടൂറിസം യാത്രയിൽ അതുകൊണ്ടുതന്നെ ഹോംസ്റ്റേകൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. ■

**സന്തോഷ് കുമാർ സി**
ഇക്കോ ടൂറിസം ഓഫീസർ, കെ.എഫ്.ഡി.സി



**പ്രകൃതിസമ്പത്ത് സംരക്ഷിക്കുന്നതിനൊപ്പം സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ട് ഇക്കോടൂറിസം നയം രൂപീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനങ്ങളിലൊന്നാണ് കേരളം**

# പ്രകൃതിക്കൊപ്പം ഹരിതസഞ്ചാരം

പ്രകൃതി സംരക്ഷണവും സാമ്പത്തിക വികസനവും ഒരേ സമയം സാധ്യമാക്കുക എന്നതാണ് കേരളത്തിന്റെ ഹരിത ടൂറിസം നയത്തിന്റെ കാതൽ. സന്ദർശകരുടെ എണ്ണം നിയന്ത്രിക്കുക, പ്രകൃതിക്ക് കുറഞ്ഞ ആഘാതമുള്ള സൗകര്യങ്ങൾ ഒരുക്കുക, മാലിന്യനിർമ്മാർജനം ഉറപ്പാക്കുക, തദ്ദേശീയ സമൂഹങ്ങളെ പദ്ധതികളുടെ ഭാഗമാക്കുക തുടങ്ങിയ ഇടപെടലുകളിലൂടെ ഇക്കോടൂറിസത്തിന് കേരളം പുതിയ മാനങ്ങൾ നൽകുന്നു. പ്രകൃതിസമ്പത്ത് സംരക്ഷിക്കുന്നതിനൊപ്പം സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട്, വ്യവസ്ഥാപിതമായ ഒരു ഇക്കോടൂറിസം നയം ര്രൂപീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി. പരിസ്ഥിതി സൗഹൃദ ടൂറിസത്തിന്റെ ശക്തമായ നടത്തിപ്പിലൂടെ സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ ഇന്ന് ലോകത്തിനുതന്നെ വഴികാട്ടിയാണ് നമ്മുടെ നാട്.

## പങ്കാളിത്ത വനപരിപാലനം

വനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്താൻ സഹായിക്കുന്ന ഒരു ബഹുതലഘടനയിലാണ് കേരളത്തിലെ ഇക്കോടൂറിസം പ്രവർത്തിക്കുന്നത്. പങ്കാളിത്ത വനപരിപാലന രീതിയിലൂടെ കേരള വനംവകുപ്പ് നേരിട്ട് നിയന്ത്രിക്കുന്ന ഈ സംവിധാനം, വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ തുടങ്ങിയ കൂട്ടായ്മകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സന്ദർശകരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക, ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് ശേഖരിക്കുക, മാലിന്യമുക്ത താമസസൗകര്യങ്ങൾക്ക് മുൻഗണന നൽകുക എന്നിവയിലൂടെ വലിയതോതിലുള്ള വിനോദസഞ്ചാരം പ്രകൃതിക്ക് വരുത്തുന്ന ദോഷങ്ങളെ തടയാൻ കേരളത്തിന് സാധിക്കുന്നുണ്ട്.

വന്യജീവി-വന ടൂറിസം പദ്ധതികളിലൂടെ 1970-കളിൽ പെരിയാർ മേഖലയിലാണ് കേരളത്തിലെ ഹരിത ടൂറിസത്തിന്റെ തുടക്കം. എന്നാൽ അന്നത്തെ പ്രവർത്തനങ്ങൾക്ക് ഇന്നത്തെ രീതിയിലുള്ള സമഗ്രമായ പരിസ്ഥിതി സുസ്ഥിരതാ ചട്ടക്കൂടുകൾ ഉണ്ടായിരുന്നില്ല.എന്നാൽ 1998 ൽ ഇക്കോടൂറിസത്തെ പങ്കാളിത്ത വനപരിപാലനവുമായി ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ ശാസ്ത്രീയമായ സമീപനത്തിലേക്ക് കേരളം നീങ്ങി.

2001-ൽ ആരംഭിച്ച തെന്മല ഇക്കോടൂറിസം പദ്ധതി ഈ യാത്രയിലെ നിർണ്ണായക ചുവട് വെയ്പായി. ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത ഇക്കോടൂറിസം കേന്ദ്രമായി പരിഗണിക്കപ്പെടുന്ന തെന്മല, കൃത്യമായ സോണിങ് സംവിധാനത്തിലൂടെ പ്രകൃതി സംരക്ഷണവും വിനോദസഞ്ചാരവും എങ്ങനെ സമന്വയിപ്പിക്കാമെന്ന് തെളിയിച്ചു.

തുടർന്ന് ഉത്തരവാദിത്ത ടൂറിസം മിഷൻ പോലുള്ള സംരംഭങ്ങൾ വിനോദസഞ്ചാരത്തെയും പ്രാദേശിക സമ്പദ്ഘ



ടനയെയും കൂടുതൽ ബന്ധിപ്പിച്ചു. കൃഷി അധിഷ്ഠിത അനുഭവങ്ങൾ, പരമ്പരാഗത ഹോംസ്റ്റേകൾ, പ്രാദേശിക കരകൗശല ഉൽപന്നങ്ങൾ തുടങ്ങിയവയ്ക്ക് ഇതിലൂടെ വിപണി ലഭിച്ചു. തീരദേശങ്ങളിലെ കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തനങ്ങളും പ്രകൃതിസംരക്ഷണത്തിനൊപ്പം പ്രാദേശിക ഉപജീവനമാർഗങ്ങൾ ഉറപ്പാക്കുന്ന മാതൃകകളാണ്.

പരമ്പരാഗത വനപരിപാലന ലക്ഷ്യങ്ങളെ മാറ്റിമറിച്ച്, ജനപങ്കാളിത്തത്തോടെയുള്ള ഉത്തരവാദിത്ത ടൂറിസത്തിന് മികച്ചൊരു മാതൃക സൃഷ്ടിക്കാൻ സർക്കാരിനൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എഫ്.ഡി.സി). ആദ്യകാലത്ത് തോട്ടനിർമ്മാണത്തിലും ഏലം, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകളുടെ കൃഷിയിലുമായിരുന്നു പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പിന്നീട് പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് കോർപ്പറേഷൻ ഇക്കോടൂറിസം മേഖലയിലേക്ക് കടന്നു. സംസ്ഥാനത്തുടനീളമുള്ള വിവിധ കേന്ദ്രങ്ങളിലൂടെ പ്രകൃതി സംരക്ഷണവും വിനോദസഞ്ചാരവും പ്രാദേശിക തൊഴിലും കൂട്ടിയിണക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ കെ.എഫ്.ഡി.സി. നടത്തുന്നത്.

നിയന്ത്രിത ട്രെക്കിങ്, ബോട്ടിങ്, താമസം, പ്രകൃതി പഠനം തുടങ്ങിയവയെ അടിസ്ഥാനമാക്കി കെ.എഫ്.ഡി.സി. സംസ്ഥാനത്ത് വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

### ഗവി, പത്തനംതിട്ട

ഒരിക്കൽ അധികമാരുമറിയാതിരുന്ന തോട്ടമേഖല ഇന്ന് രാജ്യാന്തര ശ്രദ്ധ നേടിയ പ്രകൃതി വിനോദസഞ്ചാര കേന്ദ്രമാണ്. സമ്പന്നമായ വനവും പക്ഷി -വന്യജീവി വൈവിധ്യവുമാണ് ഗവിയുടെ പ്രധാന ആകർഷണം. വംശനാശഭീഷണി നേരിടുന്ന വരയാട്, സിംഹവാലൻ കുരങ്ങ് എന്നിവയുടെ സംരക്ഷണത്തിനായി ഇവിടേക്കുള്ള പ്രവേശനം കൃത്യമായി നിയന്ത്രിച്ചിരിക്കുന്നു. 260-ലധികം പക്ഷിയിനങ്ങളും അപൂർവ സസ്യങ്ങളും നിറഞ്ഞ ഗവിയിൽ ഡേ-പ്രോഗ്രാമുകളും വനത്തിനുള്ളിലെ താമസസൗകര്യങ്ങളും ലഭ്യമാണ്.

### മീശപ്പുലിമല സൂര്യനെല്ലി ഇടുക്കി

പശ്ചിമഘട്ടത്തിലെ പ്രധാന പർവതപ്രദേശങ്ങളിലൊന്നായ മീശപ്പുലിമല പുൽമേടുകളും ചോലവനങ്ങളും ചേർന്ന അതുല്യമായ ആവാസവ്യവസ്ഥയാണ്. നീലക്കുറിഞ്ഞി



യുടെ ആവാസകേന്ദ്രം കൂടിയായ ഇവിടെ പരിസ്ഥിതി ആഘാതം പരമാവധി കുറച്ചുകൊണ്ടുള്ള നിയന്ത്രിത ട്രെക്കിങ്, റോഡോവാലി, ബേസ് ക്യാമ്പ് ടെന്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ്.

### അരിപ്പ, തിരുവനന്തപുരം

വൈവിധ്യമാർന്ന പക്ഷിയിനങ്ങളുള്ള അരിപ്പ പക്ഷിനിരീക്ഷകരുടെ പ്രിയപ്പെട്ട കേന്ദ്രമാണ്. അപൂർവമായ ഉഷ്ണമേഖലാ ശുദ്ധജല ചതുപ്പുനിലങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്. വനത്തിനുള്ളിലെ താമസത്തിനൊപ്പം പ്രാദേശിക ഗോത്ര സംസ്കാരത്തിന്റെ അനുഭവവും സഞ്ചാരികൾക്ക് ലഭ്യമാക്കുന്നു.

### കമ്പമല (വയനാട്)

മാനന്തവാടി ഡിവിഷനിൽ കോടമഞ്ഞു പുതച്ച നൂറേക്കറോളം വരുന്ന തേയിലത്തോട്ടങ്ങളും മലനിരകളും നിറഞ്ഞ പ്രകൃതിസൗഹൃദ കേന്ദ്രമാണ് കമ്പമല.



## സഞ്ചാരിയും കാടിന്റെ കാവലാളാകണം

**വനപരിപാലനവും ജൈവവൈവിധ്യ സംരക്ഷണവും മുൻനിർത്തി സഞ്ചാരികൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.**

- പല കേന്ദ്രങ്ങളിലും പ്രവേശനം പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഔദ്യോഗിക ഇക്കോടൂറിസം പോർട്ടലുകൾ വഴി മാത്രം മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യണം
- മിക്ക കേന്ദ്രങ്ങളിലേക്കും മുൻകൂട്ടി ബുക്കിങ് നിർബന്ധമാണ്.
- വനമേഖലകളിൽ മദ്യപാനം, പുകവലി, മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവ ശിക്ഷാർഹമാണ്.
- പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ, ഡിസ്പോസബിൾ വസ്തുക്കൾ എന്നിവ ഒഴിവാക്കണം.
- മൃഗങ്ങളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള കടും നിറങ്ങളിലുള്ള വസ്ത്രങ്ങൾ ഒഴിവാക്കി പ്രകൃതിയോട് ഇണങ്ങുന്ന മങ്ങിയ നിറങ്ങളിലുള്ള വസ്ത്രങ്ങൾ (ഒലിവ് പച്ച, തവിട്ട്) ധരിക്കുക.
- വനത്തിനുള്ളിൽ പൂർണ്ണ നിശബ്ദത പാലിക്കണം.
- വന്യജീവികൾക്ക് ഭക്ഷണം നൽകാനോ, അവയെ പ്രകോപിപ്പിക്കാനോ, ഫോട്ടോ എടുക്കാനോ ശ്രമിക്കരുത്.
- വനംവകുപ്പ് നിശ്ചയിച്ചിട്ടുള്ള പാതകളിലൂടെ മാത്രം യാത്ര ചെയ്യണം. ഇക്കോ -ഗൈഡുകളുടെ സഹായമില്ലാതെ ഒറ്റയ്ക്ക് യാത്ര ചെയ്യാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുക.

അരനൂറ്റാണ്ട് മുൻപ് ശ്രീലങ്കയിൽ നിന്ന് പുനരധിവസിപ്പിക്കപ്പെട്ടവരുടെ പിൻതലമുറക്കാരുടെ ജീവിതവും സംസ്കാരവും ഇവിടെ പ്രദേശത്തിന്റെ സവിശേഷതയാണ്. ഈ പ്രദേശത്ത് കമേലിയ ഇക്കോ കോട്ടേജുകളും ഡോർമിറ്ററിയും സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്.

### നെല്ലിയാമ്പതി (പാലക്കാട്) & വാഗമൺ (ഇടുക്കി)

നെല്ലിയാമ്പതിയിലെ മലനിരകളുടെ പ്രകൃതിസൗന്ദര്യം നിലനിർത്തിക്കൊണ്ടുള്ള വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കൊപ്പം, വാഗമൺ ഹിൽസ് ഗാർഡൻ അപൂർവയിനം ഓർക്കിഡുകൾ, റോസാ

## പ്രാദേശിക ശാക്തീകരണവും പരിസ്ഥിതി ബോധവൽക്കരണവും

പ്രാദേശിക ജനവിഭാഗങ്ങളെ പാർശ്വവൽക്കരിക്കാതെ അവരെ പദ്ധതികളുടെ ഭാഗമാക്കുന്നു എന്നതാണ് കേരളത്തിലെ ഇക്കോടൂറിസത്തിന്റെ ഏറ്റവും വലിയ സവിശേഷത. വനവാസി ഗോത്രവിഭാഗങ്ങൾക്കും ശ്രീലങ്കൻ അഭയാർഥികൾക്കും തോട്ടങ്ങളിലും ഇക്കോടൂറിസം മേഖലകളിലും തൊഴിൽ നൽകാൻ കേരളത്തിലെ ഇക്കോടൂറിസത്തിന് സാധിച്ചിട്ടുണ്ട്.

പരമ്പരാഗത വാച്ചർമാരെ സസ്യശാസ്ത്ര വിദഗ്ധരുടെ സഹായത്തോടെ മികച്ച ഇക്കോ-ഗൈഡുകളായി പരിശീലിപ്പിക്കുന്നത് വഴി ഇവർ സസ്യങ്ങളെക്കുറിച്ചും വന്യജീവികളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണ ലക്ഷ്യങ്ങളെക്കുറിച്ചും സഞ്ചാരികൾക്ക് കൃത്യമായ അറിവ് നൽകുന്ന അധ്യാപകരായി മാറുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന വരുമാനം തൊഴിലാളി ലയങ്ങളുടെ നവീകരണത്തിനും, ഓർഗാനിക് ഇക്കോ-ഷോപ്പുകളുടെ വികസനത്തിനും, മുള ഉൽപന്ന നിർമ്മാണം പോലുള്ള ചെറുകിട സംരംഭങ്ങൾക്കും വിനിയോഗിക്കുന്നു.

പരിസ്ഥിതി സംരക്ഷണം എന്നത് സാമ്പത്തിക വികസനത്തിന് തടസമല്ലെന്ന് കേരള ഇക്കോ ടൂറിസം മാതൃക തെളിയിക്കുന്നു. പ്രാദേശിക ജനവിഭാഗങ്ങളെ കാടിന്റെ കാവൽക്കാരാക്കിക്കൊണ്ട് സാമ്പത്തിക സുരക്ഷിതത്വവും ജൈവവൈവിധ്യ സംരക്ഷണവും എങ്ങനെ ഒന്നിച്ച് കൊണ്ടുപോകാമെന്ന് കാട്ടിത്തരുന്ന ഈ പ്രവർത്തനങ്ങൾ ആഗോള ഹരിത ടൂറിസത്തിന് എന്നും മികച്ചൊരു മാതൃകയാണ്.



പൂക്കൾ, ഫേണുകൾ, കള്ളിച്ചെടികൾ തുടങ്ങിയ സസ്യവൈവിധ്യത്തിന്റെ സംരക്ഷണത്തിനും പ്രദർശനത്തിനും പ്രാധാന്യം നൽകുന്നു.

കെ.എഫ്.ഡി.സി. കേന്ദ്രങ്ങൾക്ക് പുറമെ വനംവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും വനസംരക്ഷണ സമിതികളുടെ പങ്കാളിത്തത്തിലും നിരവധി വന ഇക്കോ ടൂറിസം കേന്ദ്രങ്ങളും കേരളത്തിലുണ്ട്.

### കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും

**കെ.എഫ്.ഡി.സി. കേന്ദ്രങ്ങൾ**
ഗവി, മീശപ്പുലിമല, അരിപ്പ, കമ്പമല, നെല്ലിയാമ്പതി, വാഗമൺ
ഫോൺ: +91 8289821004
ഇമെയിൽ: info@kfdcecotourism.com
kfdcecotourism.com

**കേരള വനംവകുപ്പ് കേന്ദ്രങ്ങൾ**
ecotourism.forest.kerala.gov.in
മൊബൈൽ ആപ്: 'Kerala Forest Ecotourism'

**തെന്മല ഇക്കോടൂറിസം കേന്ദ്രം**
thenmalaecotourism.com
ഫോൺ: +91 9496344800 / +91 4752344800

അതിൽ പ്രധാനപ്പെട്ടവ ഇവയാണ്

### പെരിയാർ കടുവ സങ്കേതം (തേക്കടി)

ഇന്ത്യയിലെ ഏറ്റവും മികച്ച രീതിയിൽ പരിപാലിക്കപ്പെടുന്ന വന്യജീവി സങ്കേതങ്ങളിലൊന്നാണ് പെരിയാർ കടുവ സങ്കേതം. പ്രകൃതിരമണീയമായ പെരിയാർ തടാകവും സമൃദ്ധമായ പച്ചപ്പും അപൂർവ ജൈവവൈവിധ്യവും ഈ പ്രദേശത്തെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമാക്കുന്നു. സഞ്ചാരികൾക്ക് ഗൈഡഡ് ട്രെക്കിങ്, ബോട്ട് സഫാരി, രാത്രികാല വനയാത്രകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത ബാംബൂ റാഫ്റ്റിങ് എന്നിവ ഇവിടെ ലഭ്യമാണ്.



### പറമ്പിക്കുളം കടുവ സങ്കേതം

വനം വകുപ്പിന്റെ കീഴിലുള്ള മറ്റൊരു ഇക്കോടൂറിസം കേന്ദ്രമാണ് വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളുടെ ആവാസ കേന്ദ്രവും സംരക്ഷിത വനമേഖലയുമായ പറമ്പിക്കുളം കടുവ സങ്കേതം. സമ്പന്നമായ ജൈവവൈവിധ്യത്തിനൊപ്പം തദ്ദേശീയ ആദിവാസി സമൂഹങ്ങളുടെ പങ്കാളിത്തമാണ് ഇവിടുത്തെ പ്രത്യേകത. പരിശീലനം നേടിയ പ്രാദേശികർ ഇക്കോ-ഗൈഡുകളായും വിവിധ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായും പ്രവർത്തിക്കുന്നു.

### വയനാട് വന്യജീവി സങ്കേതം

മുത്തങ്ങയും തോൽപ്പെട്ടിയും ഉൾപ്പെടുന്ന വയനാട് വന്യജീവിസങ്കേതത്തിൽ ആനകൾ, കാട്ടുപോത്തുകൾ തുടങ്ങിയ വന്യജീവികളെ നേരിൽ കാണാൻ സാധിക്കുന്ന നിയന്ത്രിത ജീപ്പ് സഫാരികൾക്ക് അവസരമുണ്ട്.

### ഇരവികുളം ദേശീയോദ്യാനം (മൂന്നാർ)

വംശനാശഭീഷണി നേരിടുന്ന വരയാടുകളുടെ സാന്നിധ്യം കൊണ്ട് ഏറെ ശ്രദ്ധേയമാണ് ഇരവികുളം ദേശീയോദ്യാനം. വരയാടുകളുടെ പ്രജനനകാലത്ത് ഏർപ്പെടുത്തുന്ന സന്ദർശക നിരോധനവും നിയന്ത്രണവും മികച്ച പരിസ്ഥിതി സംരക്ഷണത്തിന്റെ മാതൃകയാണ്

### സൈലന്റ് വാലി ദേശീയോദ്യാനം

മനുഷ്യ ഇടപെടൽ താരതമ്യേന കുറഞ്ഞ നിത്യഹരിത വനങ്ങളുടെ അപൂർവ ലോകമാണ് സൈലന്റ് വാലി. സിംഹവാലൻ കുരങ്ങ് ഉൾപ്പെടെയുള്ള അപൂർവ വന്യജീവികളുടെയും സസ്യജാലങ്ങളുടെയും ആവാസകേന്ദ്രമായ ഈ പ്രദേശം കേരളത്തിന്റെ പ്രകൃതിസംരക്ഷണ പൈതൃകത്തിന്റെ പ്രതീകമാണ്. ■

**ഡോ. പ്രേംശങ്കർ സി**
അസോ. പ്രൊഫസർ പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനീയറിങ്, ചെങ്ങന്നൂർ



**ഈ വർഷത്തെ അന്താരാഷ്ട്ര ടൂറിസം ദിനാഘോഷം 'ഡിജിറ്റൽ അജണ്ടയും നിർമ്മിത ബുദ്ധിയും' ടൂറിസം പുനഃരൂപകൽപനയ്ക്ക് എന്ന പ്രമേയമാണ് മുന്നോട്ടുവയ്ക്കുന്നത്. ടൂറിസത്തെ കൂടുതൽ ക്രിയാത്മകവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമാക്കാൻ നിർമ്മിത ബുദ്ധിയും ഡിജിറ്റൽ സാങ്കേതികവിദ്യയും എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഈ പ്രമേയം മുന്നോട്ടുവയ്ക്കുന്ന പ്രധാന ചിന്ത**







# അൽഗോരിതങ്ങളിൽ മാറുന്ന ടൂറിസം സമവാക്യങ്ങൾ

ടൂറിസത്തിന്റെ പരമ്പരാഗത സമവാക്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഒരിക്കൽ ഭൂപടങ്ങളും യാത്രാഗൈഡുകളും സുഹൃത്തുക്കളുടെ നിർദേശങ്ങളുമൊക്കെയായിരുന്നു യാത്രികന്റെ വഴികാട്ടികൾ. ഇന്നാകട്ടെ ഡാറ്റയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും അൽഗോരിതങ്ങളും നിർമ്മിതബുദ്ധിയും ഇഴചേർന്ന് സാധ്യതകളുടെ ഒരു മഹാ പ്രപഞ്ചം തന്നെ ഓരോ സഞ്ചാരിക്ക് മുന്നിലും തുറക്കപ്പെടുകയാണ്. അതിനൊപ്പം ഒട്ടേറെ സങ്കീർണ്ണതകളും പുതിയ കാലം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഒരു സഞ്ചാരി എന്താണ് കാണേണ്ടത് എന്നത് ഡിജിറ്റൽ ലോകം തീരുമാനിക്കുന്നു എന്നത് അതിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്.

ഒരു സ്ഥലത്തെക്കുറിച്ച് ഇന്ന് ലോകം അറിയുന്നത് അതിന്റെ ഭൗതിക സാന്നിധ്യം കൊണ്ടുമാത്രമല്ല; സെർച്ച് എൻജിനുകളും സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ആ സ്ഥലത്തിന്റെ ദൃശ്യത എങ്ങനെ നിർമ്മിക്കുന്നു എന്നത് കൂടി ആശ്രയപ്പെടുത്തിയാണ്. അത്തരത്തിൽ ഇടങ്ങളുടെ ദൃശ്യത നിർമ്മിക്കപ്പെടുമ്പോൾ ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിക്കുന്നതും നിലനിർത്തുന്നതും ശക്തമായ വെല്ലുവിളിയാവും. നിർമ്മിതബുദ്ധി കൂടി ഈ പ്രക്രിയയുടെ ഭാഗമാകുമ്പോൾ ടൂറിസം വ്യവസായ രംഗത്തും ശക്തമായ പൊളിച്ചെഴുത്തുകൾ ആവശ്യമായി വരും. ഈ മാറ്റത്തിന്റെ വ്യാപ്തി ഉൾക്കൊണ്ടുകൊണ്ടാണ് ലോക ടൂറിസം സംഘടന ഈ വർഷത്തെ ടൂറിസം ദിനാഘോഷങ്ങളുടെ ഭാഗമായി ഡിജിറ്റൽ അജണ്ടയും നിർമ്മിത ബുദ്ധിയും ടൂറിസം പുനരൂപകൽപനയ്ക്ക് (Digital Agenda and Artificial Intelligence to Redesign Tourism) എന്ന പ്രമേയം മുന്നോട്ടുവയ്ക്കുന്നത്. ടൂറിസത്തെ കൂടുതൽ ക്രിയാത്മകവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമാക്കാൻ നിർമ്മിതബുദ്ധിയും ഡിജിറ്റൽ സാങ്കേതികവിദ്യയും എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഈ പ്രമേയം മുന്നോട്ടുവയ്ക്കുന്ന പ്രധാന ചിന്ത.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രസക്തമാണ്. അറിയപ്പെടുന്ന ചില ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കപ്പുറം അറിയപ്പെടാത്ത ഗ്രാമങ്ങൾ, നാട്ടുഭക്ഷണം, ജീവിതരീതികൾ, കലകൾ, കൃഷി, ജലാശയങ്ങൾ, പൈതൃകസമ്പത്തുകൾ തുടങ്ങി അനേകം വൈവിധ്യങ്ങളിലാണ് കേരള ടൂറിസത്തിന്റെ വികസന സാധ്യതകൾ. അവയെ ഡിജിറ്റൽ ലോകത്തിന് മനസ്സിലാകുന്ന രീതിയിൽ രേഖപ്പെടുത്തുകയും അവതരിപ്പി

ക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ലോകത്തിന് മാതൃകയായ ഒരു ടൂറിസം ലക്ഷ്യസ്ഥാനമായി മാറാൻ കേരളത്തിന് സാധിക്കുകയുള്ളൂ.

നിർമ്മിതബുദ്ധിയുടെ വരവോടു കൂടി ടൂർ പ്ലാനിങ്ങിലും വൻ മാറ്റങ്ങളാണ് സംഭവിക്കുക. എവിടെ, എങ്ങനെ, എന്തെല്ലാം തുടങ്ങി ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൃത്യമായി എ ഐ നമുക്കായി പ്ലാൻ ചെയ്തു നൽകും. 'മൂന്ന് ദിവസത്തേക്ക് കുടുംബസമേതം പോകാൻ കഴിയുന്ന കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന, പ്രകൃതി രമണീയവും നല്ല ഭക്ഷണം ലഭിക്കുന്നതുമായ ഒരു സ്ഥലം നിർദേശിച്ച് യാത്ര പ്ലാൻ ചെയ്യാമോ?' എന്ന് ഒരു നിർമ്മിതബുദ്ധി ആപ്ലിക്കേഷന് പ്രോംപ്റ്റ് നൽകി എന്ന് കരുതുക. നിമിഷങ്ങൾക്കുള്ളിൽ പോകേണ്ട സ്ഥലങ്ങൾ, താമസസൗകര്യം, ഭക്ഷണാനുഭവങ്ങൾ, ഏകദേശ ബജറ്റ് തുടങ്ങി എല്ലാം ഉൾക്കൊള്ളുന്ന കൃത്യമായ യാത്രാപ്ലാൻ നമ്മുടെ മുന്നിലെത്തും.

ടൂറിസത്തിൽ എ ഐ എങ്ങനെ ഉപയോഗിക്കാം എന്നതിനപ്പുറം,എ ഐ ഇതിനകം തന്നെ ടൂറിസത്തെ എങ്ങനെ മാറ്റിക്കൊണ്ടിരിക്കുന്നു എന്നതാണ് സമകാലിക ലോകം ചർച്ച ചെയ്യുന്നത്. ഇപ്പോൾ യാത്രക്കാർ എവിടെ താമസിക്കണം, എന്ത് കാണണം, എവിടേക്ക് പോകണം തുടങ്ങിയ ചോദ്യങ്ങൾ എ ഐയോട് ചോദിച്ചുതുടങ്ങിയിരിക്കുന്ന സാഹചര്യത്തിലാണ് ഈ ചർച്ചയ്ക്ക് പ്രസക്തി വർധിക്കുന്നത്. ഇവിടെയാണ് ടൂറിസത്തിന്റെ പഴയ സമവാക്യങ്ങൾ മാറുന്നത്.

## ചെറിയ സംരംഭകർക്ക് വലിയ സാധ്യതകൾ

എ ഐ സൃഷ്ടിക്കുന്ന വിപ്ലവം യാത്രക്കാരിൽ മാത്രം ഒതുങ്ങുന്നില്ല. കേരളത്തിലെ സാധാരണ ഹോംസ്റ്റേ ഉടമകൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ഇത് വലിയ അവസരങ്ങൾ തുറന്നുനൽകുന്നു. വലിയ ഏജൻസികളുടെ സഹായമില്ലാതെ തന്നെ വെബ്സൈറ്റ് ഉള്ളടക്കം, പ്രോപ്പർട്ടി വിവരണം, സോഷ്യൽ മീഡിയ പോസ്റ്റുകൾ എന്നിവ നിമിഷനേരം കൊണ്ട് വിവിധ ഭാഷകളിൽ തയ്യാറാക്കാം എന്നുള്ളതാണ് ഇതിൽ പ്രധാനമായി എടുത്തുപറയേണ്ടത്.

ഒരു സാധാരണ ഗ്രാമത്തെ വില്ലേജ് വാക്ക്, അഗ്രി-ടൂറിസം, പ്രാദേശിക ഭക്ഷണാനുഭവം, ഫാം ടൂറിസം, സാംസ്കാരിക കേന്ദ്രം എന്നിങ്ങനെ വ്യത്യസ്ത ടൂറിസം ഉൽപന്നങ്ങളാക്കി മാറ്റി അവതരിപ്പിക്കാനും പുതിയ സാധ്യതകൾ തുറന്നുകാട്ടാനും നിർമ്മിതബുദ്ധിക്ക് സാധിക്കുന്നു. അതായത്, ഒരു കൃഷിയിടമാകട്ടെ, അടുക്കളയാകട്ടെ, ഒരു കലാകാരന്റെ വീടാകട്ടെ ചെറിയ ഒരു ഗ്രാമമാകട്ടെ ശരിയായ രീതിയിൽ രൂപകൽപന ചെയ്താൽ അത് ദിവസം മുഴുവൻ അനുഭവിക്കാവുന്ന ടൂറിസം ഉൽപന്നങ്ങളാക്കി മാറ്റാൻ സാധിക്കും. ഓരോരുത്തർക്കും അനുയോജ്യമായ രീതിയിൽ ഒരേ കേരളത്തെ തന്നെ വ്യത്യസ്ത അനുഭവങ്ങളായി അവതരിപ്പിക്കാൻ നിർമ്മിതബുദ്ധി സഹായിക്കുന്നു. ഒരേ കേരളത്തെ എല്ലാവർക്കും ഒരേ രീതിയിൽ വിൽക്കേണ്ട കാലം അവസാനിക്കുകയാണ്.

## നിർമ്മിത ബുദ്ധി നിർദേശിക്കുന്ന കേരള ടൂറിസം : 2030

കേരള ടൂറിസം ഇതിനകം തന്നെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. എന്നാൽ 2030-ലേക്കുള്ള നമ്മുടെ ലക്ഷ്യം അതിലും വലുതായിരിക്കണം. 'നിർമ്മിത ബുദ്ധി ഉപയോഗിക്കുന്ന കേരളം' എന്നതിലുപരി 'നിർമ്മിതബുദ്ധിക്ക് മനസ്സിലാകുന്ന, നിർമ്മിതബുദ്ധി കണ്ടെത്തുന്ന, നിർമ്മിത ബുദ്ധി ലോകത്തിന് ശുപാർശ ചെയ്യുന്ന കേരളം' എന്നതാകണം അത്.

'തിരക്കില്ലാത്ത കേരളത്തിൽ ചിലവഴിക്കാൻ കഴിയുന്ന സ്ഥലങ്ങൾ?' എന്നോ 'കേരളത്തനിമ മനസിലാക്കാൻ എവിടേക്ക് സഞ്ചരിക്കണം?' എന്നോ ഒരു സഞ്ചാരി ചോദിക്കുമ്പോൾ, നമ്മുടെ ചെറുതും വലുതുമായ ഡെസ്റ്റിനേഷനുകൾക്ക് ആ ഡിജിറ്റൽ ലോകത്ത് കൃത്യമായ സാന്നിധ്യം ഉണ്ടായിരിക്കണം. അതിനായി വിശ്വാസയോഗ്യമായ ടൂറിസം




ഡാറ്റ, ബഹുഭാഷാ ഉള്ളടക്കം, മികച്ച ചിത്രങ്ങൾ, വീഡിയോ എന്നിവ അനിവാര്യമാണ്. വലിയ ബ്രാൻഡുകൾക്ക് മാത്രം ഡിജിറ്റൽ ലോകത്ത് സ്വാധീനം ചെലുത്താൻ കഴിയുന്ന സാഹചര്യം മാറി പ്രാദേശിക സാധ്യതകൾക്കുകൂടി ലോകത്തിനു മുന്നിൽ എത്താൻ കഴിയണം.

## സ്മാർട്ട് ടൂറിസത്തിൽ നിന്ന് ഇന്റലിജന്റ് ടൂറിസത്തിലേക്ക്

2030-ഓടെ കേരള ടൂറിസം ഡാറ്റ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു 'ഡെസ്റ്റിനേഷൻ ഇന്റലിജൻസ് ഇക്കോസിസ്റ്റം' ആയി മാറേണ്ടതുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ തിരക്ക് നിയന്ത്രിക്കാൻ ബദൽ സ്ഥലങ്ങൾ നിർദേശിക്കുക, വിദേശസഞ്ചാരിക്ക് സ്വന്തം ഭാഷയിൽ കേരളത്തിന്റെ ചരിത്രവും സംസ്കാരവും മനസ്സിലാക്കാൻ സാധിക്കുക, കാലാവസ്ഥ അനുസരിച്ച് യാത്രാപദ്ധതികൾ സ്വയം പുനഃക്രമീകരിക്കുക, സഞ്ചാരികളുടെ ട്രെൻഡുകൾ വിശകലനം ചെയ്ത് ഓരോ ജില്ലയ്ക്കും പുതിയ പദ്ധതികൾ വികസിപ്പിക്കുക എന്നിവയെല്ലാം ഈ മാറ്റത്തിന്റെ ഭാഗമായി സംഭവിക്കും.

സാങ്കേതികവിദ്യയുടെ വളർച്ചയിൽ ചില അടിസ്ഥാന ചോദ്യങ്ങളും നമ്മൾ നേരിടേണ്ടതുണ്ട്. നിർമ്മിതബുദ്ധി പ്രാധാന്യം നൽകുക വലിയ ബ്രാൻഡുകൾക്കു മാത്രമായിരിക്കുമോ എന്നതും, നമ്മുടെ പ്രാദേശിക സംസ്കാരവും ഭാഷയും കൃത്യമായി പ്രതിനിധീകരിക്കപ്പെടുമോ എന്നതും ഗൗരവമായി കാണണം. അതുകൊണ്ടുതന്നെ കേരളത്തിന്റെ നിർമ്മിതബുദ്ധി ടൂറിസം കേവലം സാങ്കേതികവിദ്യയിൽ മാത്രം ഒതുങ്ങരുത്. മനുഷ്യൻ, നാട്, സംസ്കാരം, സുസ്ഥിരത, സാങ്കേതികവിദ്യ എന്നിവ സമന്വയിക്കുന്ന സമവാക്യത്തിലായിരിക്കണം അത് പടുത്തുയർത്തേണ്ടത്. നിർമ്മിതബുദ്ധി മനുഷ്യനെ മാറ്റിസ്ഥാപിക്കാനുള്ളതല്ല; മറിച്ച്, മനുഷ്യന്റെ അറിവിനെയും സേവനത്തെയും കൂടുതൽ ശാക്തീകരിക്കാനുള്ളതാണ്.

## അൽഗോരിതങ്ങൾ വരയ്ക്കുന്ന യാത്രാ മാപ്പ്

ഭാവിയിലെ ടൂറിസം മത്സരം ആരാണ് കൂടുതൽ സഞ്ചാരികളെ കൊണ്ടുവരുന്നത് എന്നതിലല്ല, മറിച്ച് ആരാണ് ശരിയായ സഞ്ചാരിയെ ശരിയായ സമയത്ത് ശരിയായ അനുഭവങ്ങളുമായി ബുദ്ധിപരമായി ബന്ധിപ്പിക്കുന്നത് എന്നതിലായിരിക്കും. ആഗോള യാത്രാമാപ്പിൽ കേരളം ഇനി അറിയപ്പെടേണ്ടത് 'God's Own Country - Intelligently Discovered' എന്ന നിലയിലാണ്. ■

**നിസാർ മുഹമ്മദ്**
മാധ്യമ പ്രവർത്തകൻ



**കുറഞ്ഞ ചെലവിൽ മികച്ച യാത്രകളൊരുക്കുന്ന കെ എസ് ആർ ടി സി ബജറ്റ് ടൂറിസം ഇതിനോടകം സൂപ്പർഹിറ്റായി മാറി. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പുറമേ ഹൈദരാബാദിലേക്കും ലക്ഷദ്വീപിലേക്കും വിനോദയാത്രകളൊരുക്കുകയാണ് കെ എസ് ആർ ടി സി**




# ആനവണ്ടിയിലെ വിനോദയാത്രകൾ

കേരളത്തിൽ സാധാരണക്കാരനു കുറഞ്ഞ ചെലവിൽ സുരക്ഷിതവും ആസ്വാദ്യകരവുമായി യാത്ര ചെയ്യാൻ അവസരമൊരുക്കിയ പദ്ധതിയാണ് കെ.എസ്.ആർ.ടി.സി ബജറ്റ് ടൂറിസം. വിനോദസഞ്ചാരികളെ ആകർഷിച്ച് കെ.എസ്.ആർ.ടി.സി നടപ്പിലാക്കിയ പദ്ധതി ഇന്ന് വിജയക്കുതിപ്പിലാണ്. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പുറമേ അതിർത്തി കടന്ന് ലക്ഷദ്വീപിലേക്കും ഹൈദരാബാദിലേക്കും വിനോദയാത്രയൊരുക്കിയിരിക്കുകയാണ് കോർപ്പറേഷൻ. 2024-2025 സാമ്പത്തിക വർഷത്തിൽ 43 കോടി രൂപയായിരുന്ന വരുമാനം, ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദം തുടക്കത്തിൽ തന്നെ 34 കോടി രൂപയായി ഉയർന്നു. കേവലം ബസ് യാത്രയിൽ ഒതുങ്ങി നിൽക്കാതെ കായലും കടലും മലനിരകളും വെള്ളച്ചാട്ടങ്ങളും തീർഥാടന കേന്ദ്രങ്ങളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന പാക്കേജുകളിലൂടെ, കേരളത്തിന്റെ അതിരുകൾ കടന്നുള്ള വിനോദ സഞ്ചാര പദ്ധതികളാണ് പ്രധാന ആകർഷണം.

നിലവിലുള്ള ഗവി, മൂന്നാർ, നെഫർറ്റിറ്റി കപ്പൽ യാത്ര തുടങ്ങിയവയ്ക്ക് പുറമെയാണ് പുതിയ പദ്ധതികളും പാക്കേജുകളും ബജറ്റ് ടൂറിസം സെൽ ആസൂത്രണം ചെയ്യുന്നത്.

## 'സൂപ്പർ ഹിറ്റാ'യി ഹൈദരാബാദ് പാക്കേജ്

കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിന് കീഴിൽ ഹൈദരാബാദിലേക്ക് ആരംഭിച്ച പുതിയ ബജറ്റ് ടൂറിസം പാക്കേജ് 'സൂപ്പർ ഹിറ്റ്'. രണ്ട് പകലും ഒരു രാത്രിയും നീളുന്ന ഹൈദരാബാദ് സന്ദർശനമുൾപ്പെടെ ആകെ നാല് ദിവസത്തെ യാത്രാ പദ്ധതിയാണിത്. യാത്രക്കാരുടെ പ്രവേശന ഫീസ്, ഭക്ഷണം, താമസം എന്നിവ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചരിത്രപ്രസിദ്ധമായ ഗോൽക്കൊണ്ട കോട്ട, സലാർ ജങ് മ്യൂസിയം, ഹൈദരാബാദിന്റെ അടയാളമായ ചാർമിനാർ, മക്ക മസ്ജിദ് എന്നിവിടങ്ങളിലെ കാഴ്ചകൾ കണ്ട് ആരംഭിക്കുന്ന യാത്രയിൽ സഞ്ചാരികൾക്ക് യഥേഷ്ടം പ്രാദേശിക വിപണിയിൽ സമയം ചെലവഴിക്കാനും സമയം ലഭിക്കുന്നു. ലുംബിനി പാർക്കും ഹുസൈൻ സാഗർ തടാകത്തിലൂടെ ബോട്ട് യാത്ര ചെയ്ത് ബുദ്ധപ്രതിമയും കണ്ട് വെണ്ണക്കല്ലിൽ തീർത്ത ബിർള മന്ദിർ സന്ദർശനത്തോടെ ഹൈദരാബാദിലെ ആദ്യ ദിനം അവസാനിക്കും.

തുടർകാഴ്ച ആരംഭിക്കുന്നത് ലോകപ്രശസ്തമായ റാമോജി ഫിലിം സിറ്റിയോടെയാണ്. ഒൻപതര മുതൽ വൈകുന്നേരം അഞ്ചര വരെ ഫിലിം സിറ്റിയിലെ വിവിധ സിനിമ സെറ്റുകളും അവിടെ നടക്കുന്ന തത്സമയ പരിപാടികളും ആസ്വദിക്കാം. ശേഷം വൈകുന്നേരം അഞ്ചരയോടെ കേരളത്തിലേക്കുള്ള മടക്കയാത്ര ആരംഭിക്കും.

മൂന്ന് പേർക്ക് പങ്കിടാവുന്ന മുറികളിലാണ് യാത്രക്കാർക്ക് താമസം ഒരുക്കിയിരിക്കുന്നത്. പ്രവേശന ഫീസ്, ഭക്ഷണം, താമസം എന്നിവ ഉൾപ്പെടുത്തിയ പാക്കേജ് ആണ് കെഎസ്ആർടിസി ലഭ്യമാക്കിയിരിക്കുന്നത്.

ഗോവയിലേക്ക് ആരംഭിച്ച് വിജയകരമായി തുടരുന്ന ഉല്ലാസയാത്രകൾക്ക് പിന്നാലെയാണ് ഹൈദരാബാദിലേക്കും ലക്ഷദ്വീപിലേക്കും കെഎസ്ആർടിസി പുതിയ യാത്രകൾ ഒരുക്കുന്നത്. ഹൈദരാബാദിലേക്കുള്ള ആദ്യ യാത്ര ഓഗസ്റ്റ് 19-ന്

## പാക്കേജുകളും പ്രതീക്ഷിക്കുന്ന ചെലവും

### മൂന്നാർ-കാന്തല്ലൂർ
കേരളത്തിലെ പ്രശസ്തമായ ഹിൽ സ്റ്റേഷനുകളായ മൂന്നാറും കാന്തല്ലൂരും സന്ദർശിക്കുന്ന പാക്കേജ്
**യാത്രാ ദൈർഘ്യം - 1-2 ദിവസം**
**ചെലവ് - 1,500 - 4,000 രൂപ**
പാക്കേജ് അനുസരിച്ച് ഭക്ഷണം, താമസം, സന്ദർശന കേന്ദ്രങ്ങളിലേക്കുള്ള യാത്ര തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടും.

### ഗവി
പത്തനംതിട്ടയിൽ നിന്ന് ഗവി, അടവി, വനമേഖലകൾ എന്നിവ ഉൾപ്പെടുത്തി നടത്തുന്ന പ്രകൃതി യാത്ര
**യാത്രാ ദൈർഘ്യം - ഏകദിന പാക്കേജുകൾ**
**ചെലവ് - 1,750 -2,000 രൂപ**
ചില പാക്കേജുകളിൽ ഭക്ഷണം, ഗൈഡ്, പ്രവേശന ഫീസ്, കുട്ടവഞ്ചി യാത്ര തുടങ്ങിയവ ഉൾപ്പെടുന്നു.

### പൊന്മുടി-കല്ലാർ
പൊന്മുടി, കല്ലാർ, മീൻമുട്ടി തുടങ്ങിയ പ്രകൃതിദത്ത കേന്ദ്രങ്ങൾ
**യാത്രാ ദൈർഘ്യം - ഏകദിന യാത്ര**
**ചെലവ് - 500- 800 രൂപ**

### ഇല്ലിക്കൽക്കല്ല് -ഇലവീഴാപൂഞ്ചിറ
സ്ഥലങ്ങൾ - കോട്ടയം, എറണാകുളം മേഖലകളിലെ മലനിരകൾ
**യാത്രാ ദൈർഘ്യം - ഏകദിന യാത്ര**
**ചെലവ് - 800-1,100 രൂപ**

### മലക്കപ്പാറ-ആതിരപ്പിള്ളി-വാഴച്ചാൽ
വനപ്രദേശങ്ങൾ, വെള്ളച്ചാട്ടങ്ങൾ, മലനിരകൾ എന്നിവ ആസ്വദിക്കാവുന്ന ജനപ്രിയ യാത്ര.
**യാത്രാ ദൈർഘ്യം - 1-2 ദിവസത്തെ വിവിധ പാക്കേജുകൾ**
**ചെലവ് - 1,300- 4,000 രൂപ**



## ജില്ലാതല പാക്കേജ്

യാത്രാവിവരങ്ങൾ, സീറ്റ് ലഭ്യത, ബുക്കിങ് തുടങ്ങി കെ.എസ്. ആർ.ടി.സി ബജറ്റ് ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നമ്പറുകൾ

തിരുവനന്തപുരം നോർത്ത്: +9188619378

തിരുവനന്തപുരം സൗത്ത്: +9188938522

കൊല്ലം: +9188938523

പത്തനംതിട്ട: +9188938524

ആലപ്പുഴ: +9188938525

കോട്ടയം: +9188938526

ഇടുക്കി: +9188938527

എറണാകുളം: +9188938528

തൃശൂർ: +9188938529

പാലക്കാട്: +9188938530

മലപ്പുറം: +9188938531

കോഴിക്കോട്: +9188938532

വയനാട്: +9188938533

കണ്ണൂർ, കാസർഗോഡ്: +9188938534

ആരംഭിച്ചു. 17,950 രൂപയാണ് യാത്രാ നിരക്ക്. ഇതിനു പിന്നാലെയാണ് ലക്ഷദ്വീപിലേക്കുള്ള യാത്രയും പദ്ധതിയിടുന്നത്

ഇതു കൂടാതെ തമിഴ്നാട്ടിലെ തെങ്കാശി, സുന്ദരപാണ്ഡ്യപുരം സൂര്യകാന്തി പാടങ്ങളിലേക്കുള്ള യാത്രകൾ നടന്നുവരികയാണ്. സെപ്റ്റംബർ മാസത്തിൽ ഈ യാത്രകൾ 1,110 രൂപ നിരക്കിൽ ലഭ്യമാണ്.

### ആകർഷകമായി ഓണം പാക്കേജുകൾ

ഓണം സീസണിനോട് അനുബന്ധിച്ചു ഒട്ടേറെ പാക്കേജുകളാണ് കെഎസ്ആർടിസി ഒരുക്കിയത്. ഓഗസ്റ്റ് 19 മുതൽ സെപ്റ്റംബർ ഏഴ് വരെയുള്ള 31 പുതിയ പാക്കേജുകളാണ് പ്രഖ്യാപിച്ചത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പള്ളിയോട സേവാ സംഘവുമായി സഹകരിച്ച് നടത്തുന്ന പഞ്ചപാണ്ഡവക്ഷേത്ര ദർശനവും ആറന്മുള വള്ളസദ്യയുമാണ്. ഓഗസ്റ്റ് 19, 29, സെപ്റ്റംബർ ഒന്ന്, ഏഴ്, 11 തീയതികളിലായി ക്രമീകരിച്ചിരിക്കുന്ന ഈ യാത്രയ്ക്ക് 910 രൂപയാണ് നിരക്ക്. അഞ്ച് വിഷ്ണു ക്ഷേത്രങ്ങൾ, ആറന്മുള കണ്ണാടി നിർമാണ കേന്ദ്രം, തൃക്കാക്കുടി ഗുഹാ ക്ഷേത്രം എന്നിവ സന്ദർശിക്കാം. ജീപ്പ് യാത്രയും ശീതീകരിച്ച ഡോർമിറ്ററി താമസവും ഉൾപ്പെടെ 2,450 രൂപയ്ക്കാണ് മൂന്നാർ, കാന്തല്ലൂർ ക്രമീകരിച്ചിരിക്കുന്നത്. തിരുവോണദിനമായ ആഗസ്റ്റ് 26-ന് ഓണസദ്യയോടൊപ്പം നടത്തിയ പൊന്മുടി യാത്രയും കുട്ടവഞ്ചി യാത്രയും ഉച്ചഭക്ഷണവും അടങ്ങുന്ന ഗവി യാത്രയും സൂപ്പർ ഹിറ്റായി. സെപ്റ്റംബർ 6, 26 തീയതികളിൽ കൊല്ലത്തുനിന്ന് എറണാകുളത്തേക്ക് ആഡംബര കപ്പലായ നെഫർറ്റിറ്റി യാത്രയും ക്രമീകരിച്ചിട്ടുണ്ട്. 3,840 രൂപയാണ് നിരക്ക്. മറ്റ് പ്രധാന പാക്കേജുകളും നിരക്കുകളും ഇപ്രകാരമാണ്: ഇല്ലിക്കൽ കല്ല് (820 രൂപ), പൂവാർ ബോട്ടിങ് (1,110 രൂപ), മലരിക്കൽ ആമ്പൽ വസന്തം (890 രൂപ), റോസ്മല-പാലരുവി (520 രൂപ), നെല്ലിയാമ്പതി-പാലക്കാട് (2,000 രൂപ), പുള്ളിക്കാനം (840 രൂപ), വാഗമൺ (1,020 രൂപ), കുമരകം ഹൗസ് ബോട്ട് (1,780 രൂപ).

### നഗരക്കാഴ്ചകളും ഡബിൾ ഡെക്കർ യാത്രകളും

തിരുവനന്തപുരം നഗരക്കാഴ്ചകൾക്കായി






## വയനാട്

എടക്കൽ ഗുഹ, കാരാപ്പുഴ, വനമേഖലകൾ തുടങ്ങി നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുന്ന യാത്ര.
**യാത്രാ ദൈർഘ്യം - സാധാരണയായി 2 ദിവസത്തെ പാക്കേജുകൾ**
**ചെലവ് - 3,000-5,000 രൂപ**
പാക്കേജ് അനുസരിച്ച് താമസവും ഭക്ഷണവും ഉൾപ്പെടും.

## റോസ്മല-തെന്മ-പാലരുവി

കൊല്ലം ജില്ലയിലെ മലനാട്, വനപ്രദേശം, വെള്ളച്ചാട്ടങ്ങൾ എന്നിവ ആസ്വദിക്കാവുന്ന മനോഹരമായ യാത്ര.
**യാത്രാ ദൈർഘ്യം - ഏകദിന യാത്ര**
**ചെലവ് - 500-1,000 രൂപ**

## കുമരകം-ആലപ്പുഴ- ഹൗസ്ബോട്ട്

കേരളത്തിന്റെ കായൽ സൗന്ദര്യം അടുത്തറിയാൻ ഹൗസ്ബോട്ട് യാത്രകൾ കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കോ ഓർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്,
**യാത്രാ ദൈർഘ്യം - പല പാക്കേജുകൾ**

ഏകദിന യാത്രകൾക്കും ഭക്ഷണം ഉൾപ്പെടുത്തിയ പ്രത്യേക പാക്കേജുകൾക്കും വ്യത്യസ്ത നിരക്കുകളുണ്ട്

## തിരുവനന്തപുരം ഡബിൾ ഡക്കർ യാത്ര

ഓപ്പൺ ഡെക്ക് ഇലക്ട്രിക് ഡബിൾ ഡക്കർ ബസിൽ തിരുവനന്തപുരം നഗരത്തിലെ പ്രധാന കാഴ്ചകൾ ആസ്വദിക്കാം. ശ്രീപദ്മനാഭസ്വാമി ക്ഷേത്രം, സെക്രട്ടേറിയറ്റ്, നിയമസഭ, മ്യൂസിയം, കനകക്കുന്ന്, കോവളം തുടങ്ങിയ പ്രധാന കേന്ദ്രങ്ങൾ ഉൾപ്പെടുത്തി പകൽ, രാത്രി സർവീസുകൾ നടത്തുന്നു.

## വനിതകൾക്കും ഗ്രൂപ്പുകൾക്കും

വനിതാകൂട്ടായ്മകൾ, കുടുംബങ്ങൾ, സുഹൃദ് സംഘങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവരുടെ ആവശ്യാനുസരണം പ്രത്യേക ഗ്രൂപ്പ് ടൂർ പാക്കേജുകൾ ക്രമീകരിക്കുന്നതാണ്. വലിയ ഗ്രൂപ്പ് ബുക്കിങ്ങുകൾക്ക് ലഭ്യമായ ഇളവുകളും പാക്കേജ് അടിസ്ഥാനത്തിൽ പരിഗണിക്കും.

## പറക്കാം ലക്ഷദ്വീപിലേക്ക്

കടൽ കടന്നു പറക്കാൻ കെ.എസ്.ആർ.ടി.സി തയ്യാറെടുക്കുകയാണ്. ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി ലക്ഷദ്വീപിലേക്കാണ് പുതിയ പാക്കേജ്. യാത്രക്കാർക്ക് രണ്ടുതരം പാക്കേജുകൾ തിരഞ്ഞെടുക്കാൻ അവസരമുണ്ട്. ഹോംസ്റ്റേ പാക്കേജും റിസോർട്ട്സ്റ്റേ പാക്കേജും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യാത്ര ആരംഭിച്ച് തിരികെ അവിടെ അവസാനിക്കുന്ന തരത്തിലാണ് പാക്കേജുകൾ ക്രമീകരിച്ചിരിക്കുന്നത്. നാലു പകലും മൂന്ന് രാത്രിയും നീളുന്ന ഹോംസ്റ്റേ പാക്കേജിന് ഈ മാസം 29500/ രൂപയും റിസോർട്ട്സ്റ്റേ പാക്കേജിന് 39900/ രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ വിമാനനിരക്ക് അനുസരിച്ച് പാക്കേജ് തുകയിൽ ചില മാറ്റങ്ങൾ ഉണ്ടാകാം. വിമാനയാത്ര, പ്രവേശന പെർമിറ്റ് ഫീസ്, താമസം, ഭക്ഷണം, ദ്വീപിനുള്ളിലെ ഗതാഗതം, മറ്റ് വിനോദസഞ്ചാര പ്രവർത്തനങ്ങൾ എന്നിവയെല്ലാം പാക്കേജിൽ ഉൾപ്പെടുന്നു. വിമാനത്താവളം വരെയുള്ള യാത്രാ ചെലവ് യാത്രക്കാർ സ്വന്തം നിലയ്ക്കാണ് വഹിക്കേണ്ടത്. ആദ്യഘട്ടമായി പത്തു വീതം യാത്രക്കാർ ഉൾപ്പെടുന്ന ചെറു ഗ്രൂപ്പുകൾ ആയിട്ടാണ് പാക്കേജ് സംഘടിപ്പിക്കുക. കെ.എസ്. ആർ.ടി.സി ബജറ്റ് ടൂറിസം നടത്തുന്ന പാക്കേജുകളിൽ വിമാനയാത്ര ഉൾപ്പെടുന്ന ആദ്യ പാക്കേജാണിത്.

ആരംഭിച്ച ഇലക്ട്രിക് ഡബിൾ ഡക്കർ ബസ് സർവീസ് ഇതിനോടകം വൻ ലാഭമാണ് കോർപ്പറേഷന് നേടിക്കൊടുത്തത്. 1,191 സർവീസുകൾ നടത്തിയതിലൂടെ രണ്ട് കോടിയിലധികം രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കി. മൂന്നാറിലെ 'റോയൽ വ്യൂ' ഗ്ലാസ് ടോപ്പ് ഡബിൾ ഡക്കർ സർവീസും വൻ വിജയമായതോടെ രണ്ടാമതൊരു ബസ് കൂടി 'റോയൽ വ്യൂ രണ്ട്' എന്ന പേരിൽ സർവീസ് ആരംഭിച്ചിട്ടുണ്ട്. കൊച്ചി നഗരക്കാഴ്ചകൾ ആസ്വദിക്കാൻ കൊച്ചി ഡബിൾ ഡക്കർ സിറ്റി ടൂർ പദ്ധതിയും ഒരുക്കിയിട്ടുണ്ട്. പ്രത്യേക തീമിൽ ബ്രാൻഡ് ചെയ്ത ബസുകൾ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നു.



### വിനോദയാത്രകൾക്ക് പുറമേ തീർഥാടകർക്ക് ഏറെ പ്രയോജനപ്പെടുന്ന പദ്ധതികളും ബജറ്റ് ടൂറിസം സെല്ലിന് കീഴിലുണ്ട്

### തീർഥാടന പാക്കേജുകൾ

വിനോദയാത്രകൾക്ക് പുറമേ തീർഥാടകർക്ക് ഏറെ പ്രയോജനപ്പെടുന്ന പദ്ധതികളും ബജറ്റ് ടൂറിസം സെല്ലിന് കീഴിലുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന പുതിയ പാക്കേജിൽ ദർശനത്തിനെത്തുന്നവർക്ക് ഡോർമിറ്ററി സൗകര്യവും പ്രത്യേക ക്യൂവിലൂടെ ദർശന സൗകര്യവും ഒരുക്കും. ദശാവതാര ക്ഷേത്ര ദർശനം, നാലമ്പല ദർശനം, കൃപാസനം പാക്കേജ് എന്നിവയും രാമേശ്വരം, മധുര തുടങ്ങിയ അന്തർസംസ്ഥാന തീർഥാടന പാക്കേജുകളും യാത്രക്കാർക്കായി ഒരുക്കിയിട്ടുണ്ട്.

### വിദ്യാർഥികൾക്കായി ട്രാവൽ ടു ടെക്നോളജി

വിദ്യാർഥികൾക്ക് വിനോദത്തോടൊപ്പം വിജ്ഞാനവും ലഭ്യമാക്കുന്ന തരത്തിൽ കുറഞ്ഞ ചെലവിലുള്ള പഠനയാത്രകളാണ് ട്രാവൽ ടു ടെക്നോളജി പദ്ധതിയിലുള്ളത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, മിൽമ, ഐ.എസ്.ആർ.ഒ തുടങ്ങിയ പ്രധാന സ്ഥാപനങ്ങളിലേക്കാണ് സന്ദർശനം. സ്കൂളുകളെയും കോളേജുകളെയും കേന്ദ്രീകരിച്ച് നടത്തുന്ന ഈ വിദ്യാർഥി ടൂറിസം പദ്ധതി ഇതിനോടകം വൻ വിജയമായിക്കഴിഞ്ഞു.

### ബജറ്റ് ടൂറിസം പ്രധാന യാത്രകളും ചെലവും

എല്ലാ ടൂറിസം പാക്കേജുകൾക്കും വിവിധ പോയന്റുകളിൽ നിന്നും പാക്കേജിന്റെ ഭാഗമാകാൻ അവസരമുണ്ടാകും. ബോർഡിങ് പോയന്റിന്റെ വ്യത്യാസമനുസരിച്ചും മറ്റും പാക്കേജ് ചെലവുകളിൽ മാറ്റമുണ്ടാകും. ■

വിവേക് വി എസ്
ഐ പി ആർ ഡി



# വ്യവസായച്ചിറകിലേറി ടൂറിസം

പ്രകൃതിസൗന്ദര്യംകൊണ്ട് ലോകമെമ്പാടുമുള്ള സഞ്ചാരികളെ എന്നും വിസ്മയിപ്പിച്ചിട്ടുള്ള നാടാണ് കേരളം. കാലത്തിന്റെ ചുവടുപിടിച്ച്, വികസനത്തിന്റെ പുതിയൊരു പാതയിലേക്ക് വിനോദസഞ്ചാര മേഖലയെ കൈപിടിച്ചുയർത്തുകയാണ് സംസ്ഥാന സർക്കാർ. 2026-2027 ലെ പുതുക്കിയ സംസ്ഥാന ബജറ്റിലെ സുപ്രധാനമായ പ്രഖ്യാപനത്തിലൂടെ കേരള ടൂറിസത്തിന് ഔദ്യോഗികമായി വ്യവസായ പദവി ലഭിച്ചിരിക്കുകയാണ്.

വ്യവസായ പദവി ലഭിക്കുന്നതിലൂടെ, സംസ്ഥാനത്ത് മറ്റ് വ്യവസായ സംരംഭങ്ങൾക്ക് നിലവിൽ ലഭ്യമാകുന്ന എല്ലാവിധ ആനുകൂല്യങ്ങളും സഹായങ്ങളും വിനോദസഞ്ചാര മേഖലയ്ക്കും പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിക്കും.

വിനോദസഞ്ചാര മേഖലയ്ക്ക് ലഭ്യമാകുന്ന വ്യവസായ പദവി കേരളത്തിന്റെ സമഗ്ര വികസനത്തിന് എങ്ങനെ കരുത്തേകുമെന്നും പ്രായോഗിക തലത്തിൽ എങ്ങനെ പ്രതിഫലിക്കുമെന്നും ടൂറിസവുമായി ബന്ധപ്പെട്ട് വിവിധ മേഖലയിൽപ്രവർത്തിക്കുന്നവർ വിലയിരുത്തുന്നു.

## സമഗ്രമാറ്റത്തിന് കളമൊരുങ്ങും

**സജീവ് കുറുപ്പ് വി.**
**ആയുർവേദ ചികിത്സാസംരംഭകൻ**



കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് വ്യവസായ പദവി നൽകാനുള്ള തീരുമാനം ഏറെക്കാലമായി കാത്തിരുന്നതും സുപ്രധാനവുമായ ഒരു ചുവടുവെപ്പാണ്. വിനോദസഞ്ചാരം ഇന്ന് കേവലമൊരു സേവനമേഖല മാത്രമല്ല. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലും വിദേശനാണ്യം നേടിത്തരുന്നതിലും തദ്ദേശീയ സമൂഹങ്ങളുടെ വികസനത്തിലും ഈ മേഖല നിർണ്ണായക പങ്കുവഹിക്കുന്നു.

വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉത്തരവാദിത്തമുള്ള സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ കഴിയും എന്നതാണ് വ്യവസായ പദവി തുറന്നിടുന്ന ഏറ്റവും വലിയ സാധ്യത. മികച്ച താമസസൗകര്യങ്ങൾ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, സാഹസിക ടൂറിസം ഉൽപന്നങ്ങൾ, മൈസ് (യോഗങ്ങൾ, പ്രോത്സാഹന യാത്രകൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ) എന്ന ആശയത്തിൽ ഊന്നിയുള്ള പശ്ചാത്തല സൗകര്യങ്ങൾ, ഗ്രാമീണ അനുഭവാധിഷ്ഠിത ടൂറിസം പദ്ധതികൾ, മികച്ച ഗതാഗത സൗകര്യങ്ങൾ എന്നിവ ഇന്ന് കേരളത്തിന് അനിവാര്യമാണ്. പ്രത്യേകിച്ച്, നമ്മുടെ പതിവ് വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പുറമെയുള്ള പുതിയ ഇടങ്ങളിലേക്ക് കൂടുതൽ നിക്ഷേപമെത്താൻ പുതിയ നയം കളമൊരുക്കും.

മാറ്റങ്ങൾ നിക്ഷേപസൗഹൃദമാവേണ്ടതുണ്ട്. വ്യവസായ പദവി നൽകുന്നതിനൊപ്പം സംരംഭങ്ങൾക്കായുള്ള ചട്ടങ്ങളും ഏകജാലക അനുമതികളും സുഗമമാക്കുക, സ്ഥാപനാധിഷ്ഠിത ധനസമാഹരണം ലഭ്യമാക്കുക, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങൾ കൂടി പ്രാവർത്തികമാക്കേണ്ടതുണ്ട്.



## കാന്റിലിവറും കയാക്കുകളും കേരളത്തോട് പറയുന്നത്

**ജോ എ സ്കറിയ**
**ഫിനാൻഷ്യൽ ജേർണലിസ്റ്റ്**

മനോഹരമായ കായലുകൾ, 600 കിലോമീറ്റർ നീളമുള്ള തീരപ്രദേശം, ഉഷ്ണമേഖലാ മഴക്കാടുകൾ, ഹിൽ സ്റ്റേഷനുകൾ, ബീച്ചുകൾ, ഹൗസ് ബോട്ടുകൾ, തടാകങ്ങൾ, തോട്ടുകൾ വന്യജീവികൾ, ആയുർവേദം, ഉയർന്ന സ്ത്രീ സുരക്ഷ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ തുടങ്ങി സഞ്ചരികളെ കൊതിപ്പിക്കുന്ന നിരവധി സവിശേഷതകൾ കേരളത്തിനുണ്ട്.

ഇത്രയൊക്കെയുണ്ടായിട്ടും കേരളം വിനോദസഞ്ചാര മേഖലയിലെ മുൻനിരയിൽ ഇനിയും എത്തിയിട്ടില്ലെങ്കിൽ, അത് വലിയൊരു പോരായ്മ തന്നെയാണ്.

വിനോദസഞ്ചാര മേഖലയ്ക്ക് 'വ്യവസായ പദവി'യും അനുബന്ധ ആനുകൂല്യങ്ങളും ലഭിച്ചിരുന്നില്ല എന്നതാണ് അതിന്റെ പ്രധാന കാരണങ്ങളിലൊന്ന്. എന്നാൽ ആ കുറവ് പുതിയ സർക്കാർ നികത്തിയിരിക്കുകയാണ്. കേരളത്തിലെ ടൂറിസം മേഖലയുടെ പുതിയ കുതിപ്പിനുള്ള ഒരു തുടക്കമായി ഈ വ്യവസായ പദവി പ്രഖ്യാപനത്തെ കാണാം.

വിവിധ തരത്തിലുള്ള സബ്സിഡികൾ, ഏകജാലക അനുമതികൾ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമുള്ള കൂടുതൽ നിക്ഷേപം എന്നിവയാണ് പ്രധാന മാറ്റങ്ങൾ. ടൂറിസത്തെ ഒരു വ്യവസായമായി അംഗീകരിക്കാനുള്ള സർക്കാരിന്റെ സന്നദ്ധതയും അതിലൂടെയുണ്ടാകുന്ന ആത്മവിശ്വാസവുമാണ് ഈ നിക്ഷേപങ്ങളെ ആകർഷിക്കുന്നത്. ഇതിനൊപ്പം ഈ അധിക നിക്ഷേപം സംസ്ഥാനത്ത് കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറക്കുന്നതിലേക്ക് നയിക്കുകയും കേരളത്തിന്റെ മൊത്തത്തിലുള്ള ടൂറിസം സാധ്യതകളെ കൂടുതൽ സമ്പന്നമാക്കുകയും ചെയ്യും.

കേരളത്തിൽ വരാനിരിക്കുന്ന നിക്ഷേപ സാധ്യതകൾ വ്യക്തമാക്കാൻ സമീപകാലത്തെ രണ്ട് ഉദാഹരണങ്ങൾ മാത്രം മതിയാകും. ഒന്ന് നൂറുകണക്കിന് സന്ദർശകരെ ആകർഷിക്കുന്ന വാഗമണ്ണിനടുത്തുള്ള കോലാഹലമേട്ടിലെ കാന്റിലിവർ ഗ്ലാസ് ബ്രിഡ്ജ് ആണ്. രണ്ടാമത്തേത് കൊച്ചിയുടെ പ്രാന്തപ്രദേശമായ ഞാറയ്ക്കലിൽ നിർമ്മിക്കുന്ന കയാക്കുകളാണ്. അതിന്റെ ആദ്യ ബാച്ച് ഇതിനകം പുറത്തിറക്കിക്കഴിഞ്ഞു. കേരളത്തിന്റെ വാട്ടർസ്പോർട്സ് മേഖല ഗണ്യമായ രീതിയിൽ കുതിച്ചുയരാൻ തുടങ്ങുന്നതിന്റെ സൂചനയാണിത് നൽകുന്നത്.

ലോകത്തെ ഏറ്റവും മികച്ചവരോട് മത്സരിക്കാൻ കഴിവുള്ളവരാണ് സംരംഭകരായ മലയാളികൾ എന്നതിന്റെ വ്യക്തമായ ഉദാഹരണമായി ഇതിനെ കാണാം.

## അറബ് സഞ്ചാരികളുടെ വിരുന്നു കാലം

**ഇ എം നജീബ്**
**ടൂറിസം സംരംഭകൻ**



കേരളത്തിൽ ഏകദേശം ഒരുലക്ഷത്തിൽ അധികം ടൂറിസം സംരംഭകരും ഇരുപത് ലക്ഷത്തിൽ അധികം സാങ്കേതിക വൈദഗ്ദ്യം നേടിയവരും പരിശീലനം സിദ്ധിച്ചവരും തുടങ്ങി ടാക്സി ഡ്രൈവർമാർ, ബോട്ട് ജീവനക്കാർ, പൂന്തോട്ട പരിപാലകർ വരെയുള്ള തൊഴിലാളികളും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയിൽ നിക്ഷേപിച്ചിരിക്കുന്ന സംരംഭകരിൽ 90% പേരും മലയാളികളാണ്.

സർക്കാർ അടിസ്ഥാനവികസനത്തിലും വിപണനതന്ത്രങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ സ്വകാര്യ മേഖലയാണ് ഹോട്ടലുകൾ, റിസോർട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ, ടൂർ ഓപ്പറേഷൻ, ട്രാൻസ്പോർട് ഓപ്പറേഷൻ തുടങ്ങി വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നത്. ഏകദേശം മൂന്നുലക്ഷം കോടിയിൽ അധികം സ്വകാര്യ നിക്ഷേപം കേരളത്തിൽ ടൂറിസത്തിലും അനുബന്ധ വ്യവസായങ്ങളിലും ഉള്ളതായാണ് കണക്കാക്കപ്പെടുന്നത്.

ആദ്യ കാലങ്ങളിൽ യൂറോപ്പിൽ നിന്നുള്ള വിദേശ സഞ്ചാരികൾ ആയിരുന്നു നമ്മുടെ മുഖ്യ വരുമാന മാർഗമെങ്കിൽ കാലാന്തരത്തിൽ ആഭ്യന്തര ടൂറിസം വിപണി വികസിക്കുകയും ഇന്നത് മേഖലയുടെ നട്ടെല്ലായി മാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് കാലഘട്ടത്തിന് ശേഷം അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾ വലിയ തോതിൽ കേരളത്തിലേക്ക് ആകർഷിക്കപ്പെടുകയും 2024 മുതൽ ഒമാൻ യു എസ്സിനും യു കെക്കും പിറകിലായി ജർമ്മനിയെയും ഫ്രാൻസിനെയും പിന്തള്ളി മൂന്നാം സ്ഥാനത്ത് എത്തുകയും ചെയ്തത് നമ്മുടെ അന്താരാഷ്ട്ര വിപണിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ സൂചിപ്പിക്കുന്നു.

ടൂറിസത്തിന്റെ സമീപ ഭാവിയിലേക്ക് നോക്കുമ്പോൾ, ജി.സി.സി ഉൾപ്പെടെയുള്ള അറബ് വിപണി ഇന്ത്യയുടെ ഇൻബൗണ്ട് ടൂറിസത്തിന് ഏറ്റവും വലിയ വളർച്ചാ സാധ്യതകളിലൊന്നാണ് തുറന്നു നൽകുന്നത്. ഈ സഞ്ചാരികൾ ധാരാളമായി പണം ചിലവഴിക്കുന്നവരും, വർഷം മുഴുവൻ യാത്ര ചെയ്യുന്നവരും, കുടുംബത്തോടൊപ്പമുള്ള യാത്രകൾക്ക് മുൻഗണന നൽകുന്നവരുമാണ്. കൂടാതെ വെൽനസ്, മെഡിക്കൽ, ആഡംബരം, അനുഭവാധിഷ്ഠിത ടൂറിസത്തിൽ ഇവർക്ക് വലിയ താൽപര്യമുണ്ട്. ഇന്ത്യയിലേക്ക് ആകെ ലഭ്യമായ ആഗോള എയർലൈൻ കണക്റ്റിവിറ്റിയുടെ 37 ശതമാനത്തിലധികം ജി.സി.സി രാജ്യങ്ങളിലേക്കുള്ള നേരിട്ടുള്ള വിമാന സർവീസുകളാണ്. മറ്റ് ടൂറിസം രാജ്യങ്ങൾക്ക് അവകാശപ്പെടാനില്ലാത്ത തന്ത്രപ്രധാനമായ ഒരു നേട്ടമാണിത്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, തുടങ്ങിയ നഗരങ്ങളിൽ വിനോദത്തിനും മെഡിക്കൽ ആവശ്യങ്ങൾക്കുമായി എത്തുന്ന അറബ് സന്ദർശകരുടെ എണ്ണത്തിൽ ഇതിനകം തന്നെ വലിയ വർധനവുണ്ട്. ഈ മുന്നേറ്റം കൂടുതൽ ടൂറിസം കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുകയും മികച്ച ലക്ഷ്യബോധത്തോടെ വിപണനം നടത്തുകയും ചെയ്യുക എന്നതാണ് ഇപ്പോഴുള്ള അവസരം.

ആഗോളതലത്തിൽ തന്നെ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന വിനോദ സഞ്ചാരികളിൽ ഉൾപ്പെട്ടവരാണ് ജി.സി.സി സഞ്ചാരികൾ. പ്രധാനമായി, അവർ ഇന്ത്യയിലെ പരമ്പരാഗത ഓഫ്-സീസൺ ആയ ജൂൺ-ആഗസ്റ്റ് മാസങ്ങളിലാണ് സന്ദർശനം നടത്തുന്നത്. ഇത് ടൂറിസം ബിസിനസുകൾക്ക് വർഷം മുഴുവൻ വരുമാനം ഉറപ്പാക്കാൻ സഹായിക്കുന്നു..

മെഡിക്കൽ വാല്യൂ ട്രാവൽ ആണ് അറബ് സഞ്ചാരികളെ ലക്ഷ്യം വച്ചുകൊണ്ടുള്ള മറ്റൊരു മേഖല. ലോകോത്തര ആശുപത്രികൾ, കുറഞ്ഞ ചെലവ്, പ്രവാസി സമൂഹത്തിന്റെ സാന്നിധ്യം എന്നിവയാൽ കൊച്ചി, തിരുവനന്തപുരം, ബംഗളൂരു തുടങ്ങിയ നഗരങ്ങൾ അറബ് മെഡിക്കൽ സന്ദർശകരുടെ ശക്തമായ അടിത്തറ ഇതിനകം നിർമ്മിച്ചെടുത്തിട്ടുണ്ട്. അടുത്ത ദശകത്തിൽ ഇന്ത്യൻ ഇൻബൗണ്ട് ടൂറിസത്തിന്, പ്രത്യേകിച്ചും കേരളത്തിന്, ഏറ്റവും പ്രതീക്ഷ നൽകുന്ന വളർച്ചാ അവസരങ്ങളിലൊന്നാണ് അറബ് യാത്രാ വിപണി. 2026 ആഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇന്തോ-അറബ് കണക്ട് 2026 വ്യക്തമാക്കുന്നതും അതാണ്.

ആവശ്യമായ ഉൽപന്നങ്ങൾ കേരളത്തിലുണ്ട്. അതോടൊപ്പംതന്നെ അടിസ്ഥാന

സൗകര്യങ്ങളും അതിവേഗം മെച്ചപ്പെടുന്നുണ്ട്. യാത്രകൾ എത്രത്തോളം തടസരഹിതവും സന്ദർശകർക്ക് സഞ്ചാരാനുകൂലവുമാകുന്നോ എന്നതിനെ ആശ്രയിച്ചിരിക്കും ടൂറിസത്തിന്റെ അടുത്ത ഘട്ടത്തിലുള്ള വളർച്ച. ആ ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്രയിൽ പുതിയ വ്യവസായ പദവി പുത്തൻ ഉണർവ് നൽകും എന്ന കാര്യത്തിൽ സംശയമില്ല.

## അതിരുകളില്ലാത്ത സാധ്യതകളുടെ ഇടങ്ങൾ

**ജിൻഷ ബഷീർ**
ട്രാവൽ വ്ളോഗർ



ഇതിനോടകം ഏതാണ്ട് നാൽപത് രാജ്യങ്ങളിലൂടെ ഞാൻ സഞ്ചരിച്ചിട്ടുണ്ട്. കൂടുതൽ കൂടുതൽ യാത്രകൾക്ക് എനിക്ക് സഹായകമായത് ഞാൻ ചെയ്ത യാത്രകളെ തന്നെ ഒരു വരുമാനമാർഗമാക്കിക്കൂടിയാണ്. സോഷ്യൽ മീഡിയ അതിനുള്ള അനേകം അവസരങ്ങളാണ് ഒരുക്കുന്നത്. ടൂറിസത്തിന് വ്യവസായ പദവി ലഭിക്കുമ്പോൾ സംരംഭകമേഖലയിൽ അത് വൻ മാറ്റങ്ങൾക്ക് കാരണമാകും. പക്ഷേ അതിനേക്കാളേറെ നമ്മുടെ നാടിന്റെ സാധ്യതകളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഞാൻ പലപ്പോഴും തിരിച്ചറിയുന്ന ഒരു സത്യമാണ് പ്രകൃതിയും സംസ്കാരവും നാട്ടുജീവിതവും ഇത്ര മനോഹരമായി ഒരുമിക്കുന്ന നാട് നമ്മുടെ കേരളം തന്നെയാണ് എന്ന വസ്തുത. യാത്രകൾ എനിക്ക് വിനോദം മാത്രമല്ല, പുതിയ മനുഷ്യരെയും ജീവിതരീതികളെയും അനുഭവങ്ങളെയും അടുത്തറിയാനുള്ള വഴികൂടിയാണ്. അതുകൊണ്ടുതന്നെ കേരളത്തെ ഒരു സഞ്ചാരിയുടെ കണ്ണിലൂടെ നോക്കുമ്പോൾ ഇന്നും പൂർണ്ണമായി ഉപയോഗിക്കപ്പെടാത്ത അനവധി ടൂറിസം സാധ്യതകളാണ് നമുക്ക് മുന്നിൽ തെളിയുക.

മൂന്നാർ, വയനാട്, ആലപ്പുഴ, കോവളം പോലെ നാം മുന്നോട്ട് വയ്ക്കുന്ന പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കപ്പുറം, ഗ്രാമീണ പാതകൾ, കായൽതീരങ്ങൾ, ചെറിയ മലനിരകൾ, വെള്ളച്ചാട്ടങ്ങൾ, നാട്ടുചന്തകൾ, തീരദേശ ഗ്രാമങ്ങൾ, പരമ്പരാഗത ഭക്ഷണം തുടങ്ങിയവയെല്ലാം മികച്ച ടൂറിസം സാധ്യതകളാണ്. പുതിയ സ്ഥലങ്ങളെ വെറും 'ടൂറിസ്റ്റ് സ്പോട്ടുകൾ' ആക്കുന്നതിനുപകരം, ആ നാടിന്റെ ജീവിതവും സംസ്കാരവും അനുഭവിക്കാവുന്ന ഡെസ്റ്റിനേഷനുകളായി അവതരിപ്പിക്കേണ്ടതുണ്ട്.

വിദേശയാത്രകളിൽ എനിക്ക് ഏറ്റവും പ്രധാനമായി തോന്നിയത് യാത്രാസൗകര്യങ്ങളുടെ പ്രാധാന്യമാണ്. നല്ല റോഡുകൾ, വ്യക്തമായ സൈൻബോർഡുകൾ, ശുചിത്വമുള്ള ടോയ്‌ലറ്റുകൾ, സുരക്ഷിത പാർക്കിങ്, പൊതുഗതാഗതം, മികച്ച ഇന്റർനെറ്റ് കണക്റ്റിവിറ്റി, വിശ്വസനീയമായ ഡിജിറ്റൽ വിവരങ്ങൾ എന്നിവ ഒരു യാത്രക്കാരന്റെ അനുഭവം കൂടുതൽ സുഖകരമാക്കുന്നു. കേരളത്തിലും ഇത്തരം സൗകര്യങ്ങൾ കൂടുതൽ ഏകോപിതമായി വികസിപ്പിക്കേണ്ടതുണ്ട്.

ടൂറിസത്തിന്റെ പ്രചാരകനായി മാത്രമല്ല, ഒരു മികച്ച പങ്കാളിയായിക്കൂടി സർക്കാർ പ്രവർത്തിക്കണം. പ്രാദേശിക സംരംഭകർ, ഹോംസ്റ്റേകൾ, ടൂർ ഓപ്പറേറ്റർമാർ, നാട്ടുകാർ, ട്രാവൽ ഇൻഫ്ളുവൻസർമാർ എന്നിവരെ ബന്ധിപ്പിച്ചാൽ പുതിയ ഡെസ്റ്റിനേഷനുകൾ ലോകശ്രദ്ധയിൽ എത്തിക്കാം. വ്യവസായ പദവിയിലേക്ക് വരുമ്പോൾ ഇത്തരം കണക്റ്റിവിറ്റികളും, വിവിധ തരത്തിലുള്ള നിക്ഷേപ സാധ്യതകളും സാധ്യമാകുമെന്നാണ് പ്രതീക്ഷ.

കേരളത്തിലെ ഓരോ ഇടത്തിനും ഓരോ കഥയുണ്ട് പറയാൻ. ആ കഥ ലോകത്തോട് മനോഹരമായി പറയാൻ കഴിഞ്ഞാൽ, നമ്മുടെ ടൂറിസം സാധ്യതകൾക്ക് അതിരുകളില്ല.

## ചെറുകിട സംരംഭകർക്കും സ്ത്രീസംരംഭകർക്കും ഗുണകരം

**അമൽ ചന്ദ്ര**
നയവിശകലനവിദഗ്ധൻ
എഴുത്തുകാരൻ



വ്യവസായ പദവിയിലേക്കെത്തുന്നതോടെ വെറും ഒരു സേവനമേഖലയിൽ നിന്ന് തൊഴിലും നിക്ഷേപവും പ്രാദേശിക വരുമാനവും വിദേശനാണ്യവും ഒരുമിച്ച് സൃഷ്ടിക്കുന്ന പ്രധാന സാമ്പത്തിക ശക്തിയായി വിനോദ സഞ്ചാരം മാറും. ഈ യാഥാർഥ്യത്തെ നയപരമായി അംഗീകരിക്കുന്ന സുപ്രധാന ചുവടുവയ്പാണ് 2026-27ലെ പരിഷ്കരിച്ച ബജറ്റിൽ വിനോദസഞ്ചാര മേഖലയ്ക്ക് 325.36 കോടി വകയിരുത്തുകയും വ്യവസായ പദവി നൽകുന്നതിനുള്ള നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തത്.

കേരളം വിനോദസഞ്ചാരത്തിൽ നേടിയ വളർച്ചയുടെ പശ്ചാത്തലത്തിലാണ് ഈ തീരുമാനത്തിന്റെ പ്രസക്തി മനസ്സിലാക്കേണ്ടത്. വിനോദസഞ്ചാരം ചില മനോഹരമായ സ്ഥലങ്ങളുടെ കഥ മാത്രമല്ല. ഒരു സഞ്ചാരി കേരളത്തിലെത്തുമ്പോൾ ഹോട്ടലിൽ മാത്രം പണം ചെലവഴിക്കുന്നില്ല. വാഹനമോടിക്കുന്നയാൾക്കും കർഷകനും മത്സ്യത്തൊഴിലാളിക്കും കരകൗശലതൊഴിലാളിക്കും ചെറുകിട വ്യാപാരിക്കും ഹോംസ്റ്റേ ഉടമയ്ക്കും ഭക്ഷണശാലയ്ക്കും കലാകാരനും അതിന്റെ പ്രയോജനം ലഭിക്കുന്നു. അതുകൊണ്ടുതന്നെ വിനോദസഞ്ചാരത്തിന്റെ വളർച്ചയുടെ യഥാർത്ഥ അളവുകോൽ സന്ദർശകരുടെ എണ്ണം മാത്രമല്ല; ആ വളർച്ച എത്രത്തോളം പ്രാദേശിക ജീവിതത്തിലേക്ക് വരുമാനവും തൊഴിലും എത്തിക്കുന്നു എന്നതുമാണ്. ഈ കാഴ്ചപ്പാടിലാണ് ഉത്തരവാദിത്ത വിനോദസഞ്ചാരത്തിനും സമൂഹാധിഷ്ഠിത പദ്ധതികൾക്കും സർക്കാർ നൽകുന്ന പ്രാധാന്യം പ്രസക്തമാകുന്നത്.

പുതിയ ബജറ്റിലെ സമീപനത്തിന്റെ മറ്റൊരു പ്രത്യേകത വിനോദസഞ്ചാരത്തെ ഏതാനും പരമ്പരാഗത കേന്ദ്രങ്ങളിൽ ഒതുക്കാതെ അതിന്റെ സാധ്യതകൾ വ്യാപിപ്പിക്കാനുള്ള ശ്രമമാണ്. മുസിരിസ് പൈതൃക പദ്ധതിക്ക് 19 കോടി, അന്താരാഷ്ട്ര മാരിടൈം മ്യൂസിയത്തിന് 50 കോടി, ആലപ്പുഴയിലെ പഴയ ടൂറിസം സൗകര്യങ്ങളുടെ പുനരുദ്ധാരണം, പതിരാമണൽ ദ്വീപിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർപ്ലാൻ, തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട്, 'ബ്രാൻഡ് വയനാട്', അഷ്ടമുടി വികസനം തുടങ്ങിയ നിർദേശങ്ങൾ ഇതിന്റെ ഭാഗമാണ്. പരിസ്ഥിതി, പൈതൃകം, ജലസമ്പത്ത്, സംസ്കാരം, ഗ്രാമീണ ജീവിതം എന്നിവയെ വിനോദസഞ്ചാരത്തിന്റെ സാമ്പത്തിക സാധ്യതകളുമായി ബന്ധിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

വ്യവസായ പദവി നൽകാനുള്ള തീരുമാനം ഈ പദ്ധതികൾക്ക് കൂടുതൽ അർത്ഥം നൽകുന്നു. വൈദ്യുതി, വെള്ളം, നികുതി തുടങ്ങിയ മേഖലകളിൽ വ്യവസായങ്ങൾക്ക് ലഭിക്കുന്ന പരിഗണനകളും നിക്ഷേപ സൗകര്യങ്ങളും വിനോദസഞ്ചാര സംരംഭങ്ങൾക്കും ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുന്നത് സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കും. പ്രത്യേകിച്ച് ചെറുകിട സംരംഭകരെയും ഹോംസ്റ്റേകളെയും സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളെയും പ്രാദേശിക അനുഭവാധിഷ്ഠിത ടൂറിസത്തെയും ഇത് ശക്തിപ്പെടുത്തും.

അതേസമയം വളർച്ചയുടെ പേരിൽ കേരളത്തിന്റെ പ്രകൃതിയെ നഷ്ടപ്പെടുത്തരുതെന്ന ബോധവും ഈ നയത്തിന്റെ കാതലാവണം. ആലപ്പുഴയിൽ ഹൗസ്ബോട്ട് മാലിന്യസംസ്കരണ സംവിധാനം, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 'ഗ്രീൻ മാർഷൽസ്' പദ്ധതി, മാംഗ്രൂവ്, ജൈവവൈവിധ്യ, കൃഷി, ഗ്രാമീണ വിനോദസഞ്ചാരങ്ങൾക്ക് നൽകുന്ന പ്രാധാന്യം എന്നിവ ഈ ഉത്തരവാദിത്തത്തിന്റെ സൂച

നകളാണ്. കേരളത്തിന്റെ സൗന്ദര്യത്തെ സാമ്പത്തിക ശക്തിയാക്കി മാറ്റുമ്പോഴും അതിന്റെ ആത്മാവിനെ സംരക്ഷിക്കുക എന്നതാണ് ഇനി മുന്നിലുള്ള യഥാർഥ ഉത്തരവാദിത്തം.

## വേണം പൊതുമാനദണ്ഡങ്ങൾ

**ഗീതു മോഹൻദാസ്**
**ഉത്തരവാദിത്തടൂറിസം സംരംഭക**

വിനോദസഞ്ചാര മേഖലയ്ക്ക് സർക്കാർ വ്യവസായ പദവി പ്രഖ്യാപിച്ചുകഴിഞ്ഞു. സമഗ്രമായൊരു ടൂറിസം ഗുണനിലവാര മാനദണ്ഡം രൂപീകരിക്കുക എന്നതാണ് അടുത്ത പടി. ടൂർ ഓപ്പറേറ്റർമാർ, താമസവും ഗതാഗത സൗകര്യവും ഒരുക്കുന്നവർ, ഗൈഡുകൾ, അനുഭവാധിഷ്ഠിത സേവനങ്ങൾ നൽകുന്നവർ എന്നിവർക്കെല്ലാം ഈ മാനദണ്ഡം ബാധകമാക്കണം. ഇതിലൂടെ വിനോദസഞ്ചാരികൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കാൻ കഴിയണം. ഒപ്പം, സുസ്ഥിരവും ഉത്തരവാദിത്തപൂർണ്ണവുമായ ടൂറിസം, ജനപങ്കാളിത്തം, പ്രാദേശിക തൊഴിലവസരങ്ങൾ എന്നിവയ്ക്കും തുല്യ പരിഗണന നൽകേണ്ടതുണ്ട്



ഒരു വ്യവസായമെന്ന നിലയിൽ, കേവലം വിനോദസഞ്ചാരികളുടെ എണ്ണം നോക്കി മാത്രം വിജയം അളക്കുന്ന പരമ്പരാഗത രീതിയിൽ നിന്ന് മാറി ചിന്തിക്കണമെന്നാണ് എന്റെ പക്ഷം. സന്ദർശകർ ഇവിടെ ചെലവഴിക്കുന്ന തുകയും അവർ തങ്ങുന്ന ദിവസങ്ങളുടെ എണ്ണവുമാണ് ഇനി വിലയിരുത്തേണ്ടത്. വിനോദസഞ്ചാരം പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കുന്ന മാറ്റങ്ങൾ, പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, നമ്മുടെ സമൂഹത്തിലും പരിസ്ഥിതിയിലുമുണ്ടാകുന്ന സ്വാധീനം എന്നിവയും കണക്കിലെടുക്കണം.

ടൂറിസം മേഖലയിൽ കുറ്റമറ്റൊരു സർട്ടിഫിക്കേഷൻ - ഗ്രേഡിങ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. നിരക്കുകൾ കുറച്ചുള്ള അനാവശ്യ മത്സരങ്ങൾക്ക് പകരം, മികച്ച ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകരമായ മത്സരം കാഴ്ചവയ്ക്കാൻ പ്രൊഫഷണൽ ഓപ്പറേറ്റർമാർക്ക് ഇതിലൂടെ സാധിക്കും. സഞ്ചാരികളിൽ കൂടുതൽ വിശ്വാസ്യത വളർത്തുന്നതിനൊപ്പം, ഉത്തരവാദിത്തപൂർണ്ണമായ പ്രവർത്തനരീതികൾ അവലംബിക്കാൻ ഇത് സംരംഭകരെ പ്രേരിപ്പിക്കുകയും ചെയ്യും.

'ഇന്ത്യയിലെ ഏറ്റവും മികച്ച വിനോദസഞ്ചാര കേന്ദ്രം' എന്നതിലുപരിയായി നമ്മുടെ ലക്ഷ്യങ്ങൾ കൂടുതൽ വിപുലമാകണം. സുരക്ഷിതവും കാര്യക്ഷമവും സുസ്ഥിരവും ഉത്തരവാദിത്തപൂർണ്ണവുമായ ടൂറിസത്തിന്റെ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച മാതൃകയായി കേരളം മാറണം.

## ആനുകൂല്യങ്ങൾ വികസനത്തിന് കരുത്താകും

**രവിശങ്കർ കെ വി.**
**മാധ്യമ പ്രവർത്തകൻ**



കേരളത്തിലെ ടൂറിസം മേഖല വർഷങ്ങളായി ആവശ്യപ്പെട്ടിരുന്ന ഒന്നായിരുന്നു ടൂറിസത്തിനുള്ള വ്യവസായ പദവി. ടൂറിസം രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് തന്നെ കാരണമാകുന്ന ഒന്നാണിത്. വ്യവസായ പദവി ലഭ്യമാകുന്നതിലൂടെ സിംഗിൾ വിൻഡോ ക്ലിയറൻസ്, സമയബന്ധിതമായ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള മികച്ച ഏകോപനം എന്നിവ സാധ്യമാക്കുകയും ടൂറിസം പ്രൊജക്ടുകൾ വേഗത്തിലാവുകയും സംരംഭകരുടെ സാമ്പത്തിക ഭാരം ഗണ്യമായി കുറയുകയും ചെയ്യുന്നു. നിലവിലെ സാഹചര്യത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ വളർച്ചാസാധ്യതയും നിക്ഷേപാനുകൂല സാഹചര്യവും നൽകുന്ന ടൂറിസം മേഖലയ്ക്ക് ഇത് വളരെ പ്രധാനമാണ്. വ്യവസായ പദവി ലഭിക്കുമ്പോൾ ആ പദ്ധതി പ്രദേശത്തെ റോഡുകൾ, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജനം, തെരുവ് വിളക്കുകൾ, പൊതുഗതാഗതം, ഇന്റർനെറ്റ് കണക്റ്റിവിറ്റി തുടങ്ങിയ പൊതുവായ അടിസ്ഥാന, പശ്ചാത്തല സൗകര്യ വികസന മേഖലയിൽ സർക്കാർ നിക്ഷേപം കൂടുതൽ എളുപ്പമാക്കുകയും അതിലൂടെ വികസനം വേഗത്തിലാവുകയും ചെയ്യും. ഇത് സ്ഥാപനങ്ങൾക്കും വിനോദസഞ്ചാരികൾക്കും പ്രാദേശിക ജനവിഭാഗങ്ങൾക്കും ഒരുപോലെ ഗുണം ചെയ്യും.

സേവനമേഖലയിൽ നിന്നും വ്യവസായമായി മാറുന്നതോടെ വൈദ്യുതി നിരക്കുകളിൽ ഉണ്ടാകുന്ന മാറ്റമാണ് ഇതിൽ ഏറ്റവും പ്രധാനമായത്. മെച്ചപ്പെട്ട ലോഡ് അനുമതിയും മികച്ച പവർ ഇൻഫ്രാസ്ട്രക്ചറും ലഭ്യമാകുന്നതോടൊപ്പം, എയർ കണ്ടീഷനിങ്, ഹീറ്റിങ്, ലോൺട്രി എന്നിവയ്ക്കുള്ള പ്രവർത്തനച്ചെലവ് ഗണ്യമായി കുറയുമെന്ന് കണക്കാക്കുന്നു. ആ തുക മറ്റ് വികസന പ്രവർത്തനത്തിലും തൊഴിലാളി ക്ഷേമ പ്രവർത്തനത്തിലും ഉപയോഗിക്കാൻ സാധിക്കും. നിലവിൽ പല ടൂറിസം സ്ഥാപനങ്ങളും കൊമേഴ്സ്യൽ വസ്തു നികുതിയാണ് അടയ്ക്കുന്നത്. വ്യവസായ പദവി ലഭിക്കുന്നതോടെ വ്യവസായങ്ങൾക്കുള്ള വസ്തു നികുതി നിരക്കുകൾ ബാധകമാവുകയും, ടൂറിസം സംരംഭങ്ങൾക്ക് അടിസ്ഥാന വികസന മേഖലക്ക് ലഭ്യമാകുന്ന വിവിധ ഇളവുകൾ ലഭിക്കുകയും ചെയ്യും.

കുറഞ്ഞ പലിശയിൽ എളുപ്പത്തിൽ ബാങ്ക് വായ്പകൾ ലഭ്യമാകുന്നതിലൂടെ നിലവിൽ സംരംഭകർ പലിശ ഇനത്തിൽ ചെലവഴിക്കുന്ന തുകയിൽ കാര്യമായ ഗുണം ലഭിക്കും. വ്യവസായിക പദവി ലഭിക്കുന്നതിലൂടെ അർഹമാകുന്ന നേട്ടങ്ങൾ, പലതാണ്. ഉയർന്ന വായ്പായോഗ്യതയും ദീർഘകാല തിരിച്ചടവ് കാലാവധിയും ചില പ്രത്യേക പദ്ധതികളിൽ കുറഞ്ഞ ഈട് ആവശ്യകതയും ഈ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകും.

വിവിധ കേന്ദ്ര, സംസ്ഥാന വ്യവസായ പ്രോത്സാഹന പദ്ധതികളിൽ മുൻഗണനാ മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതോടെ അതിൽ സർക്കാർ ടൂറിസം പ്രോജക്ടുകളെ ഉൾപ്പെടുത്താൻ സാധിക്കും.

മൂലധന സബ്സിഡി, പലിശ സബ്സിഡി, സാങ്കേതികവിദ്യ നവീകരിക്കുന്നതിനുള്ള പിന്തുണ, ക്വാളിറ്റി സർട്ടിഫിക്കേഷൻ പിന്തുണ, നൈപുണ്യ വികസനത്തിനുള്ള ഗ്രാന്റുകൾ അടക്കം കൂടുതൽ നേട്ടങ്ങൾ ഈ നടപടിയിലൂടെ സാധ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. വ്യവസായമായി പ്രഖ്യാപിക്കുമ്പോൾ കയറ്റുമതി വ്യവസായ പദവി കൂടി അനുബന്ധമായി ലഭിക്കുന്നതോടെ, കേന്ദ്ര സർക്കാരിന്റെ കയറ്റുമതി പ്രോത്സാഹന ആനുകൂല്യങ്ങൾ, അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ പങ്കാളിത്തം, പങ്കാളിത്ത ചെലവുകളിൽ ലഭിക്കുന്ന ആനുകൂല്യം, അന്താരാഷ്ട്ര വിപണന പിന്തുണ, ബ്രാൻഡ് പ്രൊമോഷൻ എന്നിവ ടൂറിസം മേഖലയ്ക്ക് സഹായമാകുന്നതോടൊപ്പം കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ കരുത്തേകാനും സഹായകമാകും. ഇതിനൊപ്പം മറ്റു വ്യവസായങ്ങൾക്ക് ലഭിക്കുന്ന ഇൻഷുറൻസ് ആനുകൂല്യങ്ങൾ ടൂറിസം വ്യവസായത്തിനും ലഭിക്കാൻ വ്യവസായ പദവി അംഗീകാരം വഴിവെക്കും.

ടൂറിസം മേഖലയ്ക്കുള്ള വ്യവസായ പദവി നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കാനും സ്വകാര്യ നിക്ഷേപം വർധിപ്പിക്കാനും വിദേശ നിക്ഷേപ താൽപര്യം ഉയർത്താനും വഴിയൊരുക്കും. ജോയിന്റ് വെഞ്ച്വർ, പ്രൈവറ്റ് ഇക്വിറ്റി പോലെയുള്ള നിക്ഷേപ സാധ്യതകൾ വരും നാളുകളിൽ വർധിക്കുകയും കേരളത്തിന്റെ ഭാവി വളർച്ചയിൽ വലിയ പങ്കു വഹിക്കുകയും ചെയ്യും. ■

കെ. ഗോപാലകൃഷ്ണൻ ഐ എ എസ്
ഡയറക്ടർ. കെ.എച്ച്.ടി.സി



കക്കയം, ആഢ്യൻപാറ, ബാണാസുരസാഗർ, ഇടുക്കി എന്നിവ ഉൾപ്പെടുന്ന നാല് സർക്യൂട്ടുകളിലായി വ്യാപിച്ചുകിടക്കുന്ന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ കേരളത്തിന്റെ ടൂറിസം ഭൂപടത്തിലെ വേറിട്ടൊരു അനുഭവലോകത്തിലേക്കുള്ള ക്ഷണമാണ്



ചെറുതോണി ഡാം

# അണക്കെട്ടുകളിലെ വിസ്മയക്കാഴ്ചകൾ

അണക്കെട്ടുകളും ജലവൈദ്യുത പദ്ധതികളും ഒരു നാടിന്റെ വികസനത്തിന്റെ നിർണ്ണായക ഭാഗമാണ്. എന്നാൽ, അവയുടെ പരിസരങ്ങളിലെ പ്രകൃതിസമ്പത്തും ജലാശയങ്ങളും മലനിരകളും വിനോദസഞ്ചാരത്തിനും വലിയ സാധ്യതകളാണ് തുറന്നിടുന്നത്. ഈ സാധ്യതകളെ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാത്ത വിധം പ്രയോജനപ്പെടുത്തുന്ന സംരംഭമാണ് കേരള ഹൈഡൽ ടൂറിസം.

അണക്കെട്ടുകളുടെ സുരക്ഷയും പരിസ്ഥിതിയുടെ സ്വാഭാവികതയും സംരക്ഷിച്ചുകൊണ്ട്, ജലാശയങ്ങളെ കേന്ദ്രീകരിച്ച് വിവിധ വിനോദസഞ്ചാര അനുഭവങ്ങൾ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അണക്കെട്ട് പ്രദേശം കേന്ദ്രീകരിച്ച് സഞ്ചാരികൾക്കായി ബോട്ടിങ്, വാട്ടർ സ്പോർട്സ്, സാഹസിക വിനോദങ്ങൾ, പ്രകൃതി ആസ്വാദനം എന്നിവ ഒരുക്കുന്നതിനൊപ്പം തദ്ദേശീയർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും അണക്കെട്ട് പരിസരങ്ങളുടെ സംരക്ഷണം ഉറപ്പാക്കുകയും പദ്ധതി വിഭാവനം ചെയ്യുന്നു.

കക്കയം, ആഢ്യൻപാറ, ബാണാസുരസാഗർ, ഇടുക്കി എന്നിവ ഉൾപ്പെടുന്ന നാല് സർക്യൂട്ടുകളിലായി വ്യാപിച്ചുകിടക്കുന്ന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ കേരളത്തിന്റെ ടൂറിസം ഭൂപടത്തിലെ വേറിട്ടൊരു അനുഭവലോകത്തിലേക്കുള്ള ക്ഷണമാണ്. കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും ജലസമ്പത്തും സഞ്ചാരാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ വ്യക്തമാക്കുന്ന മാതൃക കൂടിയാണ്

പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരത്തിലൂടെ വരുമാനം കണ്ടെത്തുക, അണക്കെട്ട് പ്രദേശങ്ങളിലെ ഭൂമികയ്യേറ്റങ്ങൾ തടയുക, ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശവാസികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വനമേഖലകളിലേക്ക് കടന്നുകയറാതെ, അണക്കെട്ടുകളുടെയും അനുബന്ധപ്രദേശങ്ങളുടെയും സുരക്ഷ ഉറപ്പാക്കിക്കൊണ്ടാണ് ഈ കേന്ദ്രങ്ങളെല്ലാം പ്രവർത്തിക്കുന്നത്. മൂന്നാർ ഹൈഡൽ പാർക്ക് ഒഴികെയുള്ള എല്ലാ കേന്ദ്രങ്ങളുടെയും പ്രവർത്തനസമയം രാവിലെ 9.15 മുതൽ വൈകുന്നേരം 5 മണിവരെയാണ്. രാവിലെ 9.15 മുതൽ രാത്രി എട്ട് മണിവരെയാണ് മൂന്നാർ ഹൈഡൽ പാർക്ക് പ്രവർത്തിക്കുക

നിലവിൽ കേരള ഹൈഡൽ ടൂറിസത്തിന്

കീഴിൽ 12 യൂണിറ്റുകളും വരുമാനം പങ്കിടുന്ന വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റും (പൊൻമുടി) ഉൾപ്പെടെ ആകെ 13 കേന്ദ്രങ്ങളാണുള്ളത്. സഞ്ചാരികളുടെ സൗകര്യാർത്ഥം ഈ ഹൈഡൽ ടൂറിസം കേന്ദ്രങ്ങളെ നാല് പ്രധാന സർക്യൂട്ടുകളായി തിരിച്ചിരിക്കുന്നു.

## കക്കയം സർക്യൂട്ട് (കോഴിക്കോട്)

### മലബാർ ഹാവൻ ഹൈഡൽ ടൂറിസം സെന്റർ

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ, പശ്ചിമഘട്ടമലനിരകളുടെ മനോഹരമായ പ്രകൃതിപശ്ചാത്തലത്തിലാണ് കക്കയം ഡാം റിസർവോയർ സ്ഥിതിചെയ്യുന്നത്. മലനിരകളും നിബിഡ വനങ്ങളും താഴ്‌വരകളും പാറക്കെട്ടുകളും ചെറുതും വലുതുമായ നിരവധി വെള്ളച്ചാട്ടങ്ങളും കക്കയത്തിന്റെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടുന്നു. പ്രകൃതിസ്നേഹികൾക്കും സാഹസികർക്കും ഒരുപോലെ പ്രിയപ്പെട്ട ഈ ഇക്കോടൂറിസം കേന്ദ്രത്തിൽ ബോട്ടിങ്, പ്രകൃതിദൃശ്യങ്ങളുടെ ആസ്വാദനം, ഫോട്ടോഗ്രഫി തുടങ്ങിയ സൗകര്യങ്ങളുണ്ട്. വനമേഖലയിലൂടെ സഞ്ചരിക്കുമ്പോൾ ആന, കാട്ടുപോത്ത്, മാൻ തുടങ്ങിയ വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ കാണാനുള്ള  അവസരവും ഇവിടെ സഞ്ചാരികളെ കാത്തിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
**ലെനീഷ് സി എം**
**സൈറ്റ് ഇൻചാർജ്**
**9605290183**

## ആഢ്യൻപാറ സർക്യൂട്ട് (മലപ്പുറം)

### ക്രീ കാസ്കേഡ് ഹൈഡൽ ടൂറിസം സെന്റർ

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ, പ്രകൃതിയുടെയും സാങ്കേതികവിദ്യയുടെയും മനോഹരമായ സംഗമമായി സഞ്ചാരികളുടെ ആകർഷണമായി മാറുകയാണ് ആഢ്യൻപാറ. കാഞ്ഞിരപ്പുഴയിൽനിന്നുള്ള ജലം വഴിതിരിച്ചുവിട്ട് പെൻസ്റ്റോക്ക് പൈപ്പുകളിലൂടെ പവർഹൗസിലെത്തിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന 3.5 മെഗാവാട്ടിന്റെ ജലവൈദ്യുതനിലയം പ്രധാന സവിശേഷതയാണ്. ജലവൈദ്യുതോൽപാദനത്തിന്റെ വിവിധ ഘട്ടങ്ങൾ നേരിൽക്കാണാനും മനസ്സിലാക്കാനും സഞ്ചാരികൾക്ക് അവസരം ലഭിക്കുന്നു. കേവലം 20 രൂപയാണ് പവർ ഹൗസ് സന്ദർശിക്കാനുള്ള ടിക്കറ്റ് നിരക്ക്. കാടിന്റെ ശാന്തതയും വെള്ളച്ചാട്ടത്തിന്റെ മനോഹാരിതയും ആസ്വദിക്കുന്നതിനൊപ്പം കുട്ടികൾക്കായി ഒരുക്കിയിട്ടുള്ള പാർക്കും കുടുംബസമേതം എത്തുന്നവർക്ക് മികച്ച അനുഭവം സമ്മാനിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
**ജാഷിദ് വി**
**സൈറ്റ് ഇൻചാർജ് 9656085484**

## ബാണാസുര സാഗർ സർക്യൂട്ട് (വയനാട്)

### ബാണാസുര സാഗർ ഹൈഡൽ ടൂറിസം സെന്റർ

ഇന്ത്യയിലെ ഏറ്റവും വലിയ മണ്ണുകൊണ്ടുള്ള അണക്കെട്ടും ഏഷ്യയിലെ രണ്ടാമത്തെ വലിയ അണക്കെട്ടുമാണ് വയനാട്ടിലെ ബാണാസുരസാഗർ.
ബാണാസുരക്കുന്നുകളുടെ പശ്ചാത്തലത്തിൽ, താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങിയപ്പോൾ രൂപപ്പെട്ട നിരവധി ചെറിയ ദ്വീപുകൾ ഈ റിസർവോയറിന്റെ സവിശേഷതയാണ്. സ്പീഡ്ബോട്ട്, സിപ്‌ലൈൻ, വിവിധ വാട്ടർസ്പോർട്സ് ഇനങ്ങൾ, ഫിഷ്സ്പാ, ഫൺ ആൻഡ് ഫാന്റസി റൈഡുകൾ എന്നിവയാണ് ഇവിടുത്തെ പ്രധാന ആകർഷണങ്ങൾ. മുതിർന്നവർക്ക് 40 രൂപയും കുട്ടികൾക്ക് 20 രൂപയുമാണ് പ്രവേശനനിരക്ക്.

**കൂടുതൽ വിവരങ്ങൾക്ക്**
**മുഹമ്മദ് ഹർഷാദ് പി**
**സൈറ്റ് ഇൻചാർജ് 7907600192**

കൾക്ക് ഡാമുകൾ സന്ദർശിക്കാൻ ഇലക്ട്രിക് ബഗ്ഗി കാറുകളും ക്രമീകരിച്ചിട്ടുണ്ട്.

### നാടുകാണി പവലിയൻ

കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുതപദ്ധതിയായ മൂലമറ്റം പവർ ഹൗസിന്റെ നിർമ്മാണവേളയിൽ കനേഡിയൻ എൻജിനീയർമാർ നാടുകാണി മലനിരകളിൽ നിർമ്മിച്ച വിശ്രമകേന്ദ്രമാണ് നാടുകാണി പവലിയൻ. ഇന്നത് വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണകേന്ദ്രങ്ങളിലൊന്നായി മാറിയിരിക്കുന്നു. കോടമഞ്ഞും ഇളംവെയിലും ഇടകലർന്നുനിൽക്കുന്ന ഈ വിനോദസഞ്ചാരകേന്ദ്രത്തിൽനിന്നുള്ള മലങ്കര ജലാശയത്തിന്റെ കാഴ്ചകളും വാഗമൺ, ഇലവീഴാപൂഞ്ചിറ മലനിരകളുടെ ദൂരക്കാഴ്ചകളും മൂലമറ്റം പവർ ഹൗസിന്റെ മുകൾക്കാഴ്ചയും ഇവിടെയെത്തുന്നവരുടെ മനസ്സുനിറയ്ക്കുന്നു.

### എലിഫന്റ് എബോഡ് ബോട്ടിങ് സെന്റർ, ആനയിറങ്ങൽ

വൻമലനിരകൾ, തേയിലക്കാടുകൾ,



ഹൈഡൽ പാർക്ക് മൂന്നാർ

## ഇടുക്കി സർക്യൂട്ട്

ഏറ്റവും കൂടുതൽ ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഉള്ളതും വൈവിധ്യമാർന്ന വിനോദസഞ്ചാരാനുഭവങ്ങൾ നൽകുന്നതുമായ സർക്യൂട്ടാണിത്. ഇടുക്കി ജില്ലയിലെ 10 കേന്ദ്രങ്ങൾ ഇതിന്റെ കീഴിൽ വരുന്നു. ഏഷ്യയിലെ ഏറ്റവും വലിയ ആർച്ച് ഡാമുകളിലൊന്നായ ഇടുക്കി ഡാമും ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഡാമുകളിലൊന്നായ ചെറുതോണി ഡാമും ചേർന്നതാണ് ഇടുക്കി സെന്റർ. ഇവിടുത്തെ വിനോദസഞ്ചാരപ്രവർത്തനങ്ങൾ കേരള ഹൈഡൽ ടൂറിസം സെന്ററിലൂടെയാണ് നടന്നുവരുന്നത്. ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരി

തിങ്ങിനിറഞ്ഞ ചോലവനങ്ങൾ എന്നിവയ്ക്കിടയിലാണ് ആനയിറങ്ങൽ ബോട്ടിങ് സെന്ററിലെ ജലാശയവും മണ്ണുകൊണ്ട് നിർമ്മിച്ച ഡാമും സ്ഥിതിചെയ്യുന്നത്. ഈ പശ്ചാത്തലം ആനയിറങ്ങലിനെ മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണകേന്ദ്രമാക്കുന്നു. കോടമഞ്ഞും ഇളംവെയിലും മാറിമാറിയെത്തുന്ന ഈ ബോട്ടിങ് സെന്ററിൽ വിനോദസഞ്ചാരികൾക്കായി ഒരു ഉദ്യാനവും അഡ്വെഞ്ചർ പാർക്കും ക്രമീകരിച്ചിട്ടുണ്ട്.

### ട്രൗട്ട് ലഗൂൺ ബോട്ടിങ് സെന്റർ, കുണ്ടള

തെക്കിന്റെ കാശ്മീർ എന്നറിയപ്പെടുന്ന കുണ്ടള ഡാം കേരളത്തിൽ ഏറ്റവും



ഉയരത്തിൽ സ്ഥിതിചെയ്യുന്ന, കല്ലുകൾ കൊണ്ട് നിർമ്മിച്ച ആർച്ച് ഡാമാണ്. വളരെ ശാന്തമായ ജലാശയവും ഉയരംകൂടിയ ഗ്രാൻഡിസ് മരങ്ങളും നിറഞ്ഞ ഈ ബോട്ടിങ് സെന്റർ കേരളത്തിലെത്തന്നെ ഏറ്റവും മനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ്. യന്ത്രരഹിതമായ പെഡൽ ബോട്ടുകൾ, കാശ്മീരി ശിക്കാര ബോട്ടുകൾ, കയാക്കിങ്, കൊട്ടവഞ്ചി തുടങ്ങിയ ജലവിനോദങ്ങളും തണുപ്പുനിറഞ്ഞ ഈ ജലാശയത്തിലെ പ്രധാന ആകർഷണങ്ങളാണ്.

## ഡ്യൂ വാലി ബോട്ടിങ് സെന്റർ, ചെങ്കുളം

മൂന്നാറിനടുത്ത് ആനച്ചാലിനോട് ചേർന്ന് കെ എസ് ഇ ബി ലിമിറ്റഡിന്റെ ചെങ്കുളം ഡാമിൽ സ്ഥിതിചെയ്യുന്ന വികസിച്ചുവരുന്ന പ്രധാന ജലവിനോദകേന്ദ്രമാണ് ഡ്യൂ വാലി ബോട്ടിങ് സെന്റർ, ചെങ്കുളം. സ്പീഡ് ബോട്ടിങ്, ഗ്രൂപ്പുകൾക്കായുള്ള പോണ്ടൂൺ ബോട്ടിങ്, പെഡൽ ബോട്ടിങ്, കൊട്ടവഞ്ചി, കയാക്കിങ് തുടങ്ങിയ ജലവിനോദങ്ങളും സാഹസിക ജലവിനോദമായ വാട്ടർ സ്കൂട്ടറും ഈ കേന്ദ്രത്തിലെ പ്രധാന ആകർഷണങ്ങളാണ്. ഫിഷ് സ്പാ, ചെയർ മസാജ് എന്നിവയും നൂതന സംരംഭങ്ങളായ 3ഡി വീഡിയോ ബൂത്ത്, വി ആർ അഡ്വെഞ്ചർ എന്നിവയും വിനോദസഞ്ചാരികൾക്കായി ഇവിടെ ഒരുക്കിയിരിക്കുന്നു.

## മാട്ടുപ്പെട്ടി ഡാം

സമുദ്രനിരപ്പിൽനിന്ന് 5000 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന മാട്ടുപ്പെട്ടി ഡാമും ജലാശയവും കേരളത്തിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രമാണ്. ഈ ജലാശയത്തോടനുബന്ധിച്ച് കേരള ഹൈഡൽ ടൂറിസം സെന്ററിന് മൂന്ന് വിനോദസഞ്ചാരകേന്ദ്രങ്ങളാണ് ഉള്ളത്.

മാട്ടുപ്പെട്ടി ഡാമിന്റെ വലതുകരയിൽ പെഡൽ ബോട്ടിങ്, കൊട്ടവഞ്ചി, കയാക്കിങ് തുടങ്ങിയ ജലവിനോദങ്ങൾക്കായി മാട്ടുപ്പെട്ടി ഡാം പെഡൽ ബോട്ടിങ് സെന്റർ പ്രവർത്തിച്ചുവരുന്നു.

സ്പീഡ് ബോട്ടിങ്, ഗ്രൂപ്പുകൾക്കായുള്ള പോണ്ടൂൺ ബോട്ടിങ്, ശബ്ദരഹിത ഇലക്ട്രിക് ബോട്ടിങ്, പാരാസെയ്‌ലിങ് എന്നീ ജലവിനോദങ്ങളും അഡ്വെഞ്ചർ റൈഡുകൾ, കുട്ടികളുടെ കളിയുപകരണങ്ങൾ എന്നിവയും ഒരുക്കിയിരിക്കുന്നു. കൂടാതെ വിവിധ ഗെയിമുകൾ, 12ഡി തിയറ്റർ, പൂന്തോട്ടങ്ങൾ ഉൾപ്പെടുന്ന കൗബോയ് പാർക്കും ഇവിടെയുണ്ട്. കൂടാതെ കോട്ടേജുകളും ബീയർ വൈൻ പാർലറും ഫുഡ് കോർട്ടും ചേർന്ന ഓട്ട് വേ ഹിൽസും ഉൾപ്പെടെ വിശാലമായ പാർക്കിങ് സൗകര്യങ്ങളോടുകൂടി മാട്ടുപ്പെട്ടി ഡാമിൽനിന്നും ഒരു കിലോമീറ്റർ അകലെയായി സൺ മൂൺ വാലി ബോട്ടിങ് സെന്റർ പ്രവർത്തിച്ചുവരുന്നു.

മാട്ടുപ്പെട്ടി ഡാമിൽനിന്നും അഞ്ച് കിലോമീറ്റർ അകലെയായി പ്രകൃതിദത്ത എക്കോ, പെഡൽ ബോട്ടിങ്, കുട്ടവഞ്ചി, കയാക്കിങ് തുടങ്ങിയ ജലവിനോദങ്ങളുള്ള എക്കോ-പോയിന്റ് ബോട്ടിങ് സെന്റർ പ്രവർത്തിച്ചുവരുന്നു.

## ബ്ലോസം ഹൈഡൽ പാർക്ക്, മൂന്നാർ

പതിനാറ് ഏക്കർ സ്ഥലത്ത് വിശാലമായ പാർക്കിങ് സൗകര്യത്തോടുകൂടി പൂന്തോട്ടവും പുൽത്തകിടികളുമായി സഞ്ചാരികളെ വരവേൽക്കുന്ന അതിമനോഹരമായ സ്പോട്ടാണ് ബ്ലോസം ഹൈഡൽ പാർക്ക്. കല്ലുകൾ വിരിച്ച പുൽപ്പാതയും ലാൻഡ്സ്കേപ്പ് ചെയ്ത ചെറിയ കുന്നുകളും ദീപാലങ്കാരങ്ങളും ഈ പാർക്കിനെ കൂടുതൽ മനോഹരമാക്കുന്നു. ചിൽഡ്രൻസ് പാർക്ക്, മുന്നൂറ് മീറ്ററിലധികം നീളമുള്ള സിപ്പ് ലൈൻ, ഫിഷ് അക്വേറിയം, ഫിഷ് സ്പാ, ചെയർ മസാജ്, ഐസ്ക്രീം പാർലർ എന്നിവയും ഈ പാർക്കിലെ പ്രധാന ആകർഷണങ്ങളാണ്. മുതിർന്നവർക്ക് 80 രൂപയും കുട്ടികൾക്ക് 50രൂപയുമാണ് ടിക്കറ്റ് നിരക്കുകൾ. പത്തുപേരിൽ കൂടുതലുള്ള സംഘങ്ങൾക്ക് ആകർഷകമായ ഡിസ്കൗണ്ടും ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക്**
**ജോയൽ തോമസ്, സീനിയർ മാനേജർ**
**9447523416**

## പൊൻമുടി (ഇടുക്കി)

കെ.എസ്.ഇ.ബി പ്രദേശത്തെ സഹകരണബാങ്കുമായി ചേർന്ന് വരുമാനം പങ്കിടുന്ന വ്യവസ്ഥയിലാണ് 21 ഏക്കറിലുള്ള ഈ അഡ്വെഞ്ചർ ടൂറിസം ബോട്ടിങ്സെന്റർ പ്രവർത്തിക്കുന്നത്.

പ്രകൃതിയുടെ സ്വാഭാവികത നഷ്ടപ്പെടുത്താതെയുള്ള ഈ ഹൈഡൽ ടൂറിസം പദ്ധതികൾ വിനോദസഞ്ചാരരംഗത്ത് ഉത്തരവാദിത്തമുള്ള ഇടപെടലുകൾക്ക് മികച്ച ഉദാഹരണമാണ്. കാടിന്റെ കുളിർമയും അണക്കെട്ടുകളുടെ ഗാംഭീര്യവും ഒത്തുചേരുന്ന ഈ നാല് സർക്യൂട്ടുകളും ഏതൊരു സഞ്ചാരിയുടെയും മനസ്സ് നിറയ്ക്കുന്ന യാത്രാനുഭവങ്ങളാകുമെന്നതിൽ സംശയമില്ല. ■

ബിനു കുര്യാക്കോസ്
സി ഇ ഒ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിൽ



**പരമ്പരാഗത ടൂറിസം രീതികളിൽ നിന്ന് മാറി, പുതിയ അനുഭവങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന സാഹസിക സഞ്ചാരികൾക്ക് കേരളം തുറന്നുനൽകുന്നത് സമാനതകളില്ലാത്ത സാധ്യതകളാണ്**

# സുരക്ഷിതമായ സാഹസികത



ശാന്തസുന്ദരമായ പ്രകൃതി മാത്രമല്ല ഇന്ന് കേരളത്തിന്റെ വിനോദസഞ്ചാരമേഖലയുടെ മുഖം. സാഹസികത തേടുന്ന സഞ്ചാരികളുടെയും പറുദീസയാവുകയാണ് ദൈവത്തിന്റെ സ്വന്തം നാട്. സഞ്ചാരികൾക്കായി കേരളം തുറന്നിടുന്നത് അനുഭവങ്ങളുടെ പുതിയ ലോകമാണ്. ട്രെക്കിങ്ങും റോക്ക് ക്ലൈംബിങ്ങും കയാക്കിങ്ങും വൈറ്റ് വാട്ടർ റാഫ്റ്റിങ്ങും മുതൽ സർഫിങ്ങും പാരാഗ്ലൈഡിങ്ങും മൗണ്ടൻ ടെറൈൻ ബൈക്കിങ്ങും വരെ വൈവിധ്യമാർന്ന അനേകം വിനോദങ്ങളാണ് സാഹസിക സഞ്ചാരികൾക്കായി വിനോദ സഞ്ചാര വകുപ് ഒരുക്കിയിരിക്കുന്നത്.
മലബാർ റിവർ ഫെസ്റ്റിവൽ, ഇന്റർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ, സർഫിങ് ഫെസ്റ്റിവൽ തുടങ്ങിയവ കേരളത്തെ ലോകശ്രദ്ധയിലേക്ക് ഉയർത്തുന്നു. പ്രകൃതിയും ആവേശവും അനുഭവവും ഒരുമിക്കുന്നിടത്ത്, കേരളം വിനോദസഞ്ചാരത്തിന്റെ പുതിയ മുഖമായ സാഹസിക ടൂറിസം രംഗത്തും അനിഷേധ്യ സ്ഥാനമുറപ്പിക്കുകയാണ്.

പരമ്പരാഗത ടൂറിസം രീതികളിൽ നിന്ന് മാറി പുതിയ അനുഭവങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന സാഹസിക സഞ്ചാരികൾക്ക് കേരളം തുറന്നുനൽകുന്നത് സമാനതകളില്ലാത്ത സാധ്യതകളാണ്. സാഹസികതയുടെ ആവേശത്തിനൊപ്പം സുരക്ഷയും ഉത്തരവാദിത്തവും പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുക എന്നതാണ് കേരളം മുന്നോട്ടുവയ്ക്കുന്ന പുതിയ സമീപനം. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ, സാഹസികതയെ സുരക്ഷിതവും ഉത്തരവാദിത്തപൂർണ്ണവുമായ ടൂറിസം അനുഭവമാക്കി മാറ്റിക്കൊണ്ട് കേരളം തുറക്കുന്നത് വിനോദസഞ്ചാരത്തിന്റെ പുതിയ അധ്യായമാണ്.

അപകടസാധ്യതകൾ കുറയ്ക്കുന്നതിനും സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാ

ക്കുന്നതിനുമായി കരയിലും വെള്ളത്തിലും ആകാശത്തും നടത്തുന്ന വിനോദങ്ങൾക്ക് പൊതുവായതും, ഓരോ വിനോദത്തിനും പ്രത്യേകമായതുമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. സാഹസിക ടൂറിസത്തിനെ സാഹസികം മാത്രമായി പരിഗണിക്കാതെ സുരക്ഷിതമായ സാഹസികത എന്ന ആശയത്തിലേക്ക് പരിവർത്തനം ചെയ്യുകയാണിവിടെ.

## പദ്ധതികളിൽ പങ്കാളികളാകാം

സാഹസിക ടൂറിസം പദ്ധതികളിൽ പങ്കാളികളാകാൻ സൊസൈറ്റി അവസരമൊരുക്കിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമാക്കാവുന്ന സാഹസിക വിനോദങ്ങളെക്കുറിച്ചും അതിൽ എങ്ങനെ പങ്കാളികളാകാമെന്നും സംബന്ധിച്ച് കൃത്യമായ മാർഗനിർദേശങ്ങളുണ്ട്.

## പ്രധാന സാഹസികവിനോദങ്ങൾ

കേരളത്തിൽ അനുവദിക്കപ്പെട്ട സാഹസിക വിനോദങ്ങളിൽ പ്രധാനം ട്രെക്കിങ്, ഹൈക്കിങ്, നേച്ചർ വോക്ക്, പ്രകൃതിരമണീയമായ പാതകളിലൂടെയുള്ള സൈക്കിൾ സവാരി, സിപ്പ് ലൈൻ, ഹൈ റോപ്പ് ആക്ടിവിറ്റീസ്, റോക്ക് ക്ലൈംബിങ്, എ.ടി.വി സവാരി, ജീപ്പ് സഫാരി, ബോട്ടിങ്, പാരാസെയിലിങ്, വാട്ടർ സ്കീയിങ്, ജെറ്റ് സ്കീയിങ്, കയാക്കിങ്, സ്കൂബാ ഡൈവിങ്, വൈറ്റ്-വാട്ടർ റാഫ്റ്റിങ്, പാരാഗ്ലൈഡിങ് എന്നിവയാണ്.

## രജിസ്ട്രേഷൻ നിർബന്ധം

സാഹസിക ടൂറിസത്തിൽ പങ്കാളിയായി അഡ്വെഞ്ചർ ആക്ടിവിറ്റി പ്രൊവൈഡേഴ്സ് ആകാൻ ആഗ്രഹിക്കുന്നവർ കേരള ടൂറിസം വകുപ്പിൽ നിന്നും രജിസ്ട്രേഷൻ നേടേണ്ടതുണ്ട്. ടൂറിസം വകുപ്പിൽ അപേക്ഷ നൽകുന്നതിന് മുമ്പ് സാഹസിക പരിപാടിയുമായി ബന്ധപ്പെട്ട നിയന്ത്രണ അധികാരികളിൽ നിന്നുള്ള അനിവാര്യമായ ലൈസൻസുകൾ നേടണം. (ഉദാഹരണത്തിന്: ബോട്ടിങ്ങിന് പോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.)

ഈ ലൈസൻസുകൾ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത് .സ്ഥാപനത്തിന്റെ വിശദാംശങ്ങൾ, നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, സർക്കാർ നിർദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കുമെന്ന സാക്ഷ്യപത്രം, മറ്റ് ആവശ്യമായ രേഖകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷ ലഭിച്ച ശേഷം സൊസൈറ്റി പ്രാഥമിക പരിശോധന നടത്തുന്നു.

തുടർന്ന് സംസ്ഥാനതല വിദഗ്ധ സമിതിയിലേക്ക് അയക്കുകയും അവർ സ്ഥലത്തെത്തി സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. ഇതിനെ തുടർന്ന് രജിസ്ട്രേഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നു. രജിസ്ട്രേഷന്റെ സാധുത രണ്ട് വർഷം ആണ്.

## സുരക്ഷാസംവിധാനങ്ങൾ

അപകടസാധ്യത പൂർണ്ണമായും ഒഴിവാക്കുക എന്നതിലുപരി അപകടസാധ്യത മുൻകൂട്ടി തിരിച്ചറിഞ്ഞ് നിയന്ത്രിക്കുക എന്നതാണ് സാഹസിക ടൂറിസത്തിന്റെ പ്രധാന സമീപനം. അഡ്വെഞ്ചർ ആക്ടിവിറ്റി നടത്തുന്നതിന് മുമ്പ് അപകടസാധ്യതകൾ വിലയിരുത്തി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുകയും വേണം. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ വ്യക്തമായ എമർജൻസി ആക്ഷൻ പ്ലാൻ ഉണ്ടായിരിക്കണം. ജീവനക്കാർക്ക് അതുമായി ബന്ധപ്പെട്ട പരിശീലനം നൽകണം. പരിസ്ഥിതി സൗഹൃദാന്തരീക്ഷം ഉറപ്പാക്കണം. വനമേഖലയിലോ സമീപ പ്രദേശങ്ങളിലോ സാഹസിക ടൂറിസം നടത്തുമ്പോൾ പ്രകൃതിക്കും വന്യജീവികൾക്കും ഹാനിയുണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തേണ്ടതുണ്ട്. അതിനായി വന്യജീവികളെ ശല്യപ്പെടുത്താതിരിക്കുക, ഭക്ഷണം നൽകാതിരിക്കുക, ശബ്ദ മലിനീകരണം നിയന്ത്രിക്കുക. മാലിന്യങ്ങൾ പ്രകൃതിയിൽ തള്ളാതിരിക്കുക. തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

## അന്താരാഷ്ട്ര മത്സരങ്ങളും മേളകളും

കേരളത്തിലെ സാഹസിക ടൂറിസം സാധ്യതകൾ ആഗോളതലത്തിൽ പ്രദർ



**സാഹസികതയുടെ ആവേശത്തിനൊപ്പം സുരക്ഷയും ഉത്തരവാദിത്തവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുക എന്നതാണ് കേരളം മുന്നോട്ടുവയ്ക്കുന്ന പുതിയ സമീപനം**

ശിഷിക്കുന്നതിൽ അന്താരാഷ്ട്ര മത്സര ങ്ങളും മേളകളും വലിയ പങ്കുവഹിക്കുന്നു. സാഹസിക വിനോദവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഒട്ടേറെ മേളകൾ സംഘടി പ്പിച്ചുവരുന്നു

## മലബാർ റിവർ ഫെസ്റ്റിവൽ

പുഴയുടെ സ്വാഭാവിക ഒഴുക്കിനെയും മല ബാറിന്റെ പ്രകൃതിഭംഗിയെയും സാഹസിക കായികമേളയാക്കി മാറ്റുന്ന മലബാർ റിവർ ഫെസ്റ്റിവൽ, കേരളത്തിന്റെ വൈറ്റ് വാട്ടർ അഡ്വഞ്ചർ ടൂറിസത്തിന്റെ മുഖമു ദ്രകളിലൊന്നായി മാറിയിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ തുഷാരഗിരിക്ക് സമീപമുള്ള ചാലിപ്പുഴ, ഇരുവഞ്ഞിപ്പുഴ എന്നിവിടങ്ങളിലാണ് മലബാർ റിവർ ഫെസ്റ്റിവൽ അരങ്ങേറുന്നത്. ജൂലൈ മാസത്തിൽ നടത്തുന്ന ഫെസ്റ്റിവെലിൽ അന്താരാഷ്ട്ര-ദേശീയ താരങ്ങൾക്കൊപ്പം പ്രാദേശികവും അമച്വർ വിഭാഗങ്ങളിലു മുള്ള കയാക്കർമാർക്കും അവസരം നൽ കുന്നു .യാക് സ്ലാലം, ബോട്ടർ ക്രോസ്/ കയാക് ക്രോസ്, റോഡിയോ തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പി ക്കുക.

## ഇന്റർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ

വാഗമൺ കുന്നുകളുടെ കാഴ്ച സാധാര ണനിലയിൽ തന്നെ അവിസ്മരണീയമാ മാണ്. പ്രകൃതി അതിന്റെ എല്ലാ മനോ ഹാരിതയോടെയും ആകാശദൃഷ്ടിയിൽ ദൃശ്യമാകുന്ന കാഴ്ചയുടെ മനോഹാരിത പിന്നെ പറയേണ്ടതുണ്ടോ.
അതുകൊണ്ട് തന്നെയാണ് ഇടുക്കി ജില്ലയിലെ വാഗമണിലെ വെടിക്കുഴി സൂയിസൈഡ് പോയിന്റിൽ നടത്തുന്ന ഇന്റർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ ആഗോള ശ്രദ്ധയാകർഷിക്കു ന്നത്. വാഗമൺ സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1,100 മീറ്റർ ഉയരത്തിലുള്ള മലനിരകളിലാണ് സ്ഥിതി ചെയ്യുന്നത്. മനോഹരമായ പുൽമേടുകളും അനുകൂല മായ കാലാവസ്ഥയും സ്വാഭാവികമായി അനുയോജ്യമായ ടേക്ക് ഓഫ്, ലാൻഡിങ് മേഖലകളും വാഗമണിനെ പാരാഗ്ലൈഡി ങിന് അനുയോജ്യമായ കേന്ദ്രമാക്കുന്നു. ഫെബ്രുവരി മാസത്തിൽ നടക്കുന്ന മത്സ രത്തിൽ വിവിധ രാജ്യങ്ങളിലെ മത്സരാർ ഥികൾക്കൊപ്പം ദേശീയ അന്തർദേശീയ താരങ്ങളും മാറ്റുരക്കുന്നു. വാഗമണിനെ ഒരു പ്രമുഖ സാഹസിക സഞ്ചാര കേന്ദ്ര മാക്കി വളർത്തുന്നതിനൊപ്പം അന്താരാഷ്ട്ര വിദഗ്ധരുടെ അക്രോബാറ്റിക്സ് പ്രദർശ നങ്ങളും ഇതിന്റെ ഭാഗമായി നടത്തുന്നു

## ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവൽ

വർക്കല കടൽത്തീരത്തെ ഒരു അവധി ക്കാല ബീച്ച് ഡെസ്റ്റിനേഷനിൽ നിന്ന് തിരമാലകളെ തേടിയെത്തുന്ന സഞ്ചാ രികളുടെ സാഹസിക കേന്ദ്രമാക്കി മാറ്റുകയാണ് സർഫിങ് ഫെസ്റ്റിവലിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തെ ഇന്ത്യയിലെ പ്രധാന സർഫിങ് ഡെസ്റ്റിനേഷനായി ഉയർത്തുകയും വർക്കലയെ അന്താരാഷ്ട്ര സർഫിങ് ഹബ്ബായി വികസിപ്പിക്കുകയും ചെയ്യുകയാണ് ഫെസ്റ്റിവലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. എല്ലാ വർഷവും ജനുവരിയിൽ സംഘടിപ്പിക്കുന്ന ഫെസ്റ്റി വെലിൽ ദേശീയ അന്തർദേശീയ അത്‌ലറ്റു കൾ മത്സരിക്കുന്നു.

## ഇന്റർനാഷണൽ മൗണ്ടൻ ടെറൈൻ ബൈക്കിങ് ചാമ്പ്യൻഷിപ്പ്

ചായത്തോട്ടങ്ങളുടെ പച്ചപ്പിനിടയിലൂടെ മണ്ണും പാറയും വെള്ളവും താണ്ടിയുള്ള അഞ്ച് കിലോമീറ്റർ പാതയിലൂടെയുള്ള ആവേശകരമായ മൗണ്ടൻ ബൈക്കിങ് അനുഭവം നൽകുന്ന ഇന്റർനാഷണൽ മൗണ്ടൻ ടെറൈൻ ബൈക്കിങ് ചാമ്പ്യൻഷിപ്പ് കേരളത്തിന്റെ സാഹസിക ടൂറിസം ഭൂപടത്തിലെ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചു പറ്റിയ ഒരു മത്സരമാണ്. വയനാട്ടിലെ മാനന്തവാടി പ്രിയദർശിനി ടീ പ്ലാന്റേഷനിലാണ് എല്ലാ വർഷവും നവംബർ മാസത്തിൽ എംടിബി കേരള അരങ്ങേറുന്നത്. ഏകദേശം 3,000 അടി ഉയരത്തിലുള്ള അഞ്ച് കിലോമീറ്റർ ട്രാക്ക് മണ്ണ്, പാറ, വെള്ളം തുടങ്ങിയ വ്യത്യസ്തവും വെല്ലുവിളി നിറഞ്ഞതുമായ ഭൂപ്രദേശങ്ങളി ലൂടെയാണ് കടന്നുപോകുന്നത്. വെല്ലുവിളി നിറഞ്ഞ ഈ ക്രോസ് കൺട്രി കോഴ്സ് റൈഡർമാർക്ക് മികച്ച അനുഭവമേകുന്ന ചാമ്പ്യൻഷിപ്പാണ്. വിവിധ രാജ്യങ്ങളിലു ള്ള സൈക്ലിസ്റ്റുകൾക്കും ഇന്ത്യൻ അമച്വർ അത്‌ലറ്റുകൾക്കും മത്സരം സംഘടിപ്പി ക്കുന്നു.യൂണിയൻ സൈക്ലിസ്റ്റ് ഇന്റർനാ ഷണലിന്റെ (UCI) MTB ചാമ്പ്യൻഷിപ്പ് കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടി കൂടിയാണിത്.

## പുതിയ സാധ്യതകൾ

ട്രെക്കിങ് പാതകൾ, പുഴകൾ, കുന്നുകൾ, തീരദേശം, ഗ്രാമങ്ങൾ എന്നിവയെ സുര ക്ഷിതമായി ബന്ധിപ്പിക്കുന്നതിലൂടെ വിനോ ദസഞ്ചാര കേന്ദ്രങ്ങളുടെ വൈവിധ്യവൽ ക്കരണം സാധ്യമാവുകയാണ്. ഇതിലൂടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അമിത തിരക്ക് കുറയ്ക്കാനും പുതിയ ഗ്രാമീണമേഖല കളിൽ തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കാനും സാധിക്കുന്നു.

സാഹസികടൂറിസം എന്നത് വെറുമൊരു അനുഭവം മാത്രം പ്രദാനം ചെയ്യുന്ന ഒന്നല്ല. അതിനൊപ്പം സുരക്ഷ, ഉത്ത രവാദിത്വം, പരിസ്ഥിതി സംരക്ഷണം, പരിശീലനം, ഗുണനിലവാരം, പ്രാദേശിക പങ്കാളിത്തം, അടിസ്ഥാന സൗകര്യവിക സനം എന്നിവയും ചേർന്നുള്ള സമഗ്രമായ വിനോദസഞ്ചാരമേഖലയാണ്. സാഹസി കത മാത്രമല്ല സുരക്ഷിതമായ സാഹസിക ടൂറിസമാണ് കേരളം ലോകത്തിനു മുന്നിൽ തുറന്നിടുന്നത്. ■



**ഷൈൻ കെ എസ്**
മാനേജിങ് ഡയറക്ടർ & സി.ഇ.ഒ മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്



**ലിവിങ് ഹെറിറ്റേജ് എന്ന ആശയമാണ് മുസിരിസ് പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. ഇന്ത്യയിലെ സമഗ്ര പൈതൃക സംരക്ഷണത്തിന്റെയും സാംസ്കാരിക വിനോദസഞ്ചാരത്തിന്റെയും ശ്രദ്ധേയമായ മാതൃകയായി മാറുകയാണ് കേരളം**



പാലിയം കൊട്ടാരം

# വിനോദസഞ്ചാരത്തിന്റെ പൈതൃക ഭൂമിക

മധ്യകേരളത്തെ വിദേശരാജ്യങ്ങളുമായി ബന്ധിപ്പിച്ചിരുന്ന പ്രാചീന തുറമുഖനഗരമായിരുന്നു മുസിരിസ്. പെരിയാർ നദീതടത്തെ കേന്ദ്രീകരിച്ച് വളർന്ന ഈ പ്രദേശം റോമാക്കാർ, അറബികൾ, ചൈനക്കാർ തുടങ്ങിയ വിവിധ ദേശക്കാരായ വ്യാപാരികളുടെയും യാത്രികരുടെയും സാന്നിധ്യത്തിന് സാക്ഷ്യം വഹിച്ചു. സംഘകാല കൃതികളിലും പ്രാചീന ഗ്രന്ഥങ്ങളിലും പരാമർശിക്കപ്പെടുന്ന മുസിരിസ്, പാപ്പിറസ് രേഖകളിലും പ്ലിനിയുടെ വിവരണങ്ങളിലും പ്രത്യക്ഷപ്പെടുന്ന പ്രധാന വ്യാപാരകേന്ദ്രമായിരുന്നു. പശ്ചിമേഷ്യ, യൂറോപ്പ്, തെക്കുകിഴക്കൻ ഏഷ്യ തുടങ്ങി വിവിധ നാഗരികതകളുമായി ദക്ഷിണേന്ത്യയ്ക്ക് നിലനിന്നിരുന്ന വ്യാപാരബന്ധങ്ങളുടെ പ്രധാന കണ്ണിയായിരുന്നു ഇത്.

കാലക്രമത്തിൽ പ്രകൃതിദുരന്തങ്ങളും നദിയുടെ ഗതിമാറ്റങ്ങളും ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ മുസിരിസിന്റെ പ്രാധാന്യം ക്ഷയിക്കുകയും തുറമുഖനഗരം ചരിത്രത്തിന്റെ താളുകളിൽ മറയുകയും ചെയ്തു. എന്നാൽ നൂറ്റാണ്ടുകൾക്കുശേഷം പോർച്ചുഗീസുകാരും ഡച്ചുകാരും ഉൾപ്പെടെയുള്ള യൂറോപ്യൻ ശക്തികളുടെ വരവോടെ ഈ പ്രദേശം വീണ്ടും ചരിത്രത്തിന്റെ ശ്രദ്ധാകേന്ദ്രമായി.

മുസിരിസ് വ്യാപാരത്തിന്റെ മാത്രം കേന്ദ്രമായിരുന്നില്ല. വിവിധ രാജ്യങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടപെടലുകളിലൂടെ രൂപപ്പെട്ട ബഹുസ്വര സാംസ്കാരിക ഭൂമികയായിരുന്നു കേരളത്തിലെ ജൂത -ഇസ്ലാമിക-ക്രൈസ്തവ പാരമ്പര്യങ്ങളുടെ പ്രാരംഭ ചരിത്രവുമായും ഈ പ്രദേശത്തിന് അടുത്ത ബന്ധമുണ്ട്. അതിനാൽ തന്നെ ആയിരക്കണക്കിന് വർഷങ്ങളുടെ മനുഷ്യവാസത്തിന്റെയും സാംസ്കാരിക ഇടപെടലുകളുടെയും ചരിത്രം ഉൾക്കൊള്ളുന്ന സമ്പന്നമായ

പൈതൃകഭൂമിയാണ് മുസിരിസ്.

പട്ടണം കേന്ദ്രീകരിച്ച് കേരളം കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് നടത്തിയ പുരാവസ്തു ഖനനങ്ങളും തുടർന്നുള്ള ഗവേഷണങ്ങളും മുസിരിസിന്റെ ചരിത്രത്തെക്കുറിച്ചുള്ള പുതിയ തെളിവുകൾ പുറത്തുകൊണ്ടുവന്നു. വിദേശവ്യാപാര ബന്ധങ്ങളുടെ തെളിവുകളോടൊപ്പം പെരിയാർ നദീതടത്തിലും അതിന്റെ ഉൾപ്രദേശങ്ങളിലും സജീവമായിരുന്ന പുരാതന മനുഷ്യവാസത്തിന്റെയും കാർഷിക-സാമ്പത്തിക ജീവിതത്തിന്റെയും സൂചനകൾ കണ്ടെത്താനായി. മഹാശിലായുഗം മുതൽ വിവിധ ഘട്ടങ്ങളിലായി വികസിച്ച മനുഷ്യവാസത്തിന്റെ തുടർച്ചയും ഈ പ്രദേശത്തിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുന്നു.

## സംരക്ഷണത്തിൽ നിന്ന് പുനരുജ്ജീവനത്തിലേക്ക്

കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം സംരക്ഷണമില്ലാതെ തകർന്നുപോയ നിരവധി ചരിത്രസ്മാരകങ്ങളെയും പൈതൃക ഇടങ്ങളെയും സംരക്ഷിച്ച് പുനരുജ്ജീവിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ മുസിരിസ് പൈതൃക പദ്ധതിക്ക് 2009 ൽ രൂപം നൽകിയത്. വടക്കൻ പറവൂർ മുതൽ കൊടുങ്ങല്ലൂർ മതിലകം വരെയുള്ള പ്രദേശങ്ങളിലെ മുപ്പതോളം പൈതൃക കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് സ്മാരകസംരക്ഷണം, മ്യൂസിയം വികസനം, ഗവേഷണം, പൈതൃക വിനോദസഞ്ചാരം, പരിസ്ഥിതി സംരക്ഷണം, പ്രാദേശിക കലാ-കരകൗശല മേഖലകളുടെ പ്രോത്സാഹനം, സമൂഹപങ്കാളിത്തം എന്നിവയെ സമന്വയിപ്പിച്ചാണ് പദ്ധതി മുന്നേറുന്നത്.

**ഒരു വിനോദയാത്രയ്ക്കപ്പുറം ചരിത്രം, പുരാവസ്തുശാസ്ത്രം, മ്യൂസിയം പഠനം, വാസ്തുവിദ്യ, സമുദ്രവ്യാപാരം, മത-സാംസ്കാരിക പാരമ്പര്യങ്ങൾ, പരിസ്ഥിതി, പ്രാദേശിക ജീവിതരീതികൾ എന്നിവ നേരിട്ട് അനുഭവിച്ചറിയാൻ കഴിയുന്ന ഒരു തുറന്ന പാഠശാലയായി മുസിരിസിനെ വികസിപ്പിക്കാനാകും**



കീഴ്ത്തളി ശിവക്ഷേത്രം

## ജീവിക്കുന്ന പൈതൃകത്തിന്റെ പുതിയ ഭൂപ്രകൃതി

പൈതൃകത്തെ നിശ്ചലമായ ഒരു ഭൂതകാല അവശിഷ്ടമായി കാണാതെ, പ്രാദേശിക സമൂഹത്തിന്റെ ജീവിതവുമായി ബന്ധിപ്പിക്കുന്ന 'ലിവിങ് ഹെറിറ്റേജ്' ആശയമാണ് മുസിരിസ് പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ, ചരിത്രവും സംസ്കാരവും സമൂഹവും പ്രകൃതിയും പരസ്പരം സംവദിക്കുന്ന ഒരു സജീവ പൈതൃക ഭൂപ്രകൃതിയായി മുസിരിസ് ഇന്ന് ഇന്ത്യയിലെ സമഗ്ര പൈതൃക സംരക്ഷണത്തിന്റെയും സാംസ്കാരിക വിനോദസഞ്ചാരത്തിന്റെയും ശ്രദ്ധേയമായ മാതൃകയായി മാറുകയാണ്.

ആയിരക്കണക്കിന് വർഷങ്ങളായി തുടരുന്ന മനുഷ്യവാസവും മതപാരമ്പര്യങ്ങളും ആരാധനാകേന്ദ്രങ്ങളും ഉത്സവങ്ങളും പരമ്പരാഗത കലകളും കരകൗശലങ്ങളും ഭക്ഷണസംസ്കാരവും കാർഷിക-ജലജീവിതരീതികളും ചരിത്രസ്മാരകങ്ങളുമെല്ലാം പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന ലിവിങ് ഹെറിറ്റേജ് സോൺ എന്ന നിലയിലേക്ക് മുസിരിസ് വികസിച്ചുകൊണ്ടിരിക്കുകയാണ് ചരിത്രസ്മാരകങ്ങളുടെ സംരക്ഷണത്തിനൊപ്പം മ്യൂസിയങ്ങൾ, പൈതൃകനടത്തങ്ങൾ, സാംസ്കാരിക അനുഭവങ്ങൾ, പൈതൃക വിനോദസഞ്ചാര പാക്കേജുകൾ, പൈതൃക താമസസൗകര്യങ്ങൾ തുടങ്ങിയവ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം പൈതൃക കേന്ദ്രങ്ങളും പ്രാദേശിക സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തി. തദ്ദേശീയ കലാകാരന്മാർ, കരകൗശല വിദഗ്ധർ, പരമ്പരാഗത തൊഴിലാളികൾ, വ്യാപാരികൾ, മത-സാംസ്കാരിക സ്ഥാപനങ്ങൾ, യുവജനങ്ങൾ തുടങ്ങിയവരുടെ സജീവ



പറവൂർ സിനഗോഗ്

പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ മുസിരിസിന്റെ പൈതൃകം ജനജീവിതവുമായി കൂടുതൽ ഇഴചേർക്കാനാകും. ഇതുവഴി സന്ദർശനം ഒരു സ്മാരകം കാണുന്നതിൽ മാത്രം ഒതുങ്ങാതെ, അതുമായി ബന്ധപ്പെട്ട ചരിത്രവും പ്രാദേശിക ജീവിതവും സംസ്കാരവും പാരമ്പര്യങ്ങളും നേരിട്ട് അനുഭവിച്ചറിയാനുള്ള അവസരമായി മാറും. ഈ സമീപനമാണ് മുസിരിസിനെ ഒരു ലിവിങ് പൈതൃക സോൺ ആയി വികസിപ്പിക്കുന്നതിന്റെ പ്രധാന അടിത്തറ.

## തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന സ്പൈസ് റൂട്ട്

മുസിരിസ് പൈതൃക പദ്ധതിയുടെ പ്രവർത്തനങ്ങൾ ആലപ്പുഴയിലേക്ക് കൂടി വ്യാപിപ്പിച്ചതോടെ, കേരളത്തിന്റെ ചരിത്രപ്രധാനമായ തുറമുഖങ്ങളെയും സമുദ്രപൈതൃകത്തെയും സംരക്ഷിക്കുകയും അവയെ സാംസ്കാരിക വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന വിശാലമായ ആശയത്തിന് തുടക്കമായി. മുസിരിസിൽ നിന്ന് ആലപ്പുഴയിലേക്കുള്ള ഈ വിപുലീകരണം കേരളത്തിന്റെ മാരിടൈം ഹെറിറ്റേജ് സംരക്ഷണത്തിന് പുതിയൊരു ദിശ തുറന്നു.

കേരളത്തിന്റെ പ്രാചീന സുഗന്ധവ്യഞ്ജന വ്യാപാരപാതകളുമായി ചരിത്രപരമായി ബന്ധം പുലർത്തിയിരുന്ന വിവിധ രാജ്യങ്ങളെ ഉൾപ്പെടുത്തി, ആഗോളതലത്തിൽ കേരളത്തിന്റെ സമുദ്രവ്യാപാര പൈതൃകത്തെ പുനരവതരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ഇതോടൊപ്പം ശക്തമായി. അടുത്തിടെ നടന്ന സ്പൈസ് റൂട്ട് കോൺഫറൻസിൽ, കേരളവുമായി ചരിത്രപരമായ വ്യാപാരബന്ധം പുലർത്തിയിരുന്ന ഏകദേശം 30 രാജ്യങ്ങളെ ഉൾപ്പെടുത്തി ഒരു ഇന്റർനാഷണൽ സ്പൈസ് റൂട്ട് നെറ്റ്‌വർക്ക് പ്രഖ്യാപിച്ചത് ഈ ദിശയിലെ പ്രധാന ചുവടുവയ്പായി.

ഇതിലൂടെ മുസിരിസ്, ആലപ്പുഴ കൊല്ലം, കോഴിക്കോട്, പൊന്നാനി, ബേപ്പൂർ


ചേരമാൻ ജുമാ മസ്ജിദ്

തുടങ്ങിയ ചരിത്രതുറമുഖങ്ങളെ ഒറ്റപ്പെട്ട പൈതൃകകേന്ദ്രങ്ങളായി കാണാതെ, കേരളത്തിന്റെ പുരാതന സമുദ്രവ്യാപാര ശൃംഖലയുമായി ബന്ധിപ്പിച്ചുള്ള ഒരു അന്താരാഷ്ട്ര മാരിടൈം ഹെറിറ്റേജ് നെറ്റ്‌വർക്ക് ആയി വികസിപ്പിക്കാനുള്ള സാധ്യതയാണ് തുറന്നുകിട്ടുന്നത്. ചരിത്രപഠനം, പൈതൃകസംരക്ഷണം, മ്യൂസിയം വികസനം, സാംസ്കാരിക വിനിമയം, ഗവേഷണം, അന്താരാഷ്ട്ര വിനോദസഞ്ചാരം എന്നിവയെ ഏകോപിപ്പിക്കുന്നതിലൂടെ കേരളത്തിന്റെ സമുദ്രപൈതൃകത്തിന് ആഗോള ശ്രദ്ധ നേടാനും ഇത് സഹായിക്കും.

## പൈതൃകത്തിന് പുതിയ അനുഭവഭാഷ

പൈതൃക ടൂറിസത്തിന്റെ ഭാവി ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. അവയെ അനുഭവിക്കാനും മനസ്സിലാക്കാനും സംവദിക്കാനും കഴിയുന്ന രീതിയിൽ അവതരിപ്പിക്കുന്നതിലാണ്. പ്രത്യേകിച്ച് പുതുതലമുറയിലെ സഞ്ചാരികളെ ആകർഷിക്കുന്നതിന് നിർമ്മിതബുദ്ധി, ഡിജിറ്റൽ സ്റ്റോറിടെല്ലിങ്, ഓഗ്മെന്റഡ് റിയാലിറ്റി , വെർച്വൽ റിയാലിറ്റി തുടങ്ങിയ സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

മുസിരിസിന്റെ കാര്യത്തിൽ, ഇന്ന് കാണാനാകാത്ത പ്രാചീന തുറമുഖം, കപ്പലുകൾ, പുരാതന വ്യാപാരപാതകൾ, വിപണികൾ, വിവിധ ദേശങ്ങളിൽ നിന്നെത്തിയ വ്യാപാരികൾ, അന്നത്തെ നഗരജീവിതം, വിവിധങ്ങളായ യുദ്ധങ്ങൾ, പോരാട്ടങ്ങൾ, സമരങ്ങൾ തുടങ്ങിയവയെ ഓമെന്റഡ് റിയാലിറ്റി , വെർച്വൽ റിയാലിറ്റി സാങ്കേതികവിദ്യയിലൂടെ പുനർസൃഷ്ടിച്ച് കൊണ്ട് വിവിധ സ്മാരക മ്യൂസിയങ്ങളായ ചേരമാൻ ജുമാ മസ്ജിദ് , കോട്ടപ്പുറം കോട്ട, കൊടുങ്ങല്ലൂർ ക്ഷേത്ര മ്യൂസിയം , മാരിടൈം മ്യൂസിയം പട്ടണം എന്നിവിടങ്ങളിലായി വിഭാവനം ചെയ്തിട്ടുണ്ട് .

വിദ്യാർഥികൾക്കും യുവസഞ്ചാരികൾക്കും ഗെയിമിഫിക്കേഷൻ, ഇന്ററാക്ടീവ് ക്വിസുകൾ, ഹെറിറ്റേജ് ട്രെയിലുകൾ തുടങ്ങിയവ പൈതൃകാനുഭവത്തെ കൂടുതൽ പങ്കാളിത്തപരമാക്കി വരുന്നുണ്ട്

## മുസിരിസിലെ വിദ്യാഭ്യാസ വിനോദസഞ്ചാരം

കേരളചരിത്രത്തിന്റെ പരിച്ഛേദമായ മുസിരിസിന്റെ പൈതൃകസമ്പത്ത് വിദ്യാഭ്യാസ വിനോദസഞ്ചാരത്തിന് (Educational Tourism) വലിയ സാധ്യതകളാണ് തുറന്നിടുന്നത്. ഒരു വിനോദയാത്രയ്ക്കപ്പുറം ചരിത്രം, പുരാവസ്തുശാസ്ത്രം, മ്യൂസിയം പഠനം, വാസ്തുവിദ്യ, സമുദ്രവ്യാപാരം, മത-സാംസ്കാരിക പാരമ്പര്യങ്ങൾ, പരിസ്ഥിതി, പ്രാദേശിക ജീവിതരീതികൾ എന്നിവ നേരിട്ട് അനുഭവിച്ചറിയാൻ കഴിയുന്ന ഒരു തുറന്ന പഠനശാലയായി മുസിരിസിനെ


പറവൂർ തട്ടുകടവ് ബോട്ട്ജെട്ടി



കോട്ടപ്പുറം കോട്ട

**കേരളത്തിന്റെ സമുദ്രവ്യാപാര ചരിത്രത്തെ കൂടുതൽ ആകർഷകമായും അനുഭവാധിഷ്ഠിതമായും അവതരിപ്പിക്കുന്നതിനായി അൻപതോളം കസ്റ്റമൈസ്ഡ് പൈതൃക ടൂർ പാക്കേജുകൾ വികസിപ്പിച്ചിട്ടുണ്ട്**

വികസിപ്പിക്കാനാകും.

പട്ടണം പുരാവസ്തു ഖനനകേന്ദ്രം, കൊടുങ്ങല്ലൂർ കോട്ട, ചേരമാൻ ജുമാ മസ്ജിദ്, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം, പറവൂർ ജൂതപ്പള്ളി തുടങ്ങിയ വിവിധ പൈതൃകകേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള വിദ്യാഭ്യാസ വിനോദസഞ്ചാരം വിദ്യാർഥികൾക്കും ഗവേഷകർക്കും പ്രയോജനകരമാകും. മ്യൂസിയം സന്ദർശനങ്ങൾ, പുരാവസ്തു വിദഗ്ധരുമായുള്ള സംവാദങ്ങൾ, ഹെറിറ്റേജ് വാക്കുകൾ, പ്രാദേശിക സമൂഹവുമായി ഇടപഴകുന്ന പഠനപരിപാടികൾ, പരമ്പരാഗത കലാ-കരകൗശല പരിശീലനങ്ങൾ എന്നിവ പഠനത്തെ ക്ലാസ് മുറിക്ക് പുറത്തേക്ക് വ്യാപിപ്പിക്കും.

## മാരിടൈം ഹെറിറ്റേജ് സർക്യൂട്ട്

കേരളത്തിന്റെ സമുദ്രവ്യാപാര ചരിത്രത്തെ കൂടുതൽ ആകർഷകമായും അനുഭവാധിഷ്ഠിതമായും അവതരിപ്പിക്കുന്നതിനായി 50-ഓളം കസ്റ്റമൈസ്ഡ് ഹെറിറ്റേജ് ടൂർ പാക്കേജുകൾ വികസിപ്പിച്ചിട്ടുണ്ട്. ഒരേ മാതൃകയിലുള്ള പൊതുവായ ടൂറുകൾക്കു പകരം, സന്ദർശകരുടെ താൽപര്യം, പ്രായം, ലഭ്യമായ സമയം, പഠനലക്ഷ്യം, ദേശീയത എന്നിവ പരിഗണിച്ച് വ്യത്യസ്ത പൈതൃകാനുഭവങ്ങൾ ഒരുക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മുസിരിസിൽ മാത്രം പരിമിതപ്പെടാതെ ആലപ്പുഴ, കൊല്ലം, കോഴിക്കോട്, പൊന്നാനി, ബേപ്പൂർ തുടങ്ങിയ ചരിത്രപ്രധാന തുറമുഖങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കേരളത്തിന്റെ മാരിടൈം ഹെറിറ്റേജ് സർക്യൂട്ട് വികസിപ്പിച്ചിട്ടുണ്ട്. ഓരോ തുറമുഖത്തിന്റെയും സവിശേഷമായ വ്യാപാരചരിത്രം, കപ്പൽനിർമ്മാണ പാരമ്പര്യം, സുഗന്ധവ്യഞ്ജന വ്യാപാരം, തീരദേശ ജീവിതം, മത-സാംസ്കാരിക ഇടപെടലുകൾ എന്നിവയെ അടിസ്ഥാനമാക്കി വ്യത്യസ്ത പൈതൃകാനുഭവങ്ങൾ രൂപപ്പെടുത്തുന്നതിലൂടെ സന്ദർശകർക്ക് കേരളത്തിന്റെ സമ്പന്നമായ സമുദ്രചരിത്രത്തെ സമഗ്രമായി മനസ്സിലാക്കാനും അനുഭവിച്ചറിയാനും അവസരമൊരുക്കുന്നു.



പറവൂർ സിനഗോഗ്

മുസിരിസ് ഒരു പുരാതന തുറമുഖത്തിന്റെ ഓർമ്മകളിൽ മാത്രം ഒതുങ്ങുന്ന പൈതൃകഭൂമിയല്ല; ചരിത്രവും സംസ്കാരവും പ്രകൃതിയും ജനജീവിതവും സാങ്കേതിക വിദ്യയും വിനോദസഞ്ചാരവും പരസ്പരം ഇഴചേർന്നുനിൽക്കുന്ന ജീവിക്കുന്ന പൈതൃക ഭൂപ്രകൃതിയാണ്. പുരാവസ്തു ഗവേഷണങ്ങളിലൂടെ വീണ്ടെടുത്ത ചരിത്രവും സംരക്ഷിക്കപ്പെട്ട സ്മാരകങ്ങളും മ്യൂസിയങ്ങളും പ്രാദേശിക പാരമ്പര്യങ്ങളും സമകാലിക സാങ്കേതികവിദ്യയുടെയും പുതുതലമുറയുടെയും അനുഭവങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട്, പൈതൃകസംരക്ഷണത്തിന് പുതിയൊരു സമീപനമാണ് മുസിരിസ് പൈതൃക പദ്ധതിയിലൂടെ സംസ്ഥാന വിനോദസഞ്ചാര വകുപ്പ് മുന്നോട്ടുവയ്ക്കുന്നത്.

പൈതൃക സംരക്ഷണം, ലിവിങ് ഹെറിറ്റേജ്, വിദ്യാഭ്യാസ വിനോദസഞ്ചാരം, ഹെറിറ്റേജ് ടൂർ പാക്കേജുകൾ, അന്താരാഷ്ട്ര സ്പൈസ് റൂട്ട് നെറ്റ്‌വർക്ക് തുടങ്ങിയ വിവിധ മേഖലകളെ സമന്വയിപ്പിക്കുന്നതിലൂടെ മുസിരിസിന് ഒരു പ്രാദേശിക പൈതൃകകേന്ദ്രം എന്ന പരിധി മറികടന്ന് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായ പൈതൃക വിനോദസഞ്ചാര കേന്ദ്രമായി വളരാനുള്ള വലിയ സാധ്യതയുണ്ട്. അതോടൊപ്പം തദ്ദേശീയ സമൂഹങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും പരമ്പരാഗത അറിവുകളും തൊഴിൽരീതികളും കലാ-കരകൗശല പാരമ്പര്യങ്ങളും സംരക്ഷിക്കുകയും പ്രാദേശിക ജനങ്ങൾക്ക് പുതിയ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോഴാണ് ഈ പൈതൃക പുനരുജ്ജീവനം യഥാർഥത്തിൽ സുസ്ഥിരമാകുന്നത്. ■

ഡോ. ബി. രാജേന്ദ്രൻ
ഡയറക്ടർ & പ്രിൻസിപ്പാൾ, കിറ്റ്സ്



**ക്രൂയിസ് ടൂറിസം, മൈസ്, സാഹസിക വിനോദങ്ങൾ, ഹെൽത്ത് ആൻഡ് വെൽനസ്, മെഡിക്കൽ ടൂറിസം എന്നീ മേഖലകളിലേക്ക് നാം അതിവേഗം ചുവടുവയ്ക്കുകയാണ്. ഈ മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ തൊഴിലവസരങ്ങൾക്കുള്ള സാധ്യതയും ഉയരുന്നു**



തോട്ടപ്പള്ളി ബീച്ച്

# മാറുന്ന തൊഴിൽ സാധ്യതകളും അവസരങ്ങളും

മനുഷ്യരാശിയുടെ ചരിത്രം യാത്രകളുടെയും പലായനങ്ങളുടേതുമാണ്. യാത്ര മനുഷ്യന്റെ സഹജവാസനയാണ്. അത് ജീവിതത്തിലും മനസ്സിലും പുതിയ വാതിലുകൾ തുറന്നുകൊടുക്കുന്നു. മനുഷ്യന്റെ ഹൃദയകവാടം വിശാലമാക്കാനുള്ള ഒറ്റമൂലിയാണ് യാത്രകൾ. ലോകത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ എൻജിൻ എന്നാണ് ഐക്യരാഷ്ട്രസഭ ടൂറിസത്തെ വിശേഷിപ്പിച്ചത്. രാജ്യങ്ങൾ തമ്മിലുള്ള സമാധാനവും സഹവാസവും നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതോടൊപ്പം, ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന വ്യവസായ മേഖല കൂടിയാണ് ടൂറിസം. ഈ ആഗോള വ്യവസായത്തിന്റെ പുതിയൊരു വസന്തത്തിലേക്കാണ് 'ദൈവത്തിന്റെ സ്വന്തം നാടായ' കേരളവും ഇപ്പോൾ വാതിൽ തുറക്കുന്നത്.

സാമ്പത്തിക രംഗത്ത് ജി.ഡി.പി. സംഭാവനയിലും തൊഴിൽ സൃഷ്ടിയിലും മുൻപന്തിയിലാണ് വിനോദസഞ്ചാരമേഖല. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും ഇതിന്റെ സ്വാധീനം ചെറുതല്ല. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ ഗണ്യമായ ശതമാനം ടൂറിസത്തിലൂടെ ലഭിക്കുമ്പോൾ, ലക്ഷക്കണക്കിന് ആളുകൾക്കാണ് ഈ മേഖല പ്രത്യക്ഷമായും പരോക്ഷമായും ജീവനോപാധി നൽകുന്നത്.

## ഇനി നൈപുണ്യ വികസനത്തിന്റെ കാലം

കേരളത്തിൽ ടൂറിസം മേഖലയ്ക്ക് വ്യവസായ പദവി ലഭിക്കുന്നത് വഴി തൊഴിൽ അന്തരീക്ഷത്തിൽ ഗുണപരമായ മുന്നേറ്റത്തിന് വഴിവെക്കാം. ഇത് കൂടുതൽ സ്വകാര്യ നിക്ഷേപങ്ങളെ ആകർഷിക്കുകയും പുതിയ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ടൂർഓപ്പറേറ്റർ സ്ഥാപനങ്ങൾ എന്നിവ വഴി വലിയ അളവിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. വ്യവസായ പദവി ലഭിക്കുന്നതോടെ ഈ മേഖല കൂടുതൽ വൈദഗ്ധ്യം ആവശ്യമുള്ളതാകുകയും, ജീവനക്കാർക്ക് മികച്ച ശമ്പളവ്യവസ്ഥകൾ, ആനുകൂല്യങ്ങൾ, സാമൂഹിക സുരക്ഷാപദ്ധതികൾ, കൃത്യമായ തൊഴിൽ നിയമങ്ങളുടെ പരിരക്ഷ എന്നിവ ഉറപ്പാക്കപ്പെടുകയും ചെയ്യും. കൂടാതെ ഗതാഗതം, പ്രാദേശിക കരകൗശല നിർമ്മാണം, കൃഷി, ജൈവഭക്ഷ്യ ഉൽപാദനം തുടങ്ങിയ അനുബന്ധ മേഖലകളിലും വലിയ തൊഴിലുണർവ് ഉണ്ടാകും.

അറേബ്യൻകടലും കായലുകളും മലനിരകളും വനങ്ങളും സംഗമിക്കുന്ന ഭൂപ്രകൃതിയും തനതായ ആയുർവേദപാരമ്പര്യവും കേരളത്തെ ലോക ടൂറിസം ഭൂപടത്തിൽ

വേറിട്ടുനിർത്തുന്നു. കേവലം കാഴ്ചകൾ കാണുന്നതിനപ്പുറം ക്രൂയിസ് ടൂറിസം, മൈസ് (യോഗങ്ങൾ, പ്രോത്സാഹനങ്ങൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ എന്നതിന്റെ ചുരുക്കം), സാഹസിക വിനോദങ്ങൾ, ഹെൽത്ത് ആൻഡ് വെൽനസ്, മെഡിക്കൽ ടൂറിസം എന്നീ മേഖലകളിലേക്ക് നാം അതിവേഗം ചുവടുവയ്ക്കുകയാണ്. ഈ മാറ്റങ്ങൾക്ക് അനുസൃതമായി, നമ്മുടെ മാനവവിഭവശേഷിയിൽ കാര്യമായ പരിവർത്തനം ആവശ്യമാണ്. അടിസ്ഥാന ഹോസ്പിറ്റാലിറ്റി ജോലികൾക്ക് പുറമെ, പുതിയ തൊഴിലവസരങ്ങൾക്കായുള്ള ആവശ്യകതയും ഇപ്പോൾ ഉയർന്നുവരുന്നുണ്ട്.

### എ ഐക്കൊപ്പം മാറുന്ന തൊഴിലുകൾ

ഈ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിപുലമായ നൈപുണ്യ വികസനം അനിവാര്യമാണ്. ഇതിൽ ഡിജിറ്റൽ സാങ്കേതിക പ്രാഗൽഭ്യം വളരെ നിർണ്ണായകമാണ്. സോഷ്യൽമീഡിയ മാർക്കറ്റിങ്, വി.ആർ./എ .ഐ. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള അനുഭവാധിഷ്ഠിത ടൂറിസം രൂപകൽപന എന്നിവ തൊഴിലന്വേഷകർക്ക് പുതിയ അവസരങ്ങൾ തുറന്നിടുന്നു. നിർമ്മിതബുദ്ധിയുടെ കടന്നുവരവ് ടൂറിസം മേഖലയുടെ പ്രവർത്തന ശൈലിയെ മാറ്റിമറിക്കുകയാണ്. എ.ഐ. ചാറ്റ്ബോട്ടുകളും പ്രിഡിക്റ്റീവ് അനലിറ്റിക്സും (പ്രവചനാത്മക വിശകലനം) വഴി ഉപഭോക്താക്കൾക്ക് തത്സമയം ടൂർ പാക്കേജുകൾ ക്രമീകരിച്ചു നൽകാൻ ഇന്ന് സാധിക്കുന്നു. റൂം മാനേജ്മെന്റ്, ഓട്ടോമേറ്റഡ് ചെക്ക്-ഇൻ, ഉപഭോക്തൃ മുൻഗണനാവിശകലനം എന്നിവയിൽ എ.ഐ. സഹായിക്കുന്നതിനാൽ, അതിഥികൾക്ക് കൂടുതൽ വ്യക്തിഗത സേവനം നൽകാൻ ജീവനക്കാർക്ക് സമയം ലഭിക്കും. അതുകൊണ്ടുതന്നെ, ഭാവിയിൽ ട്രാവൽ ഏജന്റുമാരെ വെറും ബുക്കിങ് ഗുമസ്തരായി തുടരാതെ, ഉപഭോക്താക്കൾക്ക് ലഭിക്കുന്ന അനുഭവം മെച്ചപ്പെടുത്തുന്നതിനും ഉൽപന്നങ്ങളുടെ രൂപകൽപനയും ഉപയോഗക്ഷമതയും കൂടുതൽ ഉപയോക്തൃകേന്ദ്രിതമാക്കുന്നതിനും കഴിവുള്ള അനുഭവ ഉപദേശകരായി (എക്സ്പീരിയൻസ് കൺസൾട്ടന്റ്) മാറേണ്ടതുണ്ട്.

### വേണം ഭാഷാപ്രാവീണ്യം

ഭാഷാപ്രാവീണ്യവും ആശയവിനിമയശേഷിയുമാണ് വിനോദസഞ്ചാരമേഖല ആവശ്യപ്പെടുന്ന മറ്റൊരു പ്രധാന ഘടകം. ഇംഗ്ലീഷിനു പുറമേ ഫ്രഞ്ച്, ജർമ്മൻ, അറബിക്, സ്പാനിഷ് തുടങ്ങിയ വിദേശ ഭാഷകളിലുള്ള അറിവ് ഉദ്യോഗാർഥികൾക്ക് ആഗോളതലത്തിൽ തന്നെ അവസരങ്ങൾ സൃഷ്ടിക്കും. വ്യവസായത്തിന്റെ ആവശ്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന പാഠ്യപദ്ധതിയും തമ്മിലുള്ള അന്തരം പരിഹരിക്കാൻ



സോഫ്റ്റ് സ്കിൽസ് വികസനം പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമാക്കണം.

ടൂറിസം വിദ്യാഭ്യാസത്തിൽ എ.ഐ. കേവലം ഒരു പാഠ്യവിഷയമായൊതുങ്ങാതെ, സഞ്ചാരികളുടെ താൽപര്യങ്ങളും യാത്രാരീതികളും വിശകലനം ചെയ്യാനും വ്യക്തിഗത യാത്രാ
പദ്ധതികൾ തയ്യാറാക്കാനുമുള്ള പ്രായോഗിക പരിശീലനമായി മാറണം. സാഹസിക ടൂറിസത്തിലും സുരക്ഷാമാനേജ്മെന്റിലും അന്താരാഷ്ട്ര അംഗീകാരമുള്ള സുരക്ഷാപരിശീലനങ്ങൾ ബിരുദ കോഴ്സുകളുടെ ഭാഗമാക്കേണ്ടതുണ്ട്. പ്രമുഖ റിസോർട്ടുകൾ, ട്രാവൽഏജൻസികൾ, ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് വിദ്യാർഥികൾക്ക് പഠനകാലത്ത് തന്നെ ഇന്റേൺഷിപ്പും പ്രായോഗിക പരിശീലനവും ഉറപ്പാക്കുന്നത് മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കാൻ സഹായിക്കും.



കേരള സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കിറ്റ്സിന്റെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ) പങ്ക് നിർണ്ണായകമാണ്. 1988-ൽആരംഭിച്ച ഈ സ്വയംഭരണ സ്ഥാപനം വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തൊഴിലിടങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുന്നു.

പി.എച്ച്.ഡി. പ്രോഗ്രാം മുതൽഎം. ബി.എ. ട്രാവൽ ആൻഡ് ടൂറിസം, എം.ടി.ടി.എം., ബി.ബി.എ. ടൂറിസം മാനേജ്മെന്റ്, ബി.കോം ട്രാവൽ ആൻഡ് ടൂറിസം എന്നീ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കൊപ്പം സാഹസിക ടൂറിസം, വെൽനസ്, ഗൈഡിങ് തുടങ്ങിയ മേഖലകളിൽ നിരവധി ഹ്രസ്വകാല ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളും കിറ്റ്സ് നൽകുന്നുണ്ട്. സർക്കാർ പ്രോജക്റ്റുകൾ ആധാരിതമായുള്ള പരിശീലനം വഴി പഠനകാലത്ത് തന്നെ വരുമാനം നേടാനുള്ള അവസരവും, ഏതാണ്ട് 100% പ്ലേസ്മെന്റ് പിന്തുണയും കിറ്റ്സ് ഉറപ്പാക്കുന്നു



## ടൂറിസം പ്രൊഫഷണലുകളെ വാർത്തെടുക്കാൻ കിറ്റ്സ്

**സോഷ്യൽമീഡിയ മാർക്കറ്റിങ്, വി.ആർ./എ.ഐ. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള അനുഭവാധിഷ്ഠിത ടൂറിസം രൂപകൽപന എന്നിവ തൊഴിലന്വേഷകർക്ക് പുതിയ അവസരങ്ങൾ തുറന്നിടുന്നു. നിർമ്മിതബുദ്ധിയുടെ കടന്നുവരവ് ടൂറിസം മേഖലയുടെ പ്രവർത്തന ശൈലിയെ മാറ്റിമറിക്കുകയാണ്**

സുസ്ഥിര-ഉത്തരവാദിത്ത ടൂറിസം, പരിസ്ഥിതി സൗഹൃദ ഹോട്ടൽമാനേജ്മെന്റ്, ശാസ്ത്രീയ മാലിന്യ സംസ്കരണം, പ്രാദേശിക സംസ്കാരത്തെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ടുള്ള ടൂർഗൈഡിങ് എന്നിവയ്ക്കെല്ലാം ഇന്ന് വിദഗ്ധരെ ആവശ്യമുണ്ട്. കമ്മ്യൂണിറ്റി ഗൈഡിങ്, ജലകായിക ഇനങ്ങൾ, ട്രെക്കിങ്, റോപ്പ് ആക്ടിവിറ്റികൾതുടങ്ങിയ മേഖലകളിലെ അന്താരാഷ്ട്ര സുരക്ഷാപരിശീലനവും ഗ്രാമീണ ജീവിതരീതികൾ സഞ്ചാരികൾക്ക് പകർന്നുനൽകാനുള്ള ശേഷിയും ടൂറിസം മേഖലയിൽകേരളത്തനിമ നിലനിർത്തും.

### സ്ത്രീ ശാക്തീകരണത്തിന് കരുത്തായി ടൂറിസം

ടൂറിസത്തിന്റെ വളർച്ച ഗ്രാമീണമേഖലകളിലേക്കും സാധാരണക്കാരിലേക്കും എത്തുമ്പോൾഅത് വലിയ സാമൂഹിക മാറ്റങ്ങൾക്ക് വഴിവെക്കും. വനിതാസൗഹൃദ വിനോദസഞ്ചാരം, വനിതാഹോംസ്റ്റേ ഓപ്പറേറ്റർമാർക്കുള്ള പിന്തുണ, സ്ത്രീകൾക്കായുള്ള ടൂർ പാക്കേജുകൾ, വനിതാ ട്രാവൽ ഗൈഡുകൾ, ഡ്രൈവർമാർ എന്നിവയിലൂടെ സ്ത്രീകൾക്ക് സ്വയംതൊഴിലിന്റെയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും പുതിയ വാതിലുകൾ തുറന്നുകിട്ടുകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുൻനിർത്തി പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാത്ത ടൂറിസം ശൈലിയാണ് കേരളം പിന്തുടരുന്നത്. ആഗോള തലത്തിലെ ഇക്കോ-ടൂറിസം മാതൃകകൾ, സാഹസിക ടൂറിസം സുരക്ഷാമാനദണ്ഡങ്ങൾഎന്നിവ കേരളത്തിന്റെ പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ആധുനിക ജീവിതത്തിലെ മാനസിക സമ്മർദങ്ങളിൽനിന്ന് മുക്തി നേടാൻ ആഗോള സഞ്ചാരികളെ വെൽനസ് ടൂറിസത്തെ ആശ്രയിക്കുമ്പോൾ, കേരളത്തിന്റെ പരമ്പരാഗത ആയുർവേദ, യോഗ, പ്രകൃതിചികിത്സാരംഗങ്ങളിൽ ആഗോള നിലവാരമുള്ള തെറാപ്പിസ്റ്റുകൾക്കും വ്യക്തിഗത ആരോഗ്യസംരക്ഷണ സേവകർക്കും തൊഴിൽസാധ്യതയേറുന്നു. ലോക സഞ്ചാരികളെ സ്വീകരിക്കാൻ'ദൈവത്തിന്റെ സ്വന്തം നാട്" പൂർണ്ണസജ്ജമായി നിൽക്കുമ്പോൾ, വ്യവസായപദവിയും ആധുനിക നൈപുണ്യവികസനവും കൈകോർക്കുന്നത് കേരളത്തിന്റെ വിനോദസഞ്ചാര ചരിത്രത്തിലെ സുവർണ്ണ അധ്യായമായി മാറും. വിദ്യാഭ്യാസസ്ഥാപനങ്ങളും വ്യവസായ-സ്വകാര്യ മേഖലകളും സർക്കാരും ഒന്നിച്ച് മുന്നേറുമ്പോൾ, ടൂറിസം മേഖലയിലെ മാനവവിഭവശേഷിയിലും തൊഴിൽരംഗത്തും സമാനതകളില്ലാത്ത കുതിച്ചുചാട്ടമുണ്ടാകുമെന്നതിൽ സംശയമില്ല. ■



അജയ് കുമാർ കെ എസ്
ശ്രീദേവി നാരായണൻ
യാത്രാലേഖകർ





മാറുന്ന ടൂറിസം സങ്കൽപ്പങ്ങൾക്കൊപ്പം ഗൈഡിങ്ങും കൂടുതൽ വൈദഗ്ധ്യവും പരിശീലനവും അക്കാദമിക മികവും ആവശ്യപ്പെടുന്ന ഒരു തൊഴിലായി വളരുകയാണ്. അതുകൊണ്ടുതന്നെ ടൂർ ഗൈഡുകൾ ടൂറിസം വ്യവസായത്തിന്റെ അവിഭാജ്യ ഘടകം മാത്രമല്ല, ഒരു നാടിന്റെ അറിവും അനുഭവവും സഞ്ചാരിയിലേക്ക് എത്തിക്കുന്ന സഞ്ചാരത്തിന്റെ അക്കാദമിക മുഖം കൂടിയാണ്

# പ്രൊഫഷണൽ ടൂർ ഗൈഡ്
# സഞ്ചാരത്തിന്റെ അക്കാദമിക മുഖം



ഒരു നാടിന്റെ കാഴ്ചകളിലേക്ക് സഞ്ചാരിയെ നയിക്കുന്നതിനൊപ്പം, അതിന്റെ ചരിത്രവും സംസ്കാരവും പൈതൃകവും ജീവിതരീതികളും പരിചയപ്പെടുത്തുന്നവരാണ് പ്രൊഫഷണൽ ടൂർ ഗൈഡുകൾ. ഒരു യാത്രയെ കേവലം കാഴ്ചാനുഭവത്തിൽ നിന്ന് അറിവിന്റെയും അന്വേഷണത്തിന്റെയും അനുഭവമാക്കി മാറ്റുന്നതിൽ അവരുടെ പങ്ക് നിർണ്ണായകമാണ്. ഭൂമിശാസ്ത്രം, ചരിത്രം, കല, വാസ്തുവിദ്യ, ഭാഷ, മതം, പാരമ്പര്യം തുടങ്ങി വിവിധ മേഖലകളിലെ അറിവ് സഞ്ചാരികളിലേക്ക് ലളിതമായും ആകർഷകമായും പകർന്നുനൽകുന്നവരാണ് അവർ. പ്രത്യേകിച്ച് അന്താരാഷ്ട്രസഞ്ചാരികളുടെ മുന്നിൽ ഒരു നാടിന്റെ കഥയും സംസ്കാരവും അവതരിപ്പിക്കുമ്പോൾ, ഗൈഡ് ആ നാടിന്റെ പ്രതിനിധി കൂടിയാകുന്നു. മാറുന്ന ടൂറിസം സങ്കൽപങ്ങൾക്കൊപ്പം ഗൈഡിങ്ങും കൂടുതൽ വൈദഗ്ധ്യവും പരിശീലനവും അക്കാദമികമികവും ആവശ്യപ്പെടുന്ന ഒരു പ്രൊഫഷനായി വളരുകയാണ്. അതുകൊണ്ടുതന്നെ ടൂർ ഗൈഡുകൾ ടൂറിസം വ്യവസായത്തിന്റെ അവിഭാജ്യ ഘടകം മാത്രമല്ല, ഒരു നാടിന്റെ അറിവും അനുഭവവും സഞ്ചാരിയിലേക്ക് എത്തിക്കുന്ന സഞ്ചാരത്തിന്റെ അക്കാദമിക മുഖം കൂടിയാണ്.

എന്നാൽ പലപ്പോഴും ഔദ്യോഗിക അംഗീകാരമോ, രേഖകളോ, യോഗ്യതയോ ഇല്ലാതെ വിനോദസഞ്ചാരികളെ സമീപിക്കുന്നവർ ഗൈഡുകൾ എന്ന നിലയിലാണ് കണക്കാക്കപ്പെടുന്നത്. ഇത് ടൂറിസം രംഗത്ത് പലതരത്തിലുള്ള തിരിച്ചടികൾക്കും കാരണമാകുന്നുണ്ട്. സഞ്ചാരികളെ അപകടത്തിലാക്കുന്നതരത്തിൽ



പോലുമുള്ള പ്രവൃത്തികൾ ഇത്തരത്തിലുള്ള ആളുകളിൽ നിന്നുണ്ടാവുന്നത് നിയമപരമായി പരിശീലനം നേടിയ പ്രൊഫഷണൽ ഗൈഡുകളുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുകയാണ്. ഈ സാഹചര്യത്തിലാണ് പ്രഫഷണൽ ഗൈഡുകളുടെ പ്രസക്തി ഏറുന്നത്. കേന്ദ്ര- സംസ്ഥാന സർക്കാറുകൾ ഗൈഡ് പരിശീലനം നൽകി വരുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിശീലനം ലഭിച്ച മൂവായിരത്തിലധികം പാൻ-ഇന്ത്യൻ പ്രൊഫഷണൽ ഗൈഡുകളും, വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ലെവൽ ഗൈഡുകളും ഇതിനോടകം ടൂറിസം രംഗത്ത് പ്രവർത്തിച്ച് വരുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

### ആരാണ് പ്രൊഫഷണൽ ടൂർ ഗൈഡ്

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിശീലനവും, അംഗീകാരമുള്ള പ്രൊഫഷണൽ ഗൈഡുകളെ ഇൻക്രെഡിബിൾ ഇന്ത്യ ടൂർ ഗൈഡ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും പുറമെ ലക്ഷദ്വീപ്, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ ഉൾപ്പെടെ രാജ്യം മുഴുവൻ ഫ്രീലാൻസ് പ്രൊഫഷണൽ ഗൈഡുകളായി സേവനം ചെയ്യാൻ ഇവർക്ക് അനുമതിയുണ്ട്. ഇതിന് പുറമെ ഓരോ സംസ്ഥാനത്തെയും ടൂറിസം വകുപ്പുകളുടെ പരിശീലനം ലഭിച്ച സ്റ്റേറ്റ് ലെവൽ ഗൈഡുകളുമുണ്ട്. ഇവരുടെ സേവനം ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ പരിധിയിലാണ് ലഭ്യമാവുക. ടൂറിസം മന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം, വിനോദസഞ്ചാരികൾക്കൊപ്പം വെറുതെ യാത്ര ചെയ്യുന്നവരെയോ, സഹായികളെയോ, ഗൈഡുകളായി കണക്കാക്കാനാവില്ല. പ്രൊഫഷണൽ ടൂർ ഗൈഡുകൾ ടൂറിസം വ്യവസായത്തിന്റെ പ്രധാന അക്കാദമിക് മുഖം കൂടിയാണ്. ബിരുദമാണ് ഈ രംഗത്ത് കരിയർ കെട്ടിപ്പടുക്കുന്നതിന് വേണ്ട അടിസ്ഥാന യോഗ്യത. എന്നാൽ ഡോക്ടറേറ്റും മറ്റ് ഉന്നത ബിരുദങ്ങളുമുള്ള അധ്യാപകർ, അഭിഭാഷകർ,ജേർണലിസ്റ്റുകൾ, എഞ്ചിനീയർമാർ തുടങ്ങിയ പ്രൊഫഷണലുകളും ധാരാളമായി ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. കൃത്യമായ പോലീസ് വെരിഫിക്കേഷനും, പരിശീലനത്തിനും ശേഷമാണ് ഇവർക്ക് ലൈസൻസ് ലഭിക്കുന്നത്. കൂടാതെ, മൂന്ന് വർഷത്തിലൊരിക്കൽ ടൂറിസം മന്ത്രാലയം നടത്തുന്ന നിർബന്ധിത റിഫ്രഷർ കോഴ്സിൽ പങ്കെടുക്കണം. ഇതിലൂടെ ഗൈഡുമാർ അറിവുകൾ പുതുക്കുകയും പ്രൊഫഷണൽ നിലവാരം നിലനിർത്തുകയുമാണ് ലക്ഷ്യം.

> **അന്താരാഷ്ട്ര ടൂർ പാക്കേജുകളും ആഭ്യന്തര ടൂറിസവും പുതിയ സഞ്ചാര സമവാക്യങ്ങൾ തേടുന്നകാലമാണ്. അതുകൊണ്ട് തന്നെ ഗൈഡുകൾക്ക് മികച്ച തൊഴിൽ സാധ്യതകളാണ് ടൂറിസം രംഗം തുറന്നിടുന്നത്**

അഞ്ച് വർഷത്തിലൊരിക്കൽ ഓഫ് ലൈൻ രീതിയിലായിരുന്ന പരിശീലനം ഉണ്ടായിരുന്നത്. ഒരു ബാച്ചിൽ 2025 പേർക്ക് മാത്രമായിരുന്നു അവസരം. ഇപ്പോൾ നിരവധി ഘട്ടങ്ങളിലൂടെ ഓൺലൈൻ രീതിയിലാണ് പരിശീലനം നടക്കുന്നത്. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദം നിർബന്ധമാക്കിയിരിക്കുന്ന ഈ കോഴ്സ്, കേന്ദ്ര സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന, ബിരുദം അടിസ്ഥാനയോഗ്യതയായി ആവശ്യപ്പെടുന്ന അപൂർവം പ്രൊഫഷണൽ പരിശീലനങ്ങളിൽ ഒന്നാണ്. 2004 വരെ ദക്ഷിണേന്ത്യയിൽ കൊച്ചി, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് തുടങ്ങിയ സംസ്ഥാന ആസ്ഥാനങ്ങളിൽ ഇന്ത്യാടൂറിസം നേരിട്ടായിരുന്നു പരിശീലനം സംഘടിപ്പിച്ചിരുന്നത്. ചരിത്രം, ഭാഷ, പൈതൃകം, കല, മതം, തത്വശാസ്ത്രം, ഭരണഘടന തുടങ്ങിയ വിവിധ മേഖലകളിലെ പ്രമുഖർ ഈ പരിശീലന പരിപാടികളിൽ ക്ലാസുകൾ എടുത്തിരുന്നു. ഇപ്പോൾ ഇന്ത്യാ ടൂറിസത്തിനുവേണ്ടി ഐ.ഐ.ടി.ടി.എം

ഗ്വാളിയോർ, നെല്ലൂർ എന്നിവിടങ്ങളാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

ദേശീയ തലത്തിൽ ഗൈഡായും ടൂർ മാനേജർ/ടൂർ ലീഡറായും പ്രവർത്തിക്കാൻ ഐ.ഐ.ടി.ജി കൾക്ക് അനുമതിയുണ്ട്. വിദേശരാജ്യങ്ങളിൽ ഇന്ത്യൻ വിനോദസഞ്ചാരികളെ നയിക്കാനും, അവിടത്തെ ഔദ്യോഗിക ഗൈഡുകളുടെ സഹകരണത്തോടെ ഇവർക്ക് പ്രവർത്തിക്കാനുമാകും. ഇംഗ്ലീഷിന് പുറമേ ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ തുടങ്ങിയ ഭാഷകളിൽ പ്രാഗൽഭ്യമുള്ള നിരവധി ഐ.ഐ.ടി.ജി കൾ കേരളത്തിലും, ദക്ഷിണേന്ത്യയിലുമുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ലോകനേതാക്കൾ, പ്രമുഖ വ്യക്തിത്വങ്ങൾ, കോർപ്പറേറ്റ് പ്രമുഖർ എന്നിവർ ഇന്ത്യയിലെത്തുമ്പോൾ അവരുടെ യാത്ര സുഗമമാക്കുന്നത് ഇത്തരം പ്രൊഫഷണലുകളാണ്. കേരളത്തിന്റെ ടൂറിസം ഭൂപടം മാറ്റിവരച്ച കെട്ടുവള്ളം ഹൗസ് ബോട്ടുകളുടെ പിന്നണിയിൽ പ്രവർത്തിച്ച ബാബു വർഗീസ് ഉൾപ്പെടെയുള്ള പ്രമുഖർ ആദ്യകാല പ്രൊഫഷണൽ ഗൈഡുകളായിരുന്നു. ഇക്കോ ടൂറിസത്തിന്റെ മുൻഗാമിയായ ബാബു വർഗീസ് ഹൗസ്ബോട്ടുകളും ട്രീഹൗസുകളും ഉൾപ്പെടെയുള്ള പുതുമയാർന്ന ടൂറിസം ഉൽപന്നങ്ങൾക്ക് നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയിട്ടുള്ള വ്യക്തിയാണ്. നാഷണൽ ജിയോഗ്രാഫിക്കിന്റെ ദക്ഷിണേന്ത്യൻ പ്രവർത്തനങ്ങളിൽ വർഷങ്ങളോളം കൺസൽട്ടന്റായും പ്രവർത്തിച്ചു. അദ്ദേഹത്തെപ്പോലെ നിരവധി പ്രൊഫഷണൽ ഗൈഡുകൾ പിന്നീട് വിജയകരമായ ടൂർ ഓപ്പറേറ്റർമാരായി മാറിയിട്ടുണ്ട്.

ജർമ്മൻ ഭാഷയിൽ പ്രാവീണ്യമുള്ള മുതിർന്ന ഇൻക്രെഡിബിൾ ഇന്ത്യ ടൂർ ഗൈഡ് ആയ രഞ്ജൻ, ഗൈഡിങ് ഒരു പ്രത്യേക വിജ്ഞാനശാഖയായി കാണണമെന്ന് പറയുന്നു. "ബുദ്ധൻ ഒരു ഗൈഡായിരുന്നു, കോൺഫ്യൂഷ്യസും ഒരു ഗൈഡായിരുന്നു,"



എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഈ പ്രൊഫഷന്റെ ആഴം വ്യക്തമാക്കുന്നതാണ്. 1970-കളുടെ തുടക്കത്തിൽ ചെന്നൈ ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ചിരുന്ന അദ്ദേഹം പിന്നീട് ടൂർ ഗൈഡിങിനോടുള്ള താൽപര്യം കാരണം ഈ രംഗത്തേക്ക് മാറുകയായിരുന്നു. "ചിത്രരചന ഒരു കലയാണെങ്കിൽ, എഴുത്ത് ഒരു കലയാണെങ്കിൽ, ഗൈഡിങ്ങും ഒരു കലയാണ്," എന്നാണ് രഞ്ജൻ പറയുന്നത്. അഞ്ച് പതിറ്റാണ്ടിലേറെയായി അദ്ദേഹം ഈ രംഗത്ത് സജീവമാണ്.

സമൂഹത്തിന് ഈ പ്രൊഫഷന്റെ അക്കാദമിക് നിലവാരത്തെയും സാധ്യതകളേയും കുറിച്ച് വേണ്ടത്ര അറിവില്ലെന്നാണ് ഇറ്റാലിയൻ ഭാഷാ വിദഗ്ധനായ ഡോ. മുജീബ് പറയുന്നത്, . 'ഗൈഡ്" എന്ന വാക്ക് കേൾക്കുമ്പോൾ 'കിലുക്കം' എന്ന മലയാള സിനിമയിലെ മോഹൻലാലിന്റെ തെറ്റായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന കഥാപാത്രത്തെ ഓർക്കുന്നവരാണ് പലരും എന്നത്, ഈ തെറ്റിദ്ധാരണയുടെ ഒരു ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

ഒരു മികച്ച പ്രൊഫഷണൽ ടൂർ ഗൈഡിന് ഒരേസമയം നിരവധി കഴിവുകൾ ആവശ്യമാണ്. പബ്ലിക് റിലേഷൻസ്, ആശയവിനിമയം, നേതൃപാടവം, സംസാരശൈലി, അവതരണം, മാർക്കറ്റിങ്, സമയനിയന്ത്രണം, ഇവന്റ് മാനേജ്മെന്റ് തുടങ്ങി നിരവധി മേഖലകളിലെ കഴിവുകൾ ഒരുമിച്ച പ്രൊഫഷനാണിതെന്ന് ജർമ്മൻ ഭാഷയിൽ സ്പെഷ്യലിസ് ചെയുന്ന ക്രിസ് ജോസഫ് പറയുന്നു

ഇംഗ്ലീഷിന് പുറമെ ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, റഷ്യൻ, ചൈനീസ്, ജാപ്പനീസ് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യമുള്ള നിരവധി ഐഐടിജികൾ ഇന്ത്യയിലുണ്ട്. 3.3 കോടി ജനസംഖ്യയുള്ള കേരളത്തെ പ്രതിനിധീകരിച്ച് എൺപതോളം ഐ.ഐ.ടി.ജി കളുണ്ട്. ദക്ഷിണേന്ത്യയിലാകെ ഏകദേശം 300 പ്രൊഫഷണൽ ഗൈഡുകളുണ്ടെന്നാണ് കണക്ക്. IITGകളും, SLGകളും (സ്റ്റേറ്റ് ലെവൽ ഗൈഡുകളും),നിരന്തരം ടൂറിസം വകുപ്പുകളുടെ നിരീക്ഷണത്തിലുള്ളവരാണ്. ഇത് അംഗീകൃത ഗൈഡുകളുടെ ഉത്തരവാദിത്തം വർധിപ്പിക്കുകയാണ്.

ടൂറിസം രംഗത്ത് വൻമാറ്റങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. യാത്രകൾ ഒരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമായി മാറികഴിഞ്ഞു. അന്താരാഷ്ട്ര ടൂർ പാക്കേജുകളും ആഭ്യന്തര ടൂറിസവും പുതിയ സഞ്ചാര സമവാക്യങ്ങൾ തേടുന്ന കാലമാണ്. അതുകൊണ്ട് തന്നെ ഗൈഡുകൾക്ക് മികച്ച തൊഴിൽ സാധ്യതകളാണ് ടൂറിസം രംഗം തുറന്നിടുന്നത്. പക്ഷേ ഒരു സ്ഥലത്തിന്റെ വിവരങ്ങൾ മാത്രം കൈമാറാനുള്ള കഴിവിനപ്പുറമുള്ള വൈദഗ്ധ്യമാണ് പുതിയ കാലം ടൂർ ഗൈഡിങിൽ നിന്ന് ആവശ്യപ്പെടുന്നത്. ചരിത്രത്തെയും പൈതൃകത്തെയും സംസ്കാരത്തെയും പുതിയ രീതിയിൽ അവതരിപ്പിക്കാനും, വിവിധ ഭാഷകളിലും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചും സഞ്ചാരിയുമായി സംവദിക്കാനും കഴിയുന്ന പ്രൊഫഷണലുകളെയാണ് പുതിയകാലം തേടുന്നത്.

ഒരു നാടിന്റെ കാഴ്ചകൾ കാണിച്ചുകൊടുക്കുന്നതിൽ നിന്ന് അതിന്റെ കഥയും സംസ്കാരവും ജീവിതവും സഞ്ചാരിയെ അനുഭവിപ്പിക്കുന്നതിലേക്കുള്ള മാറ്റം, പ്രൊഫഷണൽ ടൂർ ഗൈഡിങിന്റെ വളർച്ചയുടെ കൂടി അടയാളമായി മാറ്റുന്നിടത്ത് മികച്ച ഒരു പ്രൊഫഷനായി ടൂർ ഗൈഡിങ് പുതിയ കാലത്തും അതിന്റെ പ്രസക്തി കൂടുതൽ ഉറപ്പിക്കുകയാണ്. ■




**ഫോട്ടോകൾ : മനോജ് വാസുദേവൻ**

**അനൂപ് ജേക്കബ്**
ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി

ഇത്തവണത്തെ സപ്ലൈകോ ഓണം ഫെയറുകൾ കേവലം വിപണി ഇടപെടൽ എന്ന പരിധിയിൽ ഒതുങ്ങിയില്ല. ഉപഭോക്തൃ സൗകര്യവും വിലക്കുറവും വൈവിധ്യവും ഒരുമിപ്പിച്ച ഒരു പുതിയ ഓണംഷോപ്പിങ് അനുഭവം സൃഷ്ടിക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു



# ഓണവിപണിയിൽ റെക്കോർഡിട്ട് സപ്ലൈകോ

## ദിവസങ്ങൾ 35, വിറ്റുവരവ് 433.81 കോടി



ഈ ഓണക്കാലം സപ്ലൈകോയ്ക്ക് വെറുമൊരു ഉത്സവകാല വിൽപ്പനയുടെ കഥയല്ല. മറിച്ച് വിലക്കയറ്റത്തിനിടയിൽ സാധാരണക്കാരന് സമൃദ്ധമായ ഓണക്കാലമൊരുക്കുന്നതിന് തണലാകുകയും ഒപ്പം ചരിത്രത്തിലെ റെക്കോർഡ് വിറ്റുവരവ് സ്വന്തമാക്കിയതിന്റെ അഭിമാനനേട്ടവും കൂടിയാണ്. ഇത്തവണത്തെ സപ്ലൈകോ ഓണം ഫെയറുകൾ കേവലം വിപണി ഇടപെടൽ എന്ന പരിധിയിൽ ഒതുങ്ങിയില്ല. ഉപഭോക്തൃ സൗകര്യവും വിലക്കുറവും വൈവിധ്യവും ഒരുമിപ്പിച്ച ഒരു പുതിയ ഓണം ഷോപ്പിങ് അനുഭവം സൃഷ്ടിക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു.

സാധാരണക്കാരന്റെ വിശ്വാസം, വിലക്കയറ്റത്തിനിടയിലെ ആശ്വാസം, വിപുലമായ ഉൽപന്നലഭ്യത, പ്രമുഖ ബ്രാൻഡുകളുടെ സാന്നിധ്യം, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ ജില്ലകളിലെ മെഗാട്രേഡ് ഫെയറുകൾ, മറ്റു ജില്ലകളിലെ ജില്ലാ ഓണം ഫെയറുകൾ, ഓരോ നിയോജക മണ്ഡലത്തിലെയും പ്രത്യേക ഫെയറുകൾ എല്ലാം ഒത്തുചേർന്നപ്പോൾ സപ്ലൈകോയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച ഓണക്കാല വിൽപന നേട്ടങ്ങളിലൊന്നായി ഈ വർഷം മാറി. ജൂലൈ 22 മുതൽ ഓഗസ്റ്റ് 25, ഉത്രാടം വരെയുള്ള 35 ദിവസത്തിനിടെ സപ്ലൈകോ 433.81 കോടി രൂപയുടെ വിറ്റുവരവ് നേടി. കഴിഞ്ഞ വർഷം ഓണക്കാലത്ത് ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെയുള്ള 35 ദിവസത്തെ വിറ്റുവരവ് 385 കോടി രൂപയായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ഓണക്കാല വിൽപനയിൽ ശ്രദ്ധേയമായ വളർച്ചയാണ് സപ്ലൈകോ കൈവരിച്ചത്. ഓണക്കാല വിൽപനയുടെ ആവേശം ഏറ്റവും പ്രകടമായത് ഉത്രാടദിനത്തിലായിരുന്നു. ഒറ്റ ദിവസം കൊണ്ട് 27.85 കോടി രൂപയുടെ വിറ്റുവരവാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ രേഖപ്പെടുത്തിയത്.

### 53.86 ലക്ഷം ഉപഭോക്താക്കൾ; ജനവിശ്വാസത്തിന്റെ കരുത്ത്

വെറും 35 ദിവസത്തിനിടെ 53.86 ലക്ഷം പേർ സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ വാങ്ങി. സബ്സിഡി ഉൽപന്നങ്ങൾക്കൊപ്പം ബ്രാൻഡഡ് ഉൽപന്നങ്ങളും നിത്യോപയോഗ സാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കാൻ കഴിഞ്ഞത് വിൽപനയിൽ വലിയ വർധനവിന് വഴിയൊരുക്കി. ആകെ വിറ്റുവരവിൽ 155.39 കോടി രൂപ സബ്സിഡി ഇനത്തിലുള്ള ഉൽപന്നങ്ങളിൽ നിന്നാണ് ലഭിച്ചത്. 278.42 കോടി രൂപ സബ്സിഡിയിതര ഉൽപന്നങ്ങളുടെ വിൽപനയിലൂടെയും ലഭിച്ചു. ഓണക്കാലത്ത് കുടുംബ ബജറ്റിന് കൂടുതൽ ആശ്വാസം നൽകുന്നതിനായി സബ്സിഡി വെളിച്ചെണ്ണ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 35 ശതമാനം വിലക്കുറവിൽ ലഭ്യമാക്കിയതും പൊതുജനങ്ങൾ ഏറ്റെടുത്തു. ഈ ഓണക്കാലത്ത് കേരളം സപ്ലൈകോയെ കൂടുതൽ ശക്തമായി ഏറ്റെടുത്തു എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് 433.81 കോടി രൂപയുടെ വിറ്റുവരവും 53.86 ലക്ഷം ഉപഭോക്താക്കളുടെ പങ്കാളിത്തവും.

### 'വൺ-സ്റ്റോപ്പ്' ഓണം ഷോപ്പിങ്

ഈ വർഷത്തെ സപ്ലൈകോ ഓണം മെഗാട്രേഡ് ഫെയറുകളുടെ ഏറ്റവും വലിയ പ്രത്യേകതകളിലൊന്ന് സാധാരണ വിൽപനമേഖലയിൽ നിന്ന് വ്യത്യസ്തമായി, വിവിധ ഉൽപന്നങ്ങൾ ഒരിടത്ത് ലഭിക്കുന്ന യഥാർഥ വൺ-സ്റ്റോപ്പ് ഷോപ്പിങ് കേന്ദ്രങ്ങളായി മാറിക്കൊണ്ട് വിവിധ മേഖലകളിൽ നിന്നുള്ള ഉൽപന്നങ്ങളും സേവനങ്ങളും ഒരുമിച്ച് ലഭ്യമാക്കിയതായിരുന്നു.

സപ്ലൈകോയുടെ നിത്യോപയോഗ സാധനങ്ങൾക്കും സബ്സിഡി ഉൽപന്നങ്ങൾക്കും പുറമെ പ്രമുഖ ബ്രാൻഡുകളും സ്ഥാപനങ്ങളും ഫെയറുകളുടെ ഭാഗമായി.

പാദരക്ഷകൾ മുതൽ പുസ്തകങ്ങൾ, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, വിവിധ നിത്യോപയോഗ ഉൽപന്നങ്ങൾ, രുചികരമായ ചിപ്സുകൾ, ലഘുഭക്ഷണങ്ങൾ എന്നുവേണ്ട ഒരു കുടുംബത്തിന് ആവശ്യമായ നിരവധി ഉൽപന്നങ്ങൾ ഒരേ വേദിയിൽ ലഭ്യമാക്കിയതായിരുന്നു മെഗാ ട്രേഡ് ഫെയറുകളുടെ പ്രത്യേകത.

ഓണസദ്യക്കാവശ്യമായ സാധനങ്ങൾ വാങ്ങാനും, വീട്ടിലേക്കുള്ള നിത്യോപയോഗ ഉൽപന്നങ്ങൾ തിരഞ്ഞെടുക്കാനും, പുസ്തകങ്ങൾ വാങ്ങാനും, പുതിയ പാദരക്ഷകൾ തിരഞ്ഞെടുക്കാനും, വസ്ത്രങ്ങൾ വാങ്ങാനും, വിവിധ ഭക്ഷ്യ ഉൽപന്നങ്ങളും ലഘുഭക്ഷണങ്ങളും സ്വന്തമാക്കാനും ഒരേ വേദിയിൽ അവസരമൊരുങ്ങി.

കോഴിക്കോട് ബീച്ച്, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ട്, തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്ക് എന്നിവിടങ്ങളിൽ സംഘടിപ്പിച്ച മെഗാ ട്രേഡ് ഫെയറുകളും വിവിധ ജില്ലാ ഓണം ഫെയറുകളും ഓണക്കാലത്തെ ആഘോഷ വിപണിക്ക് പുതിയ അനുഭവമായി.

മെഗാട്രേഡ് ഫെയറുകളും ജില്ലാ ഫെയറുകളും ഉൾപ്പെടെ ഫെയറുകളിൽ നിന്ന് 5.33 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചു. കഴിഞ്ഞ വർഷം ജില്ലാ ഫെയറുകളിൽ നിന്നുള്ള വിറ്റുവരവ് 4.82 കോടി രൂപയായിരുന്നു. തിരുവനന്തപുരം മെഗാട്രേഡ് ഫെയറിൽ നിന്ന് മാത്രം 94 ലക്ഷം രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി.

### ഷോപ്പിങ് മാത്രമല്ല, ഓണാനുഭവം

ഓണക്കാലത്ത് കുടുംബത്തോടൊപ്പമെത്തി സാധനങ്ങൾ വാങ്ങാനും, വിവിധ ബ്രാൻഡുകളുടെ ഉൽപന്നങ്ങൾ പരിചയപ്പെടാനും, ഭക്ഷണം ആസ്വദിക്കാനും, ആഘോഷാന്തരീക്ഷത്തിന്റെ ഭാഗമാകാനും കഴിയുന്ന ഒരു പൊതുവേദിയായും സപ്ലൈകോയുടെ മെഗാട്രേഡ് ഫെയറുകൾ മാറി.

### വിലക്കുറവിന്റെ വിശ്വാസം, വൈവിധ്യത്തിന്റെ വിജയം

കേരളത്തിലെ സാധാരണക്കാരന്റെ ദൈനംദിന ജീവിതവുമായി പതിറ്റാണ്ടുകളായി ചേർന്നുനിൽക്കുന്ന സ്ഥാപനമാണ് സപ്ലൈകോ. വിലക്കയറ്റത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന വിപണി ഇടപെടലിന്റെ പ്രധാന മുഖമായ സപ്ലൈകോ, ഓണക്കാലത്തും അതേ ഉത്തരവാദിത്തം ശക്തമായി നിറവേറ്റി.

> **433.81 കോടി രൂപയുടെ വിറ്റുവരവും 53.86 ലക്ഷം ഉപഭോക്താക്കളുടെ പങ്കാളിത്തവും വ്യക്തമാക്കുന്നത് ഒരു കാര്യം മാത്രമാണ്. ഈ ഓണക്കാലത്ത് കേരളം സപ്ലൈകോയെ കൂടുതൽ ശക്തമായി ഏറ്റെടുത്തു**

സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം പ്രമുഖ ബ്രാൻഡുകളുടെയും വിവിധ മേഖലകളിൽ നിന്നുള്ള ഉൽപന്നങ്ങളുടെയും വിപുലമായ ശേഖരം പൊതുജനങ്ങൾക്ക് മുന്നിലെത്തിച്ചതാണ് ഇത്തവണത്തെ ഓണപരിപാടികളുടെ പ്രധാന വിജയം.

വിലക്കുറവിന്റെ വിശ്വാസവും വൈവിധ്യത്തിന്റെ പുതിയ അനുഭവവും ഒന്നിച്ചപ്പോൾ, ഈ ഓണം സപ്ലൈകോയ്ക്ക് റെക്കോർഡ് വിൽപനയുടെ ഓണമായി മാറി.

സബ്സിഡി സാധനങ്ങൾ മുതൽ ബ്രാൻഡഡ് ഉൽപന്നങ്ങൾ വരെ, ഭക്ഷ്യവസ്തുക്കൾ മുതൽ വസ്ത്രങ്ങളും പുസ്തകങ്ങളും പാദരക്ഷകളും വരെ 'എല്ലാം ഒരിടത്ത്' എന്ന ആശയം യാഥാർഥ്യമാക്കിയ ഓണക്കാലമായിരുന്നു കഴിഞ്ഞുപോയത്. അങ്ങനെ, സാധാരണക്കാരന് ആശ്വാസമായി ആരംഭിച്ച സപ്ലൈകോയുടെ ഓണപരിപാടികൾ ഇന്ന് കേരളത്തിന്റെ ഉത്സവകാല ഷോപ്പിങ് അനുഭവത്തിന് പുതിയൊരു മുഖം നൽകുന്ന തരത്തിലേക്ക് വളർന്നിരിക്കുകയാണ്. ■

രാജു കെ ഫ്രാൻസിസ് ഐ എഫ് എസ്
എം ഡി. കെ എഫ് ഡി സി



# വനഭൂമികയിലെ രക്തതാരകങ്ങൾ



കാട്ടിൽ നിങ്ങൾ ഒരിക്കലും ഒറ്റയ്ക്കല്ല. കാണാമറയത്തും കാഴ്ച അവസാനിക്കുന്ന വഴിത്താരയുടെ വളവുകളിലും ഇലകളുടെ അനക്കത്തിലും നീർച്ചാലുകളുടെ നിശ്ശബ്ദതയിലും ആയിരം കണ്ണുകൾ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കും. അടുത്ത നിമിഷം എന്ത് സംഭവിക്കുമെന്ന് പ്രവചിക്കാനാകാത്തതാണ് വന്യതയുടെ സ്വഭാവം. അവിടെ ഓരോ ചുവടും ജാഗ്രത ആവശ്യപ്പെടുന്നു; ഓരോ ദൗത്യവും ഒരു ചെറിയ അപകടസാധ്യത കൂടി വഹിക്കുന്നു.

ആ കാട്ടിലേക്ക്, അതിന്റെ ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയുടെയും സുരക്ഷയ്ക്കായി, ഔദ്യോഗിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി നിരന്തരം കടന്നുചെല്ലുന്നവരാണ് വനപാലകർ. വന്യമൃഗങ്ങളുടെ ആക്രമണം മാത്രമല്ല, വേട്ടക്കാരും മരംകൊള്ളക്കാരും കള്ളക്കടത്തുകാരും നിയമവിരുദ്ധമായി കാട് കീഴടക്കാൻ ശ്രമിക്കുന്നവരും അവരുടെ എതിരാളികളാണ്. ചിലർ തിരിച്ചെത്തുന്നു; ചിലർ കാടിന്റെ ഓർമ്മയായി മാറുന്നു. അവരുടെ ത്യാഗങ്ങളുടെ കണക്കെടുപ്പ് പൂർണ്ണമല്ല. രേഖകളിൽ ഇടം നേടിയവരേക്കാൾ എത്രയോ അധികം പേരുകൾ വനത്തിന്റെ നിശ്ശബ്ദതയിൽ മറഞ്ഞുകിടക്കുന്നുണ്ടാകാം. അവരെ ഓർക്കാനുള്ള ഒരു ദിനമാണ് സെപ്റ്റംബർ 11 ദേശീയ വനരക്തസാക്ഷി ദിനം.

ചില ഔദ്യോഗിക രേഖകളിൽ ആദ്യവനരക്തസാക്ഷിയായി രേഖപ്പെടുത്തിയ പേര് എൻ രാജശേഖരൻ നായർ എന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്റേതാണെന്ന് കാണാം. 1976 ൽ അദ്ദേഹം ബന്ദിപ്പൂർ വനങ്ങളിൽ വച്ച് കാട്ടാന ആക്രമണത്തിൽ മരണപ്പെടുകയാണുണ്ടായത്. എന്നാൽ അതിനു മുമ്പ് തന്നെ ടി കെ കൃഷ്ണൻകുട്ടി നായർ 1969 വനകുറ്റവാളികളുടെ കൈകളാൽ കൊല്ലപ്പെട്ടു എന്ന് മറ്റു രേഖകളിൽ നമുക്ക് കാണാൻ സാധിക്കും. ഇത്തരത്തിൽ രേഖപ്പെടുത്താതെ പോയ, അല്ലെങ്കിൽ പ്രാദേശിക രേഖപ്പെടുത്തലുകളായി മാത്രം ശേഷിക്കുന്ന, അതുമല്ലെങ്കിൽ മറവിയുടെ മാറാമ്പലുകളിൽ പെട്ടുപോയ എത്രയെത്ര രക്തസാക്ഷികൾ ഉണ്ടായിട്ടുണ്ടാവണം. ഉണ്ടായിട്ടുണ്ട് തീർച്ച. അവരെയൊക്കെ സ്മരിക്കാനായാണ് ഓരോ വർഷവും സെപ്റ്റംബർ 11ന് ദേശീയ വനരക്തസാക്ഷി ദിനം രാജ്യമൊട്ടാകെ ആചരിക്കുന്നത് വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കാൻ ജീവൻ ബലിയർപ്പിച്ച വനഉദ്യോഗസ്ഥർ, വാച്ചർമാർ ആദിവാസി സംരക്ഷകർ സാധാരണ പൗരന്മാർ എന്നിവർക്കായുള്ള ആദര ദിവസമാണ് അന്ന്.

ലോകത്ത് രേഖപ്പെടുത്തപ്പെട്ട ഏറ്റവും ആദ്യത്തെ പരിസ്ഥിതി രക്തസാക്ഷിത്വ വാർഷികം കൂടിയാണ് ഇത്. മരങ്ങളെ രക്ഷിക്കുന്നതിന് 1730 സെപ്റ്റംബർ 11-ന് രാജസ്ഥാനിലെ മാർവാഡിലെ ഖേജർലി ഗ്രാമത്തിൽ നടന്ന ഒരു കൂട്ടക്കൊലയുടെ ഓർമ്മ പുതുക്കൽ കൂടിയാണ് ഈ ദിവസം. അക്കാലത്ത് ജോധ്പൂർ രാജാവായ മഹാരാജാ അഭയ് സിങ് തന്റെ പുതിയ കൊട്ടാരത്തിന് തടി വേണമെന്ന് കൽപ്പിച്ച് ഖേജ്രി മരങ്ങൾ വെട്ടാൻ ഖേജർലി ഗ്രാമത്തിലേക്ക് ആളുകളെ അയച്ചു. പച്ചമരങ്ങൾ മുറിക്കരുതെന്നും ജീവികളെ ഉപദ്രവിക്കരുതെന്നുമുള്ള 29 നിയമങ്ങളിൽ ഉറച്ചു വിശ്വസിക്കുന്ന ബിഷ്‌നോയി സമൂഹം രാജാവിന്റെ നിർദേശം നിരാകരിച്ചു. ഗ്രാമവാസിയായ അമൃതദേവി ബിഷ്‌നോയി എന്ന സ്ത്രീ മരത്തിന് പകരം സ്വന്തം ശിരസ്സ് നൽകാമെന്ന് പറഞ്ഞ് മരങ്ങളെ ആലിംഗനം ചെയ്തുവെന്നാണ് ചരിത്രം. പ്രകോപിതരായ സൈനികർ അവരെയും കുടുംബത്തെയും ശിരഛേദം ചെയ്തു. അതറിഞ്ഞ് അയൽഗ്രാമങ്ങളിൽ നിന്നും ജനം ഒഴുകിയെത്തി. മരങ്ങളെ ആലിംഗനം ചെയ്ത് പ്രതിഷേധിച്ച 363 പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഈ സമരത്തിൽ കൊല്ലപ്പെട്ടു.. സംഭവമറിഞ്ഞ രാജാവ് ഉത്തരവ് പിൻവലിക്കുകയും മാപ്പുപറയുകയും ഖേജർലി പ്രദേശത്തും ബിഷ്‌നോയ് ഗ്രാമങ്ങളിലും മരംവെട്ടുന്നതും വന്യജീവികളെ കൊല്ലുന്നതും നിരോധിച്ച് ഉത്തരവിറക്കുകയും ചെയ്തു. കോടാലിക്കെതിരെ ശരീരം ചേർത്തു നിർത്തിയ ആ ചെറുത്തുനിൽപ്പ് പിന്നീട് ഒരു മാതൃകയായി. അതിന്റെ അനുരണങ്ങൾ പിന്നീട് കാണുന്നത് 1970 -കളിലാണ്. ചരിത്രകാരന്മാരും സംരക്ഷണപ്രവർ



ത്തകരും ഗ്രാമീണരും ഹിമാലയൻ ചിപ്കോ പ്രസ്ഥാനത്തിന്റെ ഭാഗമായി മരങ്ങളെ ആലിംഗനം ചെയ്യുന്ന കാഴ്ചകൾ ചരിത്രത്തിൽ കാണാം. 2013 ൽ കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം സെപ്റ്റംബർ 11 ദേശീയ വന രക്തസാക്ഷി ദിനമായി പ്രഖ്യാപിച്ചു.

## വനം സംരക്ഷണത്തിന് ജീവത്യാഗം ചെയ്തവർക്ക് ഒരു ദിനം

വന്യത എന്ന പദത്തിൽ തന്നെ ആവാസ വ്യവസ്ഥയുടെ കടിഞ്ഞാണില്ലാത്ത സ്വഭാവം ഉൾച്ചേരുന്നുണ്ട്. എല്ലായിടത്തും അപകടം പതുങ്ങിയിരിക്കുന്ന ഔദ്യോഗിക ആവശ്യമാണോ അല്ലയോ എന്നതല്ല ഒരു അപരിചിതന്റെ അന്യായപ്രവേശനമാണ് ഇവിടെ വിഷയം . തങ്ങളുടെ പ്രകൃതിയിലേക്ക്, കടന്നുവരുന്ന ഇരുകാലി അവരെ സംബന്ധിച്ചിടത്തോളം ഒരു കടന്നു കയറ്റക്കാരനാണ്. സ്വന്തം വളർത്തുനായയുടെ അടുത്ത നിമിഷപ്രകൃതത്തെക്കുറിച്ച് നിശ്ചയം പോരാത്ത നമുക്ക് വന്യതയിൽ വിവരിക്കുന്ന മൃഗങ്ങളുടെ പ്രകൃതമെങ്ങനെയാണ് അളക്കാൻ സാധിക്കുക

മൃഗങ്ങളെക്കാൾ അപകടകാരികളാകുന്നത് വനത്തിനുള്ളിലെ കൊള്ള സംഘങ്ങളാണ്. കഞ്ചാവിനും കൊമ്പിനും മാംസത്തിനും വേണ്ടി കാടുകയറുന്നവരുടെ പ്രകൃതവും ഇത്തരത്തിൽ വന്യമാണ്. ഏഴ് പേരാണ് കേരളത്തിലെ വന സംരക്ഷണ പ്രവർത്തനങ്ങളിൽ ജീവൻ സമർപ്പിച്ചിട്ടുള്ളത് എന്നാണ് കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. കോരിച്ചൊരിയുന്ന മഴയിൽ രക്തം കുടിക്കുന്ന അട്ടകൾ, വേനലിൽ ശരീരം മുഴുവൻ കടിച്ചു പൊട്ടിച്ച് തൊലികൾക്ക് താഴെ മുട്ടയിടുന്ന മ്ലാ വട്ടനുകൾ. കാട് സംരക്ഷണം കാവ്യാത്മകമല്ല. ഓരോ ദിവസവും കാട് കടം കൊടുക്കുന്ന ജീവനാണ് വന ഉദ്യോഗസ്ഥന്റേത്.

വേട്ട, അനധികൃത കഞ്ചാവ് കൃഷി, തടിവെട്ട്, കൈയേറ്റങ്ങൾ, വനവിഭവങ്ങളുടെ മോഷണം തുടങ്ങി കാടിന്റെ സുരക്ഷയെ ബാധിക്കുന്ന ഓരോ ഇടപെടലിനെയും ചെറുക്കേണ്ട ഉത്തരവാദിത്തം വനപാലകർക്കുണ്ട്. അതിനൊപ്പമാണ് വന്യജീവി സംഘർഷം ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളും. രാത്രി വൈകി താവളത്തിലെത്തിയാലും അടുത്ത നിമിഷം ഒരു സഹായവിളിയെത്താം; ഉടനെ അവിടേക്കുള്ള പാച്ചിലുകൾ. വനംകാവൽ ഒരു ജോലി എന്നതിനപ്പുറം ഒരു സമർപ്പണമാണ്.

മരങ്ങളെയും മൃഗങ്ങളെയും മാത്രമല്ല; ഭൂമിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും മനുഷ്യന്റെ തന്നെ ഭാവിയെയും സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ജീവൻ നഷ്ടപ്പെട്ടവർ ഈ സമർപ്പണത്തിന്റെ ഏറ്റവും വിലയേറിയ അടയാളങ്ങളാണ്. വനത്തിന്റെ സുരക്ഷയ്ക്കായി ജീവൻ നൽകിയ ഓരോ മനുഷ്യനും ഒരു ഓർമ്മ മാത്രമല്ല ഇന്നും കാടിന് വഴികാട്ടുന്ന ഒരു രക്തതാരകമാണ്. ■

Date of Publication: **01.09.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024




Printed and Published by Sabin Sameed IAS, Director, Information Public Relations Department on behalf of Government of Keralam and Printed at Orange Printers Pvt. Ltd., Thiruvananthapuram, Keralam. Published from Information Public Relations Department, Govt. of Keralam Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS